# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ



**ഫെബ്രുവരി 2 – ഉണ്ണീശോയുടെ കാഴ്ചവയ്പ്പുതിരുനാളും**
**പരി. മറിയത്തിന്റെ ശുദ്ധീകരണ തിരുനാളും**
**ഫെബ്രുവരി 10 – തിരുബാലസഖ്യദിനം**

Vol. LXIX February 2019 No. 2

# രാമപുരം പള്ളിയുടെ കൂദാശാകർമ്മം







വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെയും പാറേമാക്കൽ മാർ തോമാ ഗോവർണ്ണദോറിന്റെയും കബറുകളിൽ അഭിവന്ദ്യ പിതാക്കന്മാർ പ്രണാമമർപ്പിക്കുന്നു.



സീറോമലബാർ സഭയിലെ
പ്രഥമ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ
പള്ളിയായ കുറവിലങ്ങാട് മർത്ത് മറിയം
അക്കർദിയാക്കോൻ – ഫൊറോനാ
തീർത്ഥാടനദൈവാലയ വികാരി
വെരി റവ. ഫാ. ജോസഫ് തടത്തിലിന്
ആർച്ച് പ്രീസ്റ്റ് പദവി നൽകുന്നു.

# നവവൈദികർക്ക് പ്രാർത്ഥനാശംസകൾ



Fr. John Pakkarampel

Fr. Francis Mattel





Fr. George Ettackakunnel

Fr. Mathew Valayampallil





Fr. Joseph Kuruppasseriyil

Fr. John Koottarappallil





Fr. Sebastian Pendanath

Fr.. Sebastian Chamakalayil





Fr. Michael Thottumkal

Fr. Joseph Kaitholil





Fr. James Panachikalkarottu

Fr. George Pympillil







പാലാ കാരിത്താസ് വിദ്യാഭ്യാസ സഹായവിതരണം
ബിഷപ്സ് ഹൗസിൽ  മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിക്കുന്നു











മംഗളവാർത്താ പ്രോഗ്രാമിലൂടെ
പ്രാർത്ഥിച്ചൊരുങ്ങി കുഞ്ഞുങ്ങൾക്ക്
ജന്മം നൽകിയ കുടുംബങ്ങളുടെ സംഗമം



"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

**FEBRUARY 2019**
**Vol. LXIX No. 2**

# CONTENTS


ഇടയലേഖനം-59 .......................................................... 91

സർക്കുലർ .......................................................... 96

Decree from the Major Archbihsop .............. 101

കെ.സി.ബി.സി. സർക്കുലർ .......................................... 102

അറിയിപ്പുകൾ .......................................................... 110

Prayer Day List .......................................... 112

വാർത്തകൾ .......................................................... 113

ആദരാഞ്ജലികൾ .................................................. 151

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി.......................... 158

Bishops' Engagements .................................. 164

ഇടയലേഖനം - 59

# മൂന്നാമത്തെ കൂദാശ: മാർ നെസ്തോറിയസിന്റെ ക്രമം

മാർ ജോസഫ് കല്ലറങ്ങാട്ട്

**രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.**
**നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന്**

**കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

മിശിഹായിൽ സ്നേഹംനിറഞ്ഞ സഹോദരീ സഹോദരങ്ങളേ,

എല്ലാ ക്രൈസ്തവ ആരാധനാപാരമ്പര്യങ്ങളും പരിശുദ്ധ കുർബാനയിലെ അനാഫൊറ, കൂദാശ, കുർബാന, യൂക്കരിസ്റ്റിക് പ്രെയർ (കൃതജ്ഞതാ പ്രാർത്ഥന), കാനൻ എന്നീ പേരുകളിലൊക്കെ വിളിക്കപ്പെടുന്ന സമർപ്പണപരമായ മുഖ്യഭാഗത്തിന് സവിശേഷ പ്രാധാന്യം നൽകുന്നുണ്ട്. നമ്മുടെ പൗരസ്ത്യസുറിയാനി കുർബാനക്രമത്തിൽ മൂന്ന് കൂദാശകളാണ് ഉപയോഗിച്ചിരുന്നത്: ഒന്നാമത്തെ കൂദാശ (മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശ അഥവാ ശ്ലീഹന്മാരുടെ കുർബാന), രണ്ടാമത്തെ കൂദാശ (മാർ തെയദോറിന്റെ കൂദാശ), മൂന്നാമത്തെ കൂദാശ (മാർ നെസ്തോറിയസിന്റെ കൂദാശ). പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലെ ഏറ്റവും ദൈർഘ്യമേറിയതും വളരെ ആഘോഷപൂർവ്വകവുമായ മാർ നെസ്തോറിയസിന്റെ കൂദാശ ആരാധനക്രമവത്സരത്തിലെ ദനഹാ, വിശുദ്ധ യോഹന്നാൻ മാംദാനായുടെ വെള്ളിയാഴ്ച, ഗ്രീക്ക് മല്പാന്മാരുടെ ഓർമ, മൂന്നുനോമ്പിലെ ബുധനാഴ്ച, പെസഹാ വ്യാഴാഴ്ച എന്നീ ദിവസങ്ങളിലാണ് ഉപയോഗിച്ചി

രുന്നത്. മാർ തെയദോറിന്റെ കൂദാശയാകട്ടെ മംഗളവാർത്ത ക്കാലം ഒന്നാം ഞായർ മുതൽ ഓശാന ഞായർ ഉൾപ്പെടെ യുള്ള കാലങ്ങളിലാണ് ഉപയോഗിച്ചിരുന്നത്.

മാർത്തോമ്മാക്രിസ്ത്യാനികളുടെ കുർബാനക്രമത്തിൽ മാർ അദ്ദായിയുടെയും മാർ മാറിയുടെയും പേരിലുള്ള ഒന്നാ മത്തെ കൂദാശക്രമം മാത്രം മതിയെന്ന് നിശ്ചയിച്ച ഉദയംപേ രൂർ സൂനഹദോസ് (1599) മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും പേരിലറിയപ്പെടുന്ന കൂദാശകളുടെ ഉപയോഗം നിർത്തലാക്കി. സീറോ - മലബാർ കുർബാനയുടെ പുനരുദ്ധാരണവേളയിൽ മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശകൾ പുനരുദ്ധരിച്ചു ചേർക്ക ണമെന്ന് 1957 ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ നിർദ്ദേശിച്ചു. പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘം 1962, 1969, 1983 വർഷങ്ങളിൽ ഈ രണ്ട് കൂദാശകളും പുനരുദ്ധരിച്ച് ഉപ യോഗിച്ചു തുടങ്ങേണ്ടതിന്റെ ആവശ്യകത അനുസ്മരിപ്പിച്ചി രുന്നു. 1986 ൽ സീറോ-മലബാർ കുർബാനയുടെ പുനരുദ്ധരി ക്കപ്പെട്ട റാസക്രമവും 1989 ൽ ആഘോഷപൂർവ്വകമായ ക്രമവും സാധാരണക്രമവും നടപ്പിലാക്കിയതിനെത്തുടർന്ന് മാർ തെയ ദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശകൾ പുന രുദ്ധരിക്കുവാനുള്ള ശ്രമങ്ങൾ തുടങ്ങി. 2012-ൽ സീറോ-മല ബാർ സിനഡിന്റെയും പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിന്റെയും അംഗീകാരത്തോടെ മാർ തെയദോ റിന്റെ കൂദാശക്രമം 2013 ആഗസ്റ്റ് 15-ന് പ്രാബല്യത്തിൽവരുത്തി.

മാർ നെസ്തോറിയസിന്റെ കൂദാശയുടെ ടെക്സ്റ്റ് ലിറ്റർജിക്കൽ റിസേർച്ച് സെന്ററിന്റെയും സെൻട്രൽ ലിറ്റർജി ക്കൽ കമ്മിറ്റിയുടെയും സബ് കമ്മിറ്റികളുടെയും തലങ്ങളിൽ സുദീർഘമായ പഠനങ്ങൾ നടത്തിയശേഷം പുനരുദ്ധരിച്ചു. മൂലരൂപത്തോട് പരമാവധി വിശ്വസ്തത പുർത്തിക്കൊണ്ടു തന്നെ കാലോചിതമായ മാറ്റങ്ങൾ പ്രാർത്ഥനകളിൽ വരുത്തു കയും കൂദാശക്രമത്തിന്റെ ദൈർഘ്യം പരിഗണിച്ച് പ്രാർത്ഥന

കളുടെ ചില ഭാഗങ്ങൾ ഐച്ഛികമായി നൽകുകയും ചെയ്തിട്ടുണ്ട്. വിശ്വാസികൾക്ക് ആശയക്കുഴപ്പം ഉണ്ടാകാതിരിക്കേണ്ടതിനായി കൂദാശാഭാഗത്തിന്റെ (അനാഫൊറ- ഗ്ഹാന്തവൃത്തം) പൊതുഘടനയിൽപ്പെട്ട ചില ഘടകങ്ങളെ (പ്രാർത്ഥനാഭ്യർത്ഥനകൾ, ശുശ്രൂഷിയുടെ ആഹ്വാനങ്ങൾ, സമൂഹത്തിന്റെ പ്രത്യുത്തരങ്ങൾ) മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശയിലേതുപോലെതന്നെ നിലനിറുത്തിയിട്ടുണ്ട്.

മാർ നെസ്തോറിയസിന്റെ കൂദാശയുടെ പുനരുദ്ധരിച്ച ക്രമത്തിന് 2017 ജനുവരിയിലെ സിനഡ് (XXV സിനഡ്, സെഷൻ 1) അംഗീകാരം നല്കുകയും തുടർന്ന് പരിശുദ്ധസിംഹാസനത്തിന്റെ അംഗീകാരത്തിനായി റോമിലേക്ക് അയയ്ക്കുകയും ചെയ്തു. 2018 ജൂൺ 19-ാം തീയതി പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാര്യാലയം ഈ കൂദാശാക്രമം പരീക്ഷണാർഥം ഉപയോഗിക്കുവാനുള്ള അംഗീകാരം നല്കി. സീറോ-മലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ആഗസ്റ്റ് 4-ാം തീയതി നൽകിയ ഡിക്രിയിലൂടെ (Prot. No. 1384/2018) ഈ കൂദാശക്രമം പ്രസിദ്ധപ്പെടുത്താൻ അനുവാദം നൽകി. ഇതിന്റെ പ്രകാശനകർമ്മം 2019 ജനുവരി 7 മുതൽ 18 വരെ നടന്ന സീറോ- മലബാർ സഭയുടെ XXVII -ാമത് സൂനഹദോസിന്റെ പ്രാരംഭത്തിൽ നിർവ്വഹിക്കപ്പെട്ടു.

സഭയുടെ ദൈവാരാധനയാകുന്ന ആധ്യാത്മികസമ്പത്തിന്റെ നിക്ഷേപാലയമാണ് ഓരോ കൂദാശക്രമവും. അതുകൊണ്ടുതന്നെ നമ്മുടെ സഭയുടെ മൂന്ന് കൂദാശക്രമങ്ങളും ഉപയോഗിക്കുന്നത് ഏറെ അഭിലഷണീയമാണെന്ന് മാത്രമല്ല ആധ്യാത്മികവളർച്ചയ്ക്ക് ഉപകാരപ്രദവുമാണ്. രണ്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിലോ മൂന്നോ നൂറ്റാണ്ടിന്റെ ആരംഭത്തിലോ രൂപംകൊണ്ടതും ക്രൈസ്തവസഭയുടെ പ്രാരംഭകാല ചിന്താശൈലികൾ പിന്തുടരുന്നതുമായ മാർ അദ്ദായിയുടെയും മാർ

മാറിയുടെയും കൂദാശാക്രമം ക്രൈസ്തവ സഭകളിൽ ഏറ്റവും ശ്രദ്ധയർഹിക്കുന്നതും ഏറ്റവും പുരാതനവും വിശിഷ്ടവും അനന്യവുമായ കൂദാശയാണ്.

ആദിമ നൂറ്റാണ്ടുകളിൽ സഭകൾ തമ്മിലുള്ള ദൈവശാസ്ത്രപരവും ആരാധനക്രമപരവുമായ ബന്ധത്തിന്റെ വലിയ ഒരു സാധ്യതയാണ് മാർ നെസ്തോറിയസിന്റെ കൂദാശാക്രമം തുറന്നു കാണിക്കുന്നത്. ഗ്രീക്ക് അനാഫൊറകളും അന്ത്യോക്യൻ (പാശ്ചാത്യ - സുറിയാനി) അനാഫൊറകളുമായി സാമ്യമുള്ള മാർ നെസ്തോറിയസിന്റെ കൂദാശക്രമത്തിൽ പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ അധിഷ്ഠിതമായ ആരാധനക്രമ ശൈലികളും ദൈവശാസ്ത്ര ചിന്തകളും സുന്ദരമായി നിറഞ്ഞു നിൽക്കുന്നു. പൗരസ്ത്യസുറിയാനി ആരാധനക്രമദൈവശാസ്ത്രത്തിന്റെ വളർച്ചയുടെ ഉദാഹരണമായി മാർ നെസ്തോറിയസിന്റെ കൂദാശയെ മനസ്സിലാക്കാം. ഈ കൂദാശാക്രമത്തിൽ മിശിഹാ വിജ്ഞാനീയപരവും റൂഹാ വിജ്ഞാനീയപരവും സഭാവിജ്ഞാനീയപരവും കുർബാനവിജ്ഞാനീയപരവും യുഗാന്ത്യ വിജ്ഞാനീയപരവുമായ ധാരാളം അമൂല്യചിന്തകൾ ഒളിഞ്ഞുകിടക്കുന്നുണ്ട്. മൂന്നാമത്തെ കൂദാശാക്രമത്തിന് മറ്റു രണ്ടു കൂദാശാക്രമങ്ങളുടെയും ഘടനതന്നെയാണുള്ളത്. പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലെ ഒന്നാമത്തെയും രണ്ടാമത്തെയും കൂദാശകൾപോലെതന്നെ മാർ നെസ്തോറിയസിന്റെ കൂദാശയും വിശ്വാസസംബന്ധമായും ദൈവശാസ്ത്രപരമായും ഭദ്രമായതും വിശുദ്ധ ഗ്രന്ഥാടിസ്ഥാനമുള്ളതുമാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു.

ഭക്തിദ്യോതകവും ധ്യാനാത്മകവുമായ ലളിതവിവരണങ്ങളുള്ള ഈ കൂദാശയുടെ പ്രാർത്ഥനകൾ വിശ്വാസപ്രഘോഷണത്തിനും വിശ്വാസജീവിതത്തിനും വലിയ പ്രചോദനമായിത്തീരുമെന്നതിൽ സംശയമില്ല. ഈശോമിശിഹായുടെ പെസഹാരഹസ്യത്തിന്റെ ആഘോഷത്തെ കൂടുതൽ അർത്ഥ

പൂർണവും അനുഭവവേദ്യവുമാക്കുവാൻ മാർ നെസ്തോറിയസിന്റെ പേരിലുള്ള മൂന്നാമത്തെ കൂദാശാക്രമത്തിന് സാധിക്കും എന്നാണ് സഭ നിരീക്ഷിക്കുന്നത്. നമ്മുടെ രൂപതയിൽ നിശ്ചിതദിവസങ്ങളിലും മറ്റ് ഉചിതമായ അവസരങ്ങളിലും മാർ നെസ്തോറിയസിന്റെ കൂദാശാക്രമം പരിശുദ്ധ കുർബാന അർപ്പണത്തിൽ ഉപയോഗിക്കണമെന്ന് താല്പര്യപ്പെടുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 29. 1. 2019

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

NB: ഈ ഇടയലേഖനം ഫെബ്രുവരി 3-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും ഞായറാഴ്ചകളിൽ വിശുദ്ധ കുർബാനയുള്ള എല്ലാ മഠങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

Prot. No. 0127/2019

**സർക്കുലർ**

സീറോ-മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

**കർദിനാൾ ജോർജ് ആലഞ്ചേരി**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭയുടെ 27-ാമത് സിനഡ് ജനുവരി 7-മുതൽ 18 വരെയുള്ള തീയതികളിൽ സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ നടന്നവിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. സിനഡിന്റെ വിജയത്തിനായി ഏറെ പരിത്യാഗങ്ങൾ അനുഷ്ഠിച്ച് പ്രാർത്ഥിച്ച എല്ലാവിശ്വാസികളെയും ഞാൻ നന്ദിയോടെ ഓർത്ത് ദൈവതിരുമുമ്പിൽ സമർപ്പിക്കുന്നു. സിനഡിൽ പങ്കെടുത്ത അമ്പത്തിയഞ്ച് പിതാക്കന്മാരും പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനും ജ്ഞാനത്തിനുമായി സിനഡിനിടയിൽ ഉപവസിച്ചു പ്രാർത്ഥിച്ചു. സഭാകാര്യാലയമായ മൗണ്ട് സെന്റ്തോമസിലെ നിത്യാരാധനയിൽ ഈ ദിവസങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം സിനഡിന്റെ വിജയത്തിനായി മദ്ധ്യസ്ഥപ്രാർത്ഥന നടത്തിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

നമ്മുടെ സഭയെ സംബന്ധിക്കുന്ന ഒട്ടേറെ മേഖലകളിൽ ക്രിയാത്മകമായ തീരുമാനങ്ങളും നടപടികളും ഈ സിനഡിലെ കൂട്ടായ ചർച്ചകളിലൂടെ രൂപപ്പെട്ടിട്ടുണ്ട്. മാറുന്ന കാലഘട്ടത്തിലെ സെമിനാരിപരിശീലനം, നമ്മുടെ കുർബാനക്രമം, അൽമായ പങ്കാളിത്തം, പ്രേഷിതാഭിമുഖ്യം, കാർഷികമേഖല, യുവജനങ്ങൾ, തുടങ്ങിയ മേഖലകളിൽ ആഴമേറിയ ചർച്ചകളും വിചിന്തനങ്ങളും സിനഡിൽ നടക്കുകയുണ്ടായി. ഇവയെ സംബന്ധിച്ചെടുത്ത കൂട്ടായ തീരുമാനങ്ങളുടെ വിശദാംശങ്ങൾ നിങ്ങളെ ക്രമേണ അറിയിക്കുന്നതാണ്. സിനഡിന്റെ ചില സുപ്രധാന തീരുമാനങ്ങൾ നിങ്ങളെ അറിയിക്കണമെന്ന് സിനഡുപിതാക്കന്മാർ ഏകമനസ്സോടെ

അഭ്യർത്ഥിച്ചതിനാലാണ് ഈ സർക്കുലർ ഞാൻ നിങ്ങൾക്ക് എഴുതുന്നത്.

എറണാകുളം - അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കുവാനും പരിഹരിക്കുവാനും പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നിയോഗിച്ച അപ്പസ്തോലിക അഡ്മിനിസ്ട്രേറ്റർ ആയ അഭിവന്ദ്യ മാർജേക്കബ് മനത്തോടത്ത് പിതാവ് പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നിലപാടുകൾക്കും നടപടികൾക്കും സിനഡ് പൂർണപിന്തുണ അറിയിച്ചു. എറണാകുളം - അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് അതിരൂപതയിലെ മെത്രാന്മാരായ ഞങ്ങൾ നാലുപേരും ഈ ദിവസങ്ങളിൽ ഒരുമിച്ചിരുന്ന് വിശദമായ ചർച്ച നടത്തുകയും പ്രശ്നപരിഹാരത്തിനുള്ള മാർഗങ്ങൾ പ്രാർത്ഥനാപൂർവം തേടുകയും ചെയ്തു. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ നിയമിച്ച വിദഗ്ധസമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നതോടെ വസ്തുതകളുടെ നിജസ്ഥിതി വ്യക്തമാകും. പ്രസ്തുത റിപ്പോർട്ട് റോമിലെ പൗരസ്ത്യ സഭകൾക്കുള്ള കാര്യാലയത്തിലാണ് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സമർപ്പിക്കേണ്ടത്. അവിടെ നിന്ന് ലഭിക്കുന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ പ്രശ്നങ്ങളും പൂർണമായും പരിഹരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട പരസ്യപ്രസ്താവനകളിൽനിന്ന് എല്ലാവരും വിട്ടുനില്ക്കണമെന്നും സാമൂഹ്യസമ്പർക്ക മാധ്യമങ്ങളിലൂടെ ദുഷ്പ്രചരണങ്ങൾ നടത്തുന്നവർക്കെതിരേ ജാഗ്രത പാലിക്കണമെന്നും സിനഡ് നിർദ്ദേശിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് സീറോ-മലബാർസഭയിലുള്ള ശ്രേഷ്ഠമായ പദവി സിനഡ് പ്രത്യേകം അനുസ്മരിച്ചു. അതിരൂപതയുടെ കൂട്ടായ്മയ്ക്കും പദവിക്കും ഹാനികരമായ തീരുമാനങ്ങൾ സിനഡിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന രീതിയിലുള്ള വാർത്തകൾ ദുരുദ്ദേശ്യപരവും അടിസ്ഥാനരഹിതവുമാണെന്ന് സിനഡ് അറിയിക്കുന്നു.

സഭയിലെ ബഹുഭൂരിപക്ഷം വൈദികരും സന്യസ്തരും തികഞ്ഞ അച്ചടക്കത്തോടെ വ്രതങ്ങൾ പാലിച്ച് ജീവിക്കുന്നുവെന്നതാണ് സഭയുടെ കരുത്ത്. എന്നാൽ, സമകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ട് സഭയിലുണ്ടായ ചില അച്ചടക്ക

രാഹിത്യങ്ങൾ പരിഹരിക്കണമെന്ന് സിനഡ് വിലയിരുത്തി. ഇതിനായി സിനഡ് വ്യക്തമായ മാർഗരേഖ രൂപപ്പെടുത്തിയിട്ടുണ്ട്. വി.പൗലോസ് അപ്പസ്തോലൻ സൂചിപ്പിക്കുന്ന അരാജകത്വത്തിന്റെ അരൂപി (2 തെസ 2:7) നമ്മുടെ സഭയിൽ വളരാതിരിക്കുവാൻ സഭയൊന്നാകെ പരിശ്രമിക്കേണ്ടതുണ്ട്. സമീപകാലത്ത് ഏതാനും ചില വൈദികരും സന്യസ്തരും ഉൾപ്പെട്ട പരസ്യപ്രതിഷേധങ്ങളും സമരങ്ങളും അച്ചടക്കത്തിന്റെ സകലസീമകളും ലംഘിച്ചതായി സിനഡ് വിലയിരുത്തി. ചില വൈദികരും സന്യസ്തരുമെങ്കിലും സഭാവിരുദ്ധ ഗ്രൂപ്പുകളുടെ കൈകളിലെ പാവകളായോ സജീവ സഹകാരികളായോ മാറുന്നതായും സിനഡ് സംശയം രേഖപ്പെടുത്തി. സഭയിലെ അച്ചടക്കം പുനഃസ്ഥാപിക്കാൻ സിനഡ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സഭയിൽ ഗുരുതരമായ അച്ചടക്കലംഘനം നടത്തുന്ന വ്യക്തികൾക്ക് കാരണംകാണിക്കൽ നോട്ടീസ് നല്കണമെന്നും വിശദീകരണം തൃപ്തികരമല്ലെങ്കിൽ മാതൃകാപരമായ ശിക്ഷണനടപടി നിയമാനുസൃതം സ്വീകരിക്കണമെന്നും സിനഡ് ബന്ധപ്പെട്ട രൂപതാധ്യക്ഷൻമാർക്കും സന്യാസസമൂഹാധികാരികൾക്കും നിർദ്ദേശം നല്കി. അച്ചടക്കനടപടികളെ സഭാവിരുദ്ധഗ്രൂപ്പുകളുടെയും മാധ്യമങ്ങളുടെയും പിന്തുണയോടെ പ്രതിരോധിക്കാനുള്ള സമീപകാല പ്രവണത അംഗീകരിക്കാനാവില്ല.

2. സഭയെയും സഭാദ്ധ്യക്ഷന്മാരെയും വൈദിക-സമർപ്പിത ജീവിതത്തെയും കൂദാശകളെയും അധിക്ഷേപിക്കുകയെന്ന ലക്ഷ്യത്തോടെ അനുദിനമെന്നോണം വ്യാജ വാർത്തകൾ ചമയ്ക്കുന്ന ഓൺലൈൻ പത്രങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങൾക്കെതിരെയും സഭാവിരുദ്ധമായ ചില നാമമാത്ര സംഘടനകൾക്കെതിരെയും ശക്തമായ നിയമനടപടി സ്വീകരിക്കുവാൻ സിനഡ് തീരുമാനിച്ചിട്ടുണ്ട്. സഭ നിയോഗിക്കുന്ന ഔദ്യോഗിക വക്താക്കളോ മീഡിയ കമ്മീഷനോ വഴിയല്ലാതെവരുന്ന സഭാസംബന്ധമായ വാർത്തകൾ സഭയുടെ ഔദ്യോഗിക നിലപാടുകളാണെന്ന് ആരും തെറ്റിദ്ധരിക്കരുത്.

3. ചാനൽ ചർച്ചകളിലും അഭിമുഖങ്ങളിലും വൈദികരും സന്യസ്തരും രൂപതാധ്യക്ഷന്റെയോ മേജർ സുപ്പീരിയറുടെയോ

അനുമതിയോടെ മാത്രമേ ഇനിമേൽ പങ്കെടുക്കാൻ പാടുള്ളൂ. സഭയുടെയും സഭാതലവന്റെയും പേരിൽ സംസാരിക്കാനും മാധ്യമങ്ങളിൽ അവരുടെ ഔദ്യോഗികവക്താക്കളാകാനും സഭാകേന്ദ്രത്തിൽനിന്ന് നിയോഗിക്കുന്നവരല്ലാതെ മറ്റാരെയും ചുമതലപ്പെടുത്തിയിട്ടില്ല എന്നവിവരം ഇത്തരുണത്തിൽ നിങ്ങളെ അറിയിക്കട്ടെ. ചാനൽ ചർച്ചകളിൽ സ്വന്തം നിലയിൽ പങ്കെടുക്കുന്ന വ്യക്തികളെ സഭയുടെ പ്രതിനിധികളായി തെറ്റിദ്ധരിപ്പിക്കുംവിധം വിശേഷിപ്പിക്കുന്ന പ്രവണത പ്രതിഷേധാർഹമാണ്. മാധ്യമസംബന്ധമായ കാര്യങ്ങൾ ഏകീകരിച്ച് നടപ്പിലാക്കാൻ സിനഡ് ഒരു മീഡിയ കമ്മീഷനെയും നിയമിച്ചിട്ടുണ്ട്.

4. പൊതുസമരങ്ങൾക്കും വ്യവഹാരങ്ങൾക്കും ഇറങ്ങിപ്പുറപ്പെടുന്ന വൈദികരും സന്യസ്തരും ഇവയെ സംബന്ധിച്ചുള്ള കാനോനിക നിയമങ്ങൾ പാലിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ വരുത്തുന്ന വീഴ്ച അച്ചടക്കലംഘനമായി പരിഗണിക്കപ്പെടും. വൈദികരായോ സന്യസ്തരായോ തുടരുന്ന കാലത്തോളം അവർ സഭയുടെ കാനോനിക നിയമങ്ങളും അച്ചടക്കവും നിർബന്ധമായും പാലിക്കേണ്ടതാണ്.

5. സഭയിലെ ഏതെങ്കിലും ആശയത്തിന്റെ പേരിലോ വ്യക്തിയുടെ പേരിലോ വിഭാഗീയത സൃഷ്ടിക്കുകയും ചേരിതിരിഞ്ഞ് ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്യുന്ന പ്രവണത മിശിഹായുടെ ശരീരമായ സഭയെ മുറിപ്പെടുത്തുന്നതാണ്. ഇത്തരം പ്രവണതകളെ ഗുരുതരമായ അച്ചടക്കലംഘനമായി കരുതി കർശനനടപടികൾ സ്വീകരിക്കാനും സിനഡ് തീരുമാനിച്ചു.

6. സഭാതനയർ കാലാകാലങ്ങളിൽ അദ്ധ്വാനിച്ചുണ്ടാക്കിയ സഭയുടെ വസ്തുവകകളും സ്ഥാപനങ്ങളും സർക്കാരിനെ ഏല്പിക്കണമെന്നു വാദിക്കുന്ന സംഘടനകളെയും സഭയിലെ സുതാര്യതയ്ക്കുവേണ്ടി എന്ന വ്യാജേന സഭാവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകളെയും സിനഡ് പൂർണമായും തള്ളിക്കളയുന്നു. ഇവരുടെ പ്രവർത്തനങ്ങൾ സഭയിൽ വിഭാഗീയത വളർത്തുന്നതും സഭാഗാത്രത്തിൽ ആഴമായ മുറിവേല്പിക്കുന്നതുമായതിനാൽ ഇത്തരം

സംഘടനകളുമായി സഭാവിശ്വാസികൾ യാതൊരുവിധത്തിലും സഹകരിക്കരുതെന്നും സിനഡ് ആഹ്വാനം ചെയ്യുന്നു. വ്യക്തിപരമായ കാരണങ്ങളാലോ തെറ്റിദ്ധരിപ്പിക്കപ്പെട്ടോ ചുരുക്കം ചിലവ്യക്തികൾ സ്വന്തം നിലയിൽ രൂപീകരിക്കുന്ന സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും സഭയുടെ ഔദ്യോഗിക സംഘടനയും പ്രസ്ഥാനവുമാണെന്നു തോന്നിപ്പിക്കുന്ന പേരുകൾ നല്കി പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് സഭാവിരുദ്ധ പ്രവർത്തനം നടത്തുന്ന വ്യക്തികളെ സഭാമക്കൾ തിരിച്ചറിയുകയും അവരുടെ പ്രവർത്തനങ്ങൾക്കെതിരേ ജാഗ്രത പുലർത്തുകയും വേണം.

തിരുസ്സഭ ഈശോമിശിഹായുടെ ശരീരമാകയാൽ സഭയുടെ കൂട്ടായ്മയ്ക്കുവേണ്ടി പരിശ്രമിക്കാൻ നമുക്കെല്ലാവർക്കും കടമയുണ്ടെന്ന് ഓർമിക്കണം. സഭയിലെ ഐക്യത്തിനായി നിങ്ങൾ എല്ലാവരും തുടർന്നും പ്രാർത്ഥിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. സഭയുടെ കെട്ടുറപ്പിന് അത്യന്താപേക്ഷിതമായ അച്ചടക്കം നിലനിറുത്താൻ സിനഡ് കൈക്കൊണ്ട ഈ തീരുമാനങ്ങൾ എല്ലാ സഭാവിശ്വാസികളും തുറന്ന മനസ്സോടെ സ്വീകരിച്ച് നടപ്പിലാക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. കൂട്ടായ്മയുടെ അരൂപിയായ പരിശുദ്ധാത്മാവ് നമ്മെ നേർവഴിക്ക് നയിക്കട്ടെ. തിരുസഭയുടെ അമ്മയായ പരിശുദ്ധ കന്യാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാദ്ധ്യസ്ഥ്യം നമ്മെ സഹായിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Georgealencherry

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ-മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019-ാമാണ്ട് ജനുവരി മാസം 18 -ാം തീയതി നൽകപ്പെട്ടത്.

---

NB:ഈ സർക്കുലർ 2019 ജനുവരി 20-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കാൻ നൽകിയിരുന്നതാണ്.

**George Cardinal Alencherry**
Major Archbishop
Syro-Malabar Church

Prot. No. 0214/2019

**To,**
**Rev. Fr Joseph Thadathil**
**Vicar, *Marth Mariam* Forane Church,**
**Kuravilangadu- 686 633**

**DECREE**

In conformity with the decision of the XXVII Synod (2019) of the Syro-Malabar Church, Session 1, held from 07 to 18 January 2019, to confer the title of ***ARCHPRIEST*** to the Vicar of every Major Archiepiscopal Pilgrim Centre, I, the undersigned George Cardinal Alencherry, Major Archbishop of the Syro-Malabar Church, decree that the title of ***ARCHPRIEST*** be conferred on **Rev. Fr. Joseph Thadathil**, during the period he holds the office of the Vicar of *Marth Mariam* Archdeacon Forane Church, Kuravilangadu, of the Eparchy of Palai, with effect from 27 January 2019.

Given this from the Major Archiepiscopal Curia at Mount St. Thomas, Kakkanad on 26 January 2019.

George Cardinal Alencherry
Major Archbishop of the Syro-Malabar Church

Fr. Antony Kollannur
Major Archiepiscopal Chancellor

The Syro-Malabar Major Archiepiscopal Curia

Copy to: His Excellency, Mar Joseph Kallarangatt, Bishop of Palai.

The Syro-Malabar Major Archiepiscopal Curia
Mount St. Thomas, P.B.No. 3110, P.O. Kakkanad, Kochi – 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727. E-mail: majorarchbishop@gmail.com, Website:www.syromalabarchurch.in

Ref: 3169/K-5/KCBC/OL/DS 17.1.2019

# മദ്യവിരുദ്ധ ഞായർ, 2019 മാർച്ച് 10

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി

## കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

2019 മാർച്ച് മാസം 10-ാം തീയതി മദ്യവിരുദ്ധ ഞായറായി കേരള കത്തോലിക്കാ സഭ ആചരിക്കുകയാണല്ലോ. വലിയ നോമ്പിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായറായി ആചരിച്ചുവരുന്നത്. പ്രാർത്ഥനയ്ക്കും പരിത്യാഗപ്രവൃത്തികൾക്കും ജീവിത നവീകരണത്തിനുമായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന വലിയ നോമ്പുകാലത്ത് മദ്യവിരുദ്ധ ഞായർ ആചരിക്കുന്നത് വളരെ പ്രസക്തമാണ്. തഴക്കദോഷങ്ങളിലും ദുഃശീലങ്ങളിലും തിന്മയുടെ സാഹചര്യങ്ങളിലും നിന്ന് വഴി മാറി നടക്കുവാൻ നോമ്പുകാലം ഓരോ വിശ്വാസിയെയും പ്രത്യേകമായി ഈ കാലഘട്ടത്തിൽ ഓർമ്മിപ്പിക്കുന്നു. അതിനാൽത്തന്നെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പുകയിലയുടെയും മറ്റ് ലഹരിവസ്തുക്കളുടെയും ഉപയോഗത്തിൽനിന്ന് പൂർണമായും പിന്തിരിയുവാൻ തീരുമാനം എടുക്കാനുള്ള ഉചിതമായ കാലവുമാണിത്. കുടുംബത്തെയും സമൂഹത്തെയും വികലമാക്കുന്ന മദ്യത്തിനും ഇതര ലഹരികൾക്കുമെതിരേ ശക്തമായ ആത്മീയ പോരാട്ടവും ഭൗതികമായ ജാഗ്രതയും ഈ നോമ്പുകാലത്തിന്റെ ഭാഗമാകണം.

ആധുനിക തലമുറയെ കടന്നാക്രമിക്കുന്ന, അവരുടെ യുവത്വത്തിന്റെ ചൈതന്യത്തെ തകർത്തുകളയുന്ന ലഹരിവസ്തുക്കൾ പൂർണമായും ഉപേക്ഷിക്കാനും ലഹരിക്കെതിരേ

ശക്തമായ പോരാട്ടം നടത്തുവാനും അതുവഴി ലഹരിവിരുദ്ധ സമൂഹത്തിന് രൂപം നല്കാനുമുള്ള സന്ദേശമാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിലൂടെ കേരള കത്തോലിക്കാ സഭ ലക്ഷ്യംവയ്ക്കുന്നത്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മറ്റു ലഹരിവസ്തുക്കളുടെയും ഉപയോഗം ഭീതിജനകമാംവിധം വർദ്ധിച്ചുവരുന്ന സാഹചര്യമാണുള്ളത്. ലഹരിവസ്തുക്കളുടെ അനിയന്ത്രിത ഉപയോഗം കുടുംബബന്ധങ്ങളെ തകർക്കുന്ന അനുഭവം സാധാരണമായിക്കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ, മദ്യത്തിന്റെയും മറ്റു ലഹരി വസ്തുക്കളുടെയും ലഭ്യതയും ഉപയോഗവും കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സഭ ഏറ്റെടുക്കുന്നത് സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായാണ്. ലഹരിവിരുദ്ധ സമൂഹ രൂപീകരണത്തിലൂടെ സാമൂഹ്യനന്മ സംജാതമാകണമെന്നതാണ് കേരള കത്തോലിക്കാസഭയുടെ ആഗ്രഹം.

വിദ്യാഭ്യാസത്തിലും സംസ്ക്കാരത്തിലും സാമ്പത്തിക നിലവാരത്തിലും ആരോഗ്യപരിപാലന രംഗത്തും അദ്വിതീയമായ നേട്ടങ്ങൾ കൈവരിച്ച കേരള സമൂഹം, ലോകജനതയുടെ പ്രശംസ പിടിച്ചുപറ്റിയിട്ടുള്ളതാണ്. എന്നാൽ, മദ്യത്തോടും പുകയിലയോടും ലഹരിവസ്തുക്കളോടുമുള്ള വർദ്ധിച്ചുവരുന്ന ആസക്തി, അതിന്റെ പരിണിത ഫലമായുണ്ടായ അനാരോഗ്യ സാഹചര്യങ്ങൾ, ധാർമ്മികാധഃപതനത്തെ എടുത്തുകാണിക്കുന്ന ദൗർഭാഗ്യകരമായ സംഭവങ്ങൾ, സാമ്പത്തികതകർച്ച നേരിടുന്ന കുടുംബങ്ങൾ എന്നിവ കേരള തനിമയുടെയും ആത്മീയതയുടെയും നിറം കെടുത്തുകയും കേരളത്തിന്റെ ആദർശശുദ്ധിയും ക്രിയാത്മക ശക്തിയും ഇല്ലാതാക്കുകയും ചെയ്യുന്നുണ്ട്.

മദ്യത്തിന്റെ അനിയന്ത്രിതമായ ഉപയോഗം ഒരു വ്യക്തിയുടെ ശാരീരികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു.

മദ്യം മനുഷ്യനെ ഉണർവുള്ളവനാക്കുമെന്നും അവന്റെ പ്രതീക്ഷകളെ അത് ഉണർത്തുമെന്നും ഭീരുവിനെ അത് ധൈര്യപ്പെടുത്തുമെന്നും മൂകപ്രകൃതിയെ വാചാലമാക്കുമെന്നും ന്യായീകരണം പറയുന്ന മദ്യത്തിന്റെ ഉപഭോക്താക്കൾ അതിലടങ്ങിയിരിക്കുന്ന മരണകരമായ അപകടത്തെ ബോധപൂർവം വിസ്മരിക്കുകയാണ്. മദ്യത്തിന്റെ അമിതോപയോഗത്തിലൂടെ ഒരു വ്യക്തിയുടെ രക്തത്തിൽ കലരുന്ന മദ്യം അവന്റെ ആന്തരിക അവയവങ്ങളെ നശിപ്പിക്കുകയും ക്രമേണ ജീവനെത്തന്നെ ഇല്ലാതാക്കുകയും ചെയ്യുന്നു. ഇത് തലച്ചോറിനെയും നാഡീവ്യൂഹത്തെയും മന്ദിപ്പിച്ച് മ്ലാനീഭവിപ്പിക്കുകയും സുബോധവും സൂക്ഷ്മവിവേചനവും ഇല്ലാതാക്കുകയും ചെയ്യുന്നു. മനുഷ്യശരീരത്തിലെ ജീവകങ്ങളെ നശിപ്പിക്കുകയും വൃക്കകളെ തകർക്കുകയും ഞരമ്പുകൾക്ക് കേടുവരുത്തുകയും ചെയ്യുന്ന ലഹരി പലപ്പോഴും മാരകമാകുന്നുണ്ട്.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ഒരു വ്യക്തിയെ ദൈവത്തിൽ നിന്ന് അകറ്റുന്നതാണ്. ദൈവം വേണ്ട, ആത്മീയത വേണ്ട എന്ന് ചിന്തിക്കുന്ന സമകാലീക ജ്ഞാനവാദത്തിന്റെ മറ്റൊരു അവസ്ഥയിലേക്ക് ഇവ മനുഷ്യനെ കൊണ്ടുചെന്നെത്തിക്കും. സ്വഭാവത്താലേ ദൈവോന്മുഖനും ആത്മീയനുമായ മനുഷ്യൻ സ്രഷ്ടാവായ ദൈവത്തിൽനിന്ന് അകലാൻ മദ്യപാനം കാരണമാകുന്നു. ലഹരിവസ്തുക്കളെ ആസക്തിയോടെ സ്വീകരിക്കുന്നവരിൽ ദൈവചൈതന്യത്തെ സ്വീകരിക്കാനുള്ള വിമുഖത പ്രകടമാകുന്നു. ശാരീരികമായ താത്കാലിക സന്തോഷത്തിനുവേണ്ടി ലഹരിയുടെ പിറകേ പോകുന്ന യുവജനത തങ്ങളെത്തന്നെ മരണസംസ്ക്കാരത്തിലേക്ക് നയിക്കുകയാണ്. ഇക്കാരണത്താലാണ് ഈശോ ഇപ്രകാരം മുന്നറിയിപ്പ് നല്കുന്നത്: “സുഖലോലുപത, മദ്യാസക്തി, ജീവിത വ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ്സ് ദുർബലമാവുകയും, ആ ദിവസം ഒരു കെണി

പാലെ പെട്ടന്നു നിങ്ങളുടെമേൽ വന്നു വീഴുകയും ചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കുവിൻ" (ലൂക്കാ 21:34). ഈ മുന്നറിയിപ്പ് നമുക്ക് ഗൗരവമായെടുക്കാം.

"മദ്യം മനുഷ്യനെ മനുഷ്യനല്ലാതാക്കുന്നു. അവനെ അശക്തനാക്കുന്നു. സ്വയം നശിപ്പിക്കുന്നു, ബന്ധുക്കളെ നശിപ്പിക്കുന്നു. മര്യാദയും ഔചിത്യവും നഷ്ടപ്പെടുത്തുന്നു". മദ്യപാനമെന്ന വിപത്തിനെക്കുറിച്ചുള്ള മഹാത്മാഗാന്ധിയുടെ ഈ വാക്കുകൾ ഇവിടെ പ്രസക്തമാണ്. മനുഷ്യനിലെ മനുഷ്യത്വത്തെ നഷ്ടപ്പെടുത്തിക്കൊണ്ട് അവനെ വെറും മൃഗതുല്യനാക്കുന്ന ലഹരിയുടെ അടിമത്ത്വത്തിൽ നിന്ന് മനുഷ്യൻ വിമോചിതനാകേണ്ടതുണ്ട്. മുതിർന്ന തലമുറയോടും യുവതലമുറയോടുമൊപ്പം തന്നെ ബാല്യകൗമാരങ്ങളും മദ്യത്തിലേക്ക് തിരിയുന്ന അപകടകരമായ സാഹചര്യം നിലനിൽക്കുന്നുവെന്ന യാഥാർത്ഥ്യബോധത്തോടെ ഈ വലിയ വിപത്തിൽ നിന്ന് കേരളസമൂഹത്തെ രക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാവർക്കും കടമയുണ്ട്. ജനാധിപത്യ സംവിധാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സർക്കാരിന് ഈ തലത്തിലുള്ള ഉത്തരവാദിത്തം വളരെ വലുതാണ്. സമൂഹത്തിന്റെ, പ്രത്യേകിച്ച് കുടുംബങ്ങളുടെയും, സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സുസ്ഥിതി ഉറപ്പുവരുത്തുവാൻ സർക്കാരിന് കടമയുണ്ട്. അതിനായി, സർക്കാർ മദ്യനിരോധനം നടപ്പിലാക്കുകയും മദ്യവിരുദ്ധ ബോധവത്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതു മാത്രമാണ് പ്രതിവിധി.

മദ്യം ഉപയോഗിക്കുന്നതിൽനിന്ന് പൗരാണിക കാലം മുതൽ വിലക്ക് നിലനിന്നിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ബൈബിളിൽ കാണുന്ന മദ്യത്തിനെതിരേയുള്ള വിലക്കുകൾ മദ്യവിരുദ്ധ സംസ്കാരത്തിന്റെ ശക്തമായ പ്രതിഫലനങ്ങളാണ്. മദ്യമെന്ന ദൂഷ്യത്തിനടിമപ്പെടുന്ന ഏവനും തന്റെയും മറ്റുള്ളവരുടെയും ജീവിതത്തിന്റെ ക്രമം തെറ്റിക്കു

കയും സ്വയം അധഃപതിക്കുകയും ചെയ്യുന്നു. മദ്യപൻ വിചിത്ര കാഴ്ചകൾ കാണുകയും വികടത്തം ജല്പിക്കുകയും ചെയ്യും (സുഭാ 23:33). മദ്യപിക്കുമ്പോൾ അവൻ കല്പനകൾ മറക്കുകയും കഷ്ടപ്പെടുന്നവരുടെ അവകാശങ്ങൾ അവഗണിക്കുകയും ചെയ്യും (സുഭാ 31:5). മദ്യം ദുരിതവും ദു:ഖവും കലഹങ്ങളും അകാരണമായ മുറിവുകളും ഉണ്ടാക്കുന്നു (സുഭാ 23:29). ആകർഷണീയങ്ങളായ മദ്യഷാപ്പുകളും മദ്യാസക്തിയും ദുർബലചിത്തനായ മനുഷ്യനെ മദ്യപാനമെന്ന ദൗർബല്യത്തിലേക്ക് എത്താൻ പ്രേരിപ്പിക്കുന്നതിനാൽ, മദ്യ നിരോധനവും മദ്യനിയന്ത്രണ സംവിധാനങ്ങളും മനുഷ്യനന്മയെക്കരുതി രൂപപ്പെടുത്തണം. കൂട്ടുകാരുടെ പ്രേരണയിൽ മദ്യത്തിലേക്കും ലഹരിപദാർത്ഥങ്ങളിലേക്കും തിരിയുന്ന കുട്ടികളെ മാതാപിതാക്കളും അധ്യാപകരും അധികാരികളും ജാഗ്രതയോടെ പിന്തുടരണം. ലഹരിയുടെ പ്രലോഭനം ഒഴിയാബാധപോലെ പിൻതുടരുമ്പോൾ കൗൺസിലിംഗിലൂടെയും ചികിത്സകളിലൂടെയും ശരിയായ ബോധവത്കരണത്തിലൂടെയും ഭാവിയുടെ വാഗ്ദാനങ്ങളായ കുട്ടികളെ ഈ വിപത്തിൽനിന്ന് രക്ഷിക്കുവാനുള്ള നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

നിർഭാഗ്യവശാൽ, മദ്യലഭ്യത കുറച്ചുകൊണ്ടുവരുന്ന നിലപാടുകളല്ല സംസ്ഥാന സർക്കാർ തുടർന്നുപോരുന്നത്. കേരളത്തിൽ മദ്യം ഗുരുതരമായ ആരോഗ്യ സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്നും ആയതിനാൽ മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും കുറച്ചുകൊണ്ടുവരാനുള്ള നയത്തിനായിരിക്കും സർക്കാർ മുൻഗണന നല്കുകയെന്നും മദ്യവർജ്ജനം പൊതുനയമായി സ്വീകരിക്കുമെന്നും മദ്യവർജ്ജന സന്ദേശം എല്ലാവരിലും എത്തിക്കുന്നതിന് കൂടുതൽ ശക്തമായ ഇടപെടലുകൾ സ്വീകരിക്കുമെന്നും അതിനായി സാക്ഷരതാ പ്രസ്ഥാനത്തിന്റെ മാതൃകയിൽ വിപുലമായ ജനകീയ ബോധവത്കരണത്തിന് സമിതികൾ രൂപീകരിക്കുമെന്നും മദ്യവിരുദ്ധ സമി

തികളോട് ചേർന്നുനിന്ന് സർക്കാർ പ്രവർത്തിക്കുമെന്നും ഈ സർക്കാരിന്റെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ എടുത്തു പറഞ്ഞിരുന്നത് നടപ്പിലാക്കുവാൻ സർക്കാർ ആത്മാർത്ഥത കാണിക്കണം. മദ്യവർജ്ജനമാണ് സർക്കാർ നയമെന്ന് ആവർത്തിക്കുമ്പോഴും മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാൻ യാതൊരു നടപടിയും സ്വീകരിക്കാത്തത് മദ്യവർജ്ജന നയത്തെത്തന്നെ നിർവീര്യമാക്കുന്നു. പതിനായിരത്തിന് മുകളിൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളതായി കണക്കാക്കി മദ്യശാലകൾ തുടങ്ങുവാൻ അനുമതി നല്കിയത് പ്രകടന പത്രികയ്ക്ക് തന്നെ എതിരായ കാര്യമാണ്. പ്രതിവർഷം 10% ബെവ്കോ-കൺസ്യൂമർഫെഡ് ഔട്ട്ലറ്റുകൾ അടച്ചുപൂട്ടാനുള്ള തീരുമാനം അട്ടിമറിക്കപ്പെട്ടു എന്നു മാത്രമല്ല ബിയർ പബ്ബുകളുടെ നവീകരിച്ച സംവിധാനമായ, ബിയർ നിർമ്മിച്ച് അവിടെത്തന്നെ വില്പന നടത്തുന്ന മൈക്രോ ബ്രൂവറി യൂണിറ്റുകൾ സ്ഥാപിക്കാനും ഡിസ്റ്റലറികൾ സ്ഥാപിക്കാനും സർക്കാർ തയ്യാറായതും എതിർപ്പിനെ തുടർന്ന് തീരുമാനം മരവിപ്പിക്കേണ്ടി വന്നതും കേരളസമൂഹം മനസ്സിലാക്കിയ കാര്യങ്ങളാണ്. മദ്യത്തിന്റെ വിഷയത്തിൽ ജനങ്ങളോടുള്ള പ്രതിബദ്ധത നിറവേറ്റുന്നതിൽ പ്രതിപക്ഷത്തിന്റെ പങ്കും പരിശോധനാവിഷയമാക്കേണ്ടതാണ്. പ്രതിപക്ഷം എതിർത്തത് മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിച്ചതിനെയല്ല മറിച്ച് ബ്രൂവറികൾക്ക് അനുമതി നല്കിയതിലെ നടപടിക്രമങ്ങളിലെ വീഴ്ച മാത്രമാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ മദ്യവിമുക്ത സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുവാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും തയ്യാറാകേണ്ടത് അത്യാവശ്യമായി വന്നിരിക്കുകയാണ്.

ഭാഗിക മദ്യനിരോധനം പിൻവലിക്കാൻ തൊടുന്യായം പറഞ്ഞിരുന്നത് മദ്യലഭ്യത കുറഞ്ഞതുകൊണ്ട് മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചു എന്നാണ്. എന്നാൽ മദ്യത്തിന്റെ കുത്തൊഴുക്ക് അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിലും മയക്കുമരു

ന്നിന്റെ ഉപയോഗം വ്യാപകമായി തുടരുന്നതിന്റെ കാരണം പറയാൻ ആരും തയ്യാറാവുന്നില്ല. നമ്മുടെ യുവതലമുറ മയക്കുമരുന്നിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത് ഗുരുതരമായ സ്ഥിതിവിശേഷമാണ്. മദ്യവർജ്ജനത്തിലൂടെ മദ്യത്തിന്റെ ഉപയോഗമോ ലഭ്യതയോ കുറഞ്ഞില്ല എന്നു മാത്രമല്ല മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിക്കുകയും ചെയ്തു. ശക്തമായ നിയമസംവിധാനങ്ങളിലൂടെ ഇതിനെതിരേ നടപടി സ്വീകരിക്കണം. ഇതിനുവേണ്ടി എക്സൈസ്-പോലീസ്-ഫോറസ്റ്റ് റവന്യു സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കണം. മറിച്ചായാൽ സമൂഹത്തിന്റെയും കുടുംബത്തിന്റെയും നാശം ക്ഷണിച്ചുവരുത്തുകയായിരിക്കും ചെയ്യുക.

നവകേരളമെന്ന മുദ്രാവാക്യത്തിന് കേരളജനത നല്കിയ പിന്തുണ, തകർന്ന വീടുകളും പാലങ്ങളും പുനർനിർമ്മിക്കുന്നതിനുവേണ്ടി മാത്രമല്ല, എല്ലാ അർത്ഥത്തിലും പുതിയ കേരള സൃഷ്ടിക്കുവേണ്ടിക്കൂടിയാണ്. ചിന്തയിലും പ്രവൃത്തിയിലും പെരുമാറ്റത്തിലും അത് പ്രതിഫലിക്കണം. അഴിമതിവിരുദ്ധ കേരളം പോലെ, മാലിന്യവിമുക്ത കേരളം പോലെ, മദ്യവിമുക്ത കേരളവും നവകേരള നിർമ്മാണത്തിന്റെ ഭാഗമാകണം.

മദ്യമെന്ന മഹാവിപത്തിൽനിന്ന് രക്ഷനേടുന്നതിന് സർക്കാർ നടപടിയെ മാത്രം ആശ്രയിക്കുന്നത് പ്രശ്നപരിഹാരമാവുകയില്ല. ബോധവത്കരണ നടപടികൾ ഇടവകതലത്തിൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തിപകരാൻ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റുകൾ നമ്മുടെ എല്ലാ ഇടവകകളിലും രൂപീകൃതമാകണം. കുടുംബങ്ങളിൽ മദ്യത്തിന്റെ ഉപയോഗം പൂർണമായും ഇല്ലാതാക്കാൻ ഇടവകകളും കുടുംബങ്ങളും ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. മദ്യത്തോടും ലഹരിവസ്തുക്കളോടും സന്ധിയില്ലാസമരം ചെയ്ത് കുടുംബങ്ങളെയും വ്യക്തിക

ളെയും സംരക്ഷിക്കുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. അങ്ങനെ മദ്യവും ലഹരിവസ്തുക്കളും ഇല്ലാത്ത ഒരു നവകേരള നിർമ്മിതിക്ക് നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം.

മിശിഹായിൽ സ്നേഹപൂർവം

**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

**ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

**ബിഷപ് ക്രിസ്തുദാസ് ആർ**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി - 682 025

---

NB: 2019 മാർച്ച് മാസം 10-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ-മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിന്റെ സാരാംശം എല്ലാവർക്കും വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.

മദ്യവിരുദ്ധ ഞായർ ദിനാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ 2019 ഏപ്രിൽ മാസം 30-ാം തീയതിക്ക് മുമ്പായി ഏല്പിക്കണം.

## പ്രത്യേക അറിയിപ്പ്

സാന്ത്വനപ്രകാശത്തിന്റെ വാർഷിക വരിസംഖ്യ കുടിശികയുള്ളവർ ഉടൻതന്നെ അടച്ചുതീർക്കേണ്ടതാണ്. കുടിശിക മനസ്സിലാക്കുവാൻ സാന്ത്വനപ്രകാശം അയച്ചു തരുന്ന റാപ്പറിൽ രജിസ്ട്രേഷൻ നമ്പറിലേക്ക് ചേർന്ന് നൽകിയിട്ടുള്ള Sub. upto എന്ന Date ശ്രദ്ധിക്കുക.

## സംഭാവനാശേഖരണം

തിരുബാലസഖ്യദിനത്തോടനുബന്ധിച്ച് ഫെബ്രുവരി 10-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ പിരിവുനടത്തി പിരിഞ്ഞുകിട്ടുന്ന തുക മാർച്ച് 10നു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏൽപിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## നോമ്പുകാല ആരാധനയും വചനപ്രഘോഷണവും

പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ, നോമ്പുകാലത്ത് വൈകുന്നേരങ്ങളിൽ നമ്മുടെ ഇടവക പള്ളികളിൽ നടത്തുന്ന ആരാധനയും വചനപ്രഘോഷണവും നടത്തുവാൻ രൂപതാ ഇവാഞ്ചലൈസേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക്.

ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ - 9447661326,
ഇവാഞ്ചലൈസേഷൻ ഓഫ് ജീസസ് - 8547336271

*already published...*

**MAR SLEEVA MEDICITY PALAI**

**Cherpunkal, Kezhuvankulam P.O. - 686 584**

Kottayam Dt., Kerala, India

Ph: 04822269500, 269977, 269777 Email: marsleeva@yahoo.in ,marsleeva@gmail.com

Web: www.marsleevamedicity.org

Applications are invited for the following **positions** in the shortly opening Mar Sleeva Medicity Palai:

1. H R Head / Manager / Executives
2. Medical Director / Speciality / Super Speciality Doctors
3. Operations : Manager / Executives / P R Executives
4. Materials & Pharmacy : Purchase Managers
5. Nursing Director / Superintendent
6. Marketing Manager
7. Food & Beverages : Manager
8. Manager : Social Welfare
9. Manager : Quality
10. Finance Executives
11. Insurance Executives
12. O T / CSSD / Lab in charges
13. Infection Control Nurse
14. Chief Security Officer

Candidates with UG/PG degree in the respective field and with Hospital Experience of above 3 years in the concerned department may submit their resume to the Hospital Office or Email to hr.marsleevamedicity@gmail.com on or before January 27, 2019. Those who have already submitted their Biodata need not submit again.

Sd/-

Executive Manager 21-01-2019

# List of Very/ Rev. Fathers to observe Prayer Day and to officiate Ramsa at Bharananganam

| | |
|---|---|
| Edettu John | February 7 |
| Ellathuparampil Joseph | 8 |
| Ennackappallil Mathew | 9 |
| Erimattathil Abraham | 10 |
| Eruppakkattu Philip | 11 |
| Eruvelikunnel Antony | 12 |
| Ettuparayil Sebastian | 13 |
| Ezhuparayil Joseph | 14 |
| Illimoottil Joseph | 15 |
| Illimoottil Thomas | 16 |
| Inchakuzhiyil Augustine | 17 |
| Kachiramattam Augustine | 18 |
| Kadalikattil Mathew | 19 |
| Kadaplackal Sebastian | 20 |
| Kadookunnel Mathew | 21 |
| Kakkallil Jose | 22 |
| Kakkaniyil Abraham | 23 |
| Kalachirayil Thomas | 24 |
| Kalapurackal Joseph | 25 |
| Kalayil Kurian | 26 |
| Kalayil Mathew | 27 |
| Kallarackal Martin | 28 |
| Kandathilkudilil Augustine | March 1 |
| Kaniampadickal Sebastian | 2 |
| Kannanthanam John | 3 |
| Kappil Joseph | 4 |
| Kappiliparampil Kuriakose | 5 |
| Karottukizhakkel Thomas | 6 |
| Kavalammackal Mathew | 7 |




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. തീർത്ഥാടനകേന്ദ്രം സന്ദർശിച്ച വിശിഷ്ട വ്യക്തികൾ**

മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ)
മാർ ജേക്കബ് അങ്ങാടിയത്ത് (ഷിക്കാഗോ)
മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൺ)
മാർ ജേക്കബ് മുരിക്കൻ (പാലാ)
ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ് (തിരുവല്ല അതിരൂപത)
ബിഷപ്പ് ജോസഫ് കരിയിൽ (കൊച്ചി)
ബിഷപ്പ് പാട്രിക് ലൂരേക്ക് (ടെക്സാസ്)
മാർ ജോസഫ് കൊടകല്ലിൽ (സത്ന)
മാർ സെബാസ്റ്റ്യൻ വടക്കേൽ (ഉജ്ജൈൻ)
മാർ ജോസഫ് ചേന്നോത്ത്
ശ്രീ. കെ.എം. മാണി എം.എൽ.എ.
ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ.

**2. രോഗീവയോജന പ്രാർത്ഥന**

എല്ലാ രണ്ടാം വെള്ളിയാഴ്ചകളിലും നടന്നുവരുന്ന രോഗീവയോജന പ്രാർത്ഥന ഫാ. മാർട്ടിൻ കല്ലറയ്ക്കൽ നടത്തി. വി. കുർബാനയും രോഗികൾക്കായുള്ള പ്രത്യേക ശുശ്രൂഷകളും നടന്നു.

**3. ഡീക്കന്മാർക്ക് യാത്രയയ്പ്പും സ്വീകരണവും**

ആറുമാസക്കാലം തീർത്ഥാടന കേന്ദ്രത്തിൽ ശുശ്രൂഷ നിർവ്വഹിച്ച ഡീക്കൻ മാത്യു വാഴപ്പറമ്പിലിന് യാത്രയയപ്പ് നൽകി. അദ്ദേഹം മുട്ടുചിറ ഫൊറോന ദേവാലയത്തിൽ 2019 ജനുവരി ഒന്നാം തീയതി തിരുപ്പട്ടം സ്വീകരിച്ച് ദിവ്യബലിയർപ്പിച്ചു.

പുതുതായി ചുമതലയേറ്റത് ശാന്തിപുരം ഇടവകാംഗവും അഡോർണാ സന്യാസസമൂഹത്തിലെ അംഗവുമായ ഡീക്കൻ ബിബിൻ മാമ്പള്ളിതടത്തിലിന് ഊഷ്മളമായ സ്വാഗതം നേരുന്നു.

**4. ജപമാല മെഴുകുതിരി പ്രദിക്ഷണം**

ശനിയാഴ്ചകളിൽ ആഘോഷമായ വി. കുർബാനയും മെഴുകുതിരി പ്രദിക്ഷണവും നടന്നു. ഫാ. അലക്സ് കുമ്പടിയാമ്മാക്കൽ, ഫാ. മാത്യു വാഴപ്പറമ്പിൽ, ഫാ. മാത്യു കന്യാകോണിൽ എന്നിവർ കാർമ്മികത്വം വഹിച്ചു.

**5. അൽഫോൻസാ തീർത്ഥാടനം**

അൽഫോൻസാഗിരി പള്ളിയിൽനിന്നും ബഹുമാനപ്പെട്ട വികാരി ഫാ. സെബാസ്റ്റ്യൻ ചെറുകരകുന്നേലച്ചന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ പദയാത്രയായി തീർത്ഥാടനകേന്ദ്രത്തിൽ എത്തി പരി. കുർബാനയർപ്പിച്ചു.

**6. രാത്രി ആരാധന**

പാലാ രൂപതാ കരിസ്മാറ്റിക് കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന രാത്രി ആരാധന 2019 ജനുവരി 26-ാം തീയതി നടന്നു. ബ്രദർ തോമസ് പോൾ വചനസന്ദേശം നൽകി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പരി. കുർബാന അർപ്പിച്ചു.

**7. കഴുന്ന് നേർച്ച**

വി. അൽഫോൻസായുടെ നാമത്തിൽ കഴുന്ന് നേർച്ചയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തി.

**8. വോളണ്ടിയേഴ്സ് മീറ്റിംഗ്**

തീർത്ഥാടന കേന്ദ്രത്തിൽ സേവനമനുഷ്ഠിക്കുന്ന വോളണ്ടിയേഴ്സിന്റെ സംഗമം രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. വോളണ്ടിയർ ശുശ്രൂഷ ദൈവാനുഗ്രഹമാണെന്നും തീർത്ഥാടനകേന്ദ്രത്തിന്റെ മുഖം വോളണ്ടിയേഴ്സിന്റെ പ്രവർത്തനങ്ങളിലൂടെ തീർത്ഥാടകർ കാണുന്നുവെന്നും അതുകൊണ്ട് പക്വതയും വിശുദ്ധിയും തുടരാൻ സാധിക്കണമെന്നും പിതാവ് ഉപദേശിച്ചു.

**9. നവവൈദികർ ബലിയർപ്പിച്ചു.**

പാലാ രൂപതയിൽനിന്ന് ഈ വർഷം പട്ടം സ്വീകരിച്ച 12 ബഹു. വൈദികർ തീർത്ഥാടനകേന്ദ്രത്തിൽ ബലിയർപ്പിച്ച് തങ്ങളുടെ അജപാലന ശുശ്രൂഷകൾക്ക് വി. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥ്യം തേടി.

**10. ജപമാല പ്രദക്ഷിണം**

ശനിയാഴ്ചകളിൽ നടക്കുന്ന ആഘോഷമായ വി.കുർബാനയ്ക്ക് ഫാ. അഗസ്റ്റിൻ കൂട്ടിയാനി, ഫാ. ഷിന്റോ കാഞ്ഞിരപ്പള്ളിൽ, ഫാ. ജോസഫ് പാമ്പാറ എന്നിവർ കാർമ്മികത്വം വഹിച്ചു.

**ഫാ. മാത്യു ചന്ദ്രൻകുന്നേൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ മെമ്മോറിയൽ അവാർഡ് – ശ്രീ. ജോസ് സെബാസ്റ്റ്യൻ മൈലന്തറക്ക്**

ഈ വർഷത്തെ ബെസ്റ്റ് ടീച്ചർ അവാർഡിനായി വയലാ സൺഡേ സ്കൂൾ പ്രഥമാദ്ധ്യാപകൻ ശ്രീ. ജോസ് സെബാസ്റ്റ്യൻ മൈലന്തറ തിരഞ്ഞെടുക്കപ്പെട്ടു. ഒരു പോലീസുദ്യോഗസ്ഥൻ എന്ന നിലയിലും കുടുംബനാഥൻ എന്ന നിലയിലും വിശ്വാസപരിശീലകൻ എന്ന നിലയിലും അദ്ദേഹം നൽകിപ്പോരുന്ന സാക്ഷ്യ ജീവിതമാണ് ശ്രീ. ജോസിനെ അവാർഡിനർഹമാക്കിയത്. അവാർഡ് ജനുവരി 26–ാം തീയതി മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിൽ നിന്നും ശ്രീ. ജോസ് ഏറ്റു വാങ്ങി.

**2. മികച്ച സൺഡേ സ്കൂളുകൾ**

2018–19 വിശ്വാസപരിശീലനവർഷത്തിൽ രൂപതയിലെ മികച്ച സൺഡേ സ്കൂളുകളായി താഴെപ്പറയുന്ന സൺഡേസ്കൂളുകൾ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

| | A വിഭാഗം | B വിഭാഗം | C വിഭാഗം |
|---|---|---|---|
| Ist | ഗാഗുൽത്താ | മണ്ണയ്ക്കനാട് | കത്തീഡ്രൽ, പാലാ |
| | കാവുംകണ്ടം | മീനച്ചിൽ | കോതനല്ലൂർ |

**3. XII –ാം ക്ലാസ് സഭാതലപ്രതിഭകൾ**

2018 ഡിസംബർ 27 മുതൽ 29–ാം തീയതി വരെ സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്ന സഭാതലപ്രതിഭാസംഗമത്തിൽ പാലാ രൂപതാംഗങ്ങളായ ഡോൺ ജോർജ് വടകര-ചെമ്മലമറ്റം, അമലു അഗസ്റ്റിൻ ഏരിമറ്റത്തിൽ – രാമപുരം എന്നിവർ സഭാതലപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടു. വിശ്വാസപരിശീലനം XII–ാം ക്ലാസ് പൂർത്തിയാക്കുന്ന പ്രതിഭകളെ മേജർ ആർച്ചുബിഷപ് അനുമോദിച്ചു.

**4. X, XII ക്ലാസ്സുകളിലെ പരീക്ഷാമൂല്യനിർണയം**

X, XI, XII ക്ലാസ്സുകളിലെ ചോദ്യക്കടലാസുകൾ ജനുവരി 26–ാം തീയതി വിതരണം ചെയ്തു. ജനുവരി 3–ാം തീയതി ഞായറാഴ്ച 11 മുതൽ ഉച്ചകഴിഞ്ഞ് 1.00 വരെയാണ് പരീക്ഷ. X–ാം ക്ലാസ്സിലെ പരീക്ഷാമൂല്യനിർണയം ഫെബ്രുവരി 10–ാം തീയതി ഞായറാഴ്ച രാവിലെ 9 മുതൽ ഭരണങ്ങാനം മാതൃഭവനിൽവച്ചും XII–ാം ക്ലാസ്സിന്റെ മൂല്യനിർണയം ഫെബ്രുവരി 17–ാം തീയതി ഞായറാഴ്ചയും നടത്തുന്നതാണ്. X, XII ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അധ്യാപകർ ആ ക്ലാസ്സുകൾക്കായി നിശ്ചയിച്ചിരിക്കുന്ന ഞായറാഴ്ച ഭരണങ്ങാനം മാതൃഭവനിൽ എത്തിച്ചേരേണ്ടതാണ്. അന്ന് വി. കുർബാന ഉണ്ടായിരിക്കുന്നതാണ്.

**5. തിരുബാലസഖ്യം ക്വിസ്മത്സരം**

IV–ാം ക്ലാസ്സിനു താഴെയുള്ള തിരുബാലസഖ്യം കുട്ടികൾക്കായി നടത്തിയ ക്വിസ് മത്സരത്തിൽ എയ്ഞ്ചലീന കാക്കനാട്ട് – മേരിലാന്റ്, മരിയറ്റ് നടുവിലേക്കുറ്റ് – കടനാട് എന്നിവർ ഒന്നാംസ്ഥാനവും എലിസബത്ത് പൊറ്റമ്മേൽ – നസ്രത്തുഹിൽ കുറവിലങ്ങാട് രണ്ടാംസ്ഥാനവും തെരേസ സെബാസ്റ്റ്യൻ വാഴയിൽ–

അരുവിത്തുറ, സോജൻ സെബാസ്റ്റ്യൻ പൂവത്തോലിൽ - പൂഞ്ഞാർ എന്നിവർ 3-ാം സ്ഥാനവും കരസ്ഥമാക്കി. റീജന്റ് ബ്രദർ ജോസഫ് കുഴിവേലിത്തടത്തിൽ ക്വിസിന് നേതൃത്വം നൽകി.

**6. ഡയറി മത്സരം**

തിരുബാലസഖ്യം കുട്ടികൾക്കായി നടത്തിയ ഡയറി മത്സരത്തിൽ ഐറിൻ റിജോ അരീക്കാട്ട് - ഉള്ളനാട്, മരിയറ്റ് ജോമോൻ നടുവിലേക്കുറ്റ് -കടനാട്, ജോസഫ് അലക്സ് മഞ്ഞക്കുന്നേൽ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**7. സ്കൂൾ സന്മാർഗ്ഗ മതബോധനസ്കോളർഷിപ്പ് പരീക്ഷ**

കത്തോലിക്കാസ്കൂളുകളിലെ കുട്ടികൾക്കായി നടത്തുന്ന സന്മാർഗ്ഗ മതബോധനസ്കോളർഷിപ്പ് പരീക്ഷ ജനുവരി 19-ാം തീയതി അരുവിത്തുറ, അറക്കുളം, പാലാ സെന്റ്മേരീസ്, കുറവിലങ്ങാട് എന്നീ കേന്ദ്രങ്ങളിൽവച്ച് നടന്നു. മൂവായിരത്തിൽപ്പരം കുട്ടികൾ പരീക്ഷയിൽ പങ്കെടുത്തു.

**8. പ്രഥമാധ്യാപക സമ്മേളനവും രൂപതാവാർഷികവും**

പ്രഥമാധ്യാപക സമ്മേളനവും രൂപതാവാർഷികവും ജനുവരി 26-ാം തീയതി ശനിയാഴ്ച അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തി. ഉച്ചകഴിഞ്ഞ് 2 മണിക്കു നടത്തിയ വാർഷിക സമ്മേളനത്തിൽ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവ് അദ്ധ്യക്ഷത വഹിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**ഡോ. തോമസ് മേനാച്ചേരി** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. ജീവസ്വരം 2019.**

മഞ്ചെരിയാൾ ജില്ലയിലെ ജീവസ്വരം ബൈബിൾ കൺവെൻഷൻ, ബെല്ലംപള്ളിയിൽ ജനുവരി 18, 19, 20 തിയതികളിൽ വിജയകരമായി നടന്നു. പാലാമിഷന്റെ എല്ലാ സെന്ററുകളിലും ഇതിന്റെ വിജയത്തിനായുള്ള ഒരുക്ക ശുശ്രൂഷകൾ നടത്തി. വിശ്വാസികളുടെ പങ്കാളിത്തത്തോടെ വാഹനങ്ങൾ ക്രമീകരിച്ച് യാത്രാ സൗകര്യമൊരുക്കി. വിവിധ കേന്ദ്രങ്ങളിൽ നിന്നായി 500 ഓളം ജനങ്ങൾക്ക് എല്ലാ ദിവസവും വചനവിരുന്നിൽ പങ്കെടുക്കാൻ അവസരമൊരുക്കി. കൺവെൻഷനു വേണ്ടി ഫാ.ജോസഫ് പര്യാത്തിന്റെ നേതൃത്വത്തിൽ Ground കമ്മറ്റിയും ഫാ.ജോസഫ് കല്ലാച്ചേരിയുടെ നേതൃത്വത്തിൽ Liturgy കമ്മറ്റിയും ഫാ.ജോർജ്ജ് കൊട്ടാരത്തിന്റെ നേതൃത്വത്തിൽ Communication കമ്മറ്റിയും ഫാ.ആൻറണി വാഴയിലിന്റെ നേതൃത്വത്തിൽ Light & Sound കമ്മറ്റിയും ഫാ.ജോർജ്ജ് കാരാംവേലിയുടെ നേതൃത്വത്തിൽ Intercession കമ്മറ്റിയും കൺവെൻഷന്റെ വിജയത്തിനായി പ്രവർത്തിച്ചു.

**2. അമ്മസംഘം പ്രവർത്തനം ആരംഭിച്ചു.**

അദിലാബാദ് രൂപതയുടെ ആദർശനിർദ്ദേശങ്ങൾക്ക് അനുസരിച്ച് പാലാ മിഷനിലെ എല്ലാ കേന്ദ്രങ്ങളിലും 'അമ്മ' സംഘങ്ങൾ രൂപീകരിക്കുന്ന

പ്രവർത്തനങ്ങൾക്കു തുടക്കമായി. Sr. Celine FDSHJ, Sr. Mary FDSHJ, Sr. Anjaly CMC, Sr. Mary LAR, Sr. Flowerlet CMC എന്നീ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ സംഘടനാ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു കഴിഞ്ഞു.

**3. മിഷൻ സഹായം സ്വീകരിച്ചു.**

പാലാമിഷനുവേണ്ടി പാലാ രൂപതയിലെ 21 ഇടവകകളിലെ മിഷൻ ലീഗ് കേന്ദ്രങ്ങളിൽ നിന്നുള്ള മിഷൻ സഹായം രൂപതാ വിശ്വാസ പരിശീലനകേന്ദ്രം ഡയറക്ടർ റവ.ഡോ.തോമസ് മേനാച്ചേരിൽ പാലാമിഷനു കൈമാറി. എല്ലാ ബഹു. വികാരിയച്ചൻമാർക്കും കുഞ്ഞുമിഷനറിമാർക്കും പാലാ മിഷൻ കൂട്ടായ്മ നന്ദി അറിയിക്കുന്നു.

**4. പാലാമിഷന്റെ സന്തോഷം.. *അഞ്ച് മുൻ റീജന്റുമാർ നവാഭിഷിക്തർ.***

പാലാമിഷനിൽ റീജൻസി പരിശീലനം കഴിഞ്ഞ അഞ്ചു ഡീക്കന്മാർ മഹനീയമായ പൗരോഹിത്യം സ്വീകരിച്ച് ശുശ്രൂഷയിലേക്കെത്തിയത് ആനന്ദദായകമായി. ബഹു. ഈറ്റക്കക്കുന്നേൽ, കൈതോലിൽ, പനച്ചിക്കൽ ക്കരോട്ട്, കൂറ്റാരപ്പള്ളിൽ, കുറുപ്പശ്ശേരിൽ അച്ചന്മാർക്ക് പാലാ മിഷന്റെ പ്രാർത്ഥനാശംസകളും അനുഗ്രഹങ്ങളും നേരുന്നു.

**5. നവീകരണ, നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.**

മന്നഗുടം, ആവടം, വേമനപ്പള്ളി എന്നീ മൂന്നു പുതിയ മിഷൻ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും നവീകരണ പ്രവർത്തനങ്ങളും ക്രമമായി പുരോഗമിക്കുന്നു.

**ഫാ. ജോർജ് കാരാംവേലി** (കോർഡിനേറ്റർ)

# മിഷൻലീഗ് വാർത്തകൾ

**1. ക്വിസ് മത്സരം**

ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ സൺഡേ സ്കൂൾ മിഷൻലീഗ് അംഗങ്ങൾക്കായി കുഞ്ഞുമിഷനറി ക്വിസ് നടത്തി. 2019 ജനുവരി 12-ാം തീയതി മാതൃഭവനിൽ വച്ചു നടന്ന മത്സരത്തിൽ 276 കുട്ടികൾ പങ്കെടുത്തു. ശ്രീ. സോബിച്ചൻ ചൊവ്വാറ്റുകുന്നേൽ മത്സരത്തിനു നേതൃത്വം നൽകി. ജിസ്മി വിൻസെന്റ് മങ്കുഴിച്ചാലിൽ രാമപുരം, ഡോൺ സാബു കുരിശുംമൂട്ടിൽ ചക്കാമ്പുഴ, ബിനിറ്റാ ജോസഫ് പൂക്കുന്നേൽ പൂവക്കുളം, ആൽബിൻ ജിജോ കൊട്ടാരത്തിൽ രാമപുരം എന്നിവർ യഥാക്രമം ഒന്നുമുതൽ നാലുവരെ സ്ഥാനങ്ങൾ കരസ്ഥമാക്കി. ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ച ശാഖകൾ കുറിഞ്ഞി (എ വിഭാഗം) പറത്താനം (ബി വിഭാഗം), ചേർപ്പുങ്കൽ (സി വിഭാഗം).

**2. ബെസ്റ്റ് ക്യാമ്പേഴ്സ്**

മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടത്തിയ രൂപത ജൂണിയേഴ്സ് ക്യാമ്പിൽ റിച്ചാർഡ് കെ. റോയി കിണറ്റുകര (അറുന്നൂറ്റിമംഗലം) അനഘ ജോൺസൺ പുന്നത്താനത്ത് (പെരിങ്ങുളം) എന്നിവർ ബെസ്റ്റ് ക്യാമ്പേഴ്സായി തിരഞ്ഞെടുക്കപ്പെട്ടു.

**3. ചെറുപുഷ്പമിഷൻലീഗ് പ്രളയദുരിതാശ്വാസസഹായം**

കേരളം നേരിട്ട മഹാപ്രളയത്തിന്റെ ദുരന്തമനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി രൂപതാ കലോത്സവം ഉപേക്ഷിച്ചുനടത്തിയ സംഭാവന ശേഖരണത്തിൽ 8 ലക്ഷം രൂപാ സമാഹരിച്ചു. തുക ശാഖകളുടെ പ്രതിനിധികൾ ജനുവരി 26-ാം തീയതി രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിനെ ഏൽപിച്ചു.

**4. സീറോ മലബാർ സഭാപ്രേഷിതവാരാചരണം**

2019 ജനുവരി 6 മുതൽ 12 വരെ തീയതികളിൽ മിഷൻലീഗിന്റെ നേതൃത്വത്തിൽ സീറോ മലബാർ സഭാപ്രേഷിതവാരാചരണം നടത്തി. ജനുവരി 6-ാം തീയതി നടന്ന രൂപതാ എക്സിക്യൂട്ടീവിൽ ചെറുപുഷ്പമിഷൻലീഗ് ദേശീയ പ്രസിഡന്റ് ശ്രീ. ബിനോയി പള്ളിപ്പറമ്പിൽ പ്രേഷിതവാര പ്രതിജ്ഞയ്ക്ക് നേതൃത്വം നൽകി. കൂടാതെ കുട്ടികളിലും മുതിർന്നവരിലും പ്രേഷിതാഭിമുഖ്യം വളർത്തുന്ന നിരവധി പ്രവർത്തനങ്ങൾ ശാഖാതലത്തിൽ നടത്തി.

**5. കയ്യെഴുത്തു മാസിക, പോസ്റ്റർ രചനാ മത്സരവിജയികൾ**

മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ രൂപതാതലത്തിൽ നടത്തിയ കയ്യെഴുത്തു മാസിക, പോസ്റ്റർ രചനാമത്സരങ്ങളിൽ വിജയികളായ ശാഖകൾ.

**കയ്യെഴുത്തുമാസിക**

| A വിഭാഗം | B വിഭാഗം | C വിഭാഗം |
|---|---|---|
| 1. നസ്രത്തുഹിൽ | 1. വെള്ളിയാമറ്റം | 1. രാമപുരം |
| 2. കയ്യൂർ | 2. ഉള്ളനാട് | 2. പൈക |
| 3. മണിയംകുന്ന് | 3. വെള്ളികുളം | 3. കടുത്തുരുത്തി |

**പോസ്റ്റർ രചന**

| A വിഭാഗം | B വിഭാഗം | C വിഭാഗം |
|---|---|---|
| 1. കയ്യൂർ | 1. വെള്ളിയാമറ്റം | 1. കടുത്തുരുത്തി |
| 2. അടിവാരം | 2. തുടങ്ങനാട് | 2. പൈക |
| 3. കാവുംകണ്ടം | 3. കാഞ്ഞിരമറ്റം | 3. കോതനല്ലൂർ |

**ഡോ. തോമസ് മേനാച്ചേരി (ഡയറക്ടർ)**

# കെ.സി.എസ്.എൽ.

**കരോൾഗാനമത്സരം വിജയികൾ**

കെ. സി. എസ്. എൽ പാലാ രൂപത ഫോർമർ മെമ്പേഴ്സ് ഫോറം (പൂർവ്വാംഗവേദി) 'ക്രിസ്കോറസ് 2018' എന്ന പേരിൽ സംഘടിപ്പിച്ച കാറൾ സിങ്ങിംഗ് കോംപറ്റീഷൻ പാലാ അൽഫോൻസാ കോളജിൽ ഡിസംബർ 26 ന് നടന്നു.

മത്സരത്തിൽ നസ്രത്തുഹിൽ ഹോളി ഫാമിലി ചർച്ച് ഒന്നാം സമ്മാനവും (പതിനായിരം രൂപ), മണ്ണയ്ക്കനാട് സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് രണ്ടാം സ്ഥാനവും (ഏഴായിരം രൂപ), പാലാ സെന്റ് മേരീസ് സ്കൂൾ മൂന്നാം സ്ഥാനവും (അയ്യായിരം രൂപ) കരസ്ഥമാക്കി.

സമ്മാനങ്ങൾ കെ. സി. എസ്. എൽ പാലാ രൂപത ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ വിതരണം ചെയ്തു. പ്രശസ്ത സംഗീതജ്ഞരും കലാകാരന്മാരുമായ ളാക്കൂട്ടൂർ പൊന്നപ്പൻ, മൂഴൂർ തങ്കച്ചൻ എന്നിവർ വിധികർത്താക്കളായിരുന്നു.

കെ. സി. എസ്. എൽ രൂപത പ്രസിഡന്റ് സാലി കെ. ജെ, കെ. സി. എസ്. എൽ ഫോർമർ മെമ്പേഴ്സ് ഫോറം പ്രസിഡന്റ് അരുൺ റോബർട്ട്, സെക്രട്ടറി അക്ഷിതാ റാണി മാത്യു തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി.

**ന്യൂ ഇയർ ആഘോഷം**

ജനുവരി 2 ന് കെ.സി.എസ്.എൽ-ന്റെ നേതൃത്വത്തിൽ മൂന്നാനി സ്പെഷൽ സ്കൂളിലെ കുട്ടികളോടും ആതുരാലയത്തിലെ വൃദ്ധരോടുമൊപ്പം ന്യൂ ഇയർ ആഘോഷം നടത്തി. ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ കേക്ക് മുറിച്ച് എല്ലാവർക്കും വിതരണം ചെയ്തു. കുട്ടികൾ കലാപരിപാടികൾ അവതരിപ്പിച്ചു. ബ്രദർ റീജന്റ് അനൂപ് വാഴേപ്പറമ്പിലും സന്നിഹിതനായിരുന്നു.

**ഫാ. കുര്യൻ തടത്തിൽ കെ. സി. എസ്. എൽ സ്റ്റേറ്റ് ജനറൽ ഡയറക്ടർ**

കെ. സി. എസ്. എൽ പാലാ രൂപത ഡയറക്ടർ ഫാ. കുര്യൻ തടത്തിലിനെ കെ. സി. എസ്. എൽ സ്റ്റേറ്റ് ജനറൽ ഡയറക്ടർ ആയി കെ. സി. ബി. സി നിയമിച്ചു. ഡിസംബർ 22 ന് പി.ഒ.സിയിൽ വച്ച് നടന്ന സെൻട്രൽ കൗൺസിൽ മീറ്റിംഗിലാണ് നിയമനവിവരം ഔദ്യോഗികമായി അറിയിച്ചത്.

**അനുമോദനയോഗം**

ജനുവരി 2-ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കെ. സി. എസ്. എൽ സ്റ്റേറ്റ് ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ട കുര്യൻ തടത്തിലച്ചന് കെ. സി. എസ്. എൽ ടീച്ചേഴ്സ് എക്സിക്യൂട്ടീവ് അംഗങ്ങളും സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവംഗങ്ങളും ചേർന്ന് അനുമോദനങ്ങളും പ്രാർത്ഥനാശംസകളും നല്കി. പ്രസിഡന്റ് സാലി കെ. ജെ അച്ചന് പൂച്ചെണ്ട് നൽകി. ജനറൽ ഓർഗനൈസർ സോജൻ കെ. ജെ, വൈസ് പ്രസിഡന്റ് എബി ജോസ്, ട്രഷറർ സി. ജെയിൻ റോസ്, സ്റ്റുഡന്റ്സ് ചെയർമാൻ ആൽബിൻ ജിജോ, ജനറൽ സെക്രട്ടറി ക്രിസ്റ്റി സണ്ണി തുടങ്ങിയവർ പ്രാർത്ഥനാശംസകൾ നേർന്ന് സംസാരിച്ചു. എല്ലാ എക്സിക്യൂട്ടീവംഗങ്ങളും മീറ്റിംഗിൽ സന്നിഹിതരായിരുന്നു. 5 മണിയോടുകൂടി യോഗം സമാപിച്ചു.

**സ്റ്റഡി സർക്കിൾ മത്സരം**

ജനുവരി 26 ന് പാലാ സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് സ്റ്റഡിസർക്കിൾ മത്സരം നടത്തുന്നു. രാവിലെ പത്തുമണിക്ക് മത്സരം ആരംഭിക്കും.

**കെ. സി. എസ്. എൽ ആന്തം മത്സരം**

ജനുവരി 26 ന് പാലാ സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് കെ. സി. എസ്. എൽ ആന്തം മത്സരം നടത്തുന്നു. രാവിലെ പത്തുമണിക്ക് മത്സരം ആരംഭിക്കും.

**വചനമെഴുത്ത് മത്സരം**

ജനുവരി 26 ന് പാലാ സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് വചനമെഴുത്ത് മത്സരം നടത്തുന്നു. രാവിലെ പത്തുമണിക്ക് മത്സരം ആരംഭിക്കും.

**കെ. സി. എസ്. എൽ വാർഷികാഘോഷം**

കെ. സി. എസ്. എൽ ന്റെ വാർഷികാഘോഷങ്ങൾ ഫെബ്രുവരി 1 ഉച്ച കഴിഞ്ഞ് 2 മണിക്ക് പാലാ കാർമ്മൽ പബ്ലിക് സ്കൂളിൽ വച്ച് നടത്തപ്പെടുന്നു. രൂപത സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുന്നു. സാഹിത്യോത്സവം, ടീച്ചേഴ്സ് ലേഖനമത്സരം, രൂപതാതല അൽഫോൻസാ കളറിംഗ് എന്നിവയുടെ സമ്മാനങ്ങൾ ബെസ്റ്റ് സ്കൂൾ, ബെസ്റ്റ് ആനിമേറ്റർ, മെഗാക്വിസ് മത്സരത്തിൽ കൂടുതൽ ടീമിനെ പങ്കെടുപ്പിച്ച സ്കൂളിനുള്ള സമ്മാനം എന്നിവ അന്നേദിവസം നൽകുന്നതായിരിക്കും.

**കെ. സി. എസ്. എൽ എഫ്. എം. എഫ് യോഗം ചേർന്നു**

കെ. സി. എസ്. എൽ ഫോർമർ മെമ്പേഴ്സ് ഫോറം ജനുവരി 26 ന് പാലാ അൽഫോൻസാ കോളജിൽ ചേർന്നു. കാറൾ ഗാനമത്സരത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് വിലയിരുത്തലുകൾ നടന്നു. ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, എഫ്. എം. എഫ് പ്രസിഡന്റ് അരുൺ റോബർട്ട്, സെക്രട്ടറി അക്ഷിത റാണി മാത്യു എന്നിവർ പ്രസംഗിച്ചു. സ്റ്റേറ്റ് ഡയറക്ടറായി നിയമിതനായ ഫാ. കുര്യൻ തടത്തിലിന് മെമെന്റോ നല്കി അനുമോദനങ്ങളും ആശംസകളും നേർന്നു.

**സ്പെഷൽ സ്കൂൾ സന്ദർശനം**

അന്തീനാട് സ്പെഷൽ സ്കൂളിൽ ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ സന്ദർശനം നടത്തി. കുട്ടികളോടൊത്ത് സമയം ചെലവഴിക്കുകയും പ്രാർത്ഥിക്കുകയും അവരുടെ കലാപരിപാടികളിൽ പങ്കെടുക്കുകയും ചെയ്തു.

**ഫാ. കുര്യൻ തടത്തിൽ (ഡയറക്ടർ)**

---

# എസ്.എം.വൈ.എം.

---

**1. രൂപത വാർഷികം (ഗ്ലോറിയ) നടത്തപ്പെട്ടു.**

2018 രൂപതാ വാർഷികം ഡിസംബർ 29-ാം തീയതി പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു. പാലാ രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ വാർഷികം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ, അസി. ഡയറക്ടർ ഫാ. ജെയിംസ് മടിക്കാങ്കൽ, ജോ. ഡയറക്ടർ സി. ഷൈനി ഡി.എസ്.റ്റി എന്നിവർ സന്നിഹിതരായിരുന്ന സമ്മേളനത്തിൽ 2018 വർഷത്തെ മികച്ച മേഖല, മികച്ച യൂണിറ്റുകൾ, മികച്ച യുവജനപ്രവർത്തകർ എന്നിവർക്കുള്ള അവാർഡുകൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ അച്ചൻ സമ്മാനിച്ചു. തുടർന്ന് പുതു

തായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വൈ.എ.റ്റി.പി. 26-ാം ബാച്ചിലെ യുവജനങ്ങൾക്കുള്ള സർട്ടിഫിക്കറ്റും പ്രസ്തുത സമ്മേളനത്തിൽ നൽകി. വിവിധ ഇടവകകളിൽനിന്നും 300 ഓളം യുവജനങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു.

**മികച്ചു മേഖല** : കുറവിലങ്ങാട്, മുട്ടുചിറ

**മികച്ച യൂണിറ്റുകൾ**

എ വിഭാഗം

| എ യൂണിറ്റ് | ബി. യൂണിറ്റ് |
|---|---|
| I കാട്ടാമ്പാക്ക് | I കാട്ടാമ്പാക്ക് |
| II മലപ്പുറം | II വാഗമൺ |

ബി. വിഭാഗം

| എ യൂണിറ്റ് | ബി. യൂണിറ്റ് |
|---|---|
| I കാളികാവ് | I കാളികാവ് |
| II മാനത്തൂർ | II മണ്ണയ്ക്കനാട് |

സി. വിഭാഗം

| എ യൂണിറ്റ് | ബി. യൂണിറ്റ് |
|---|---|
| I കുറവിലങ്ങാട് | I കുറവിലങ്ങാട് |
| II മാൻവെട്ടം | II മാൻവെട്ടം |

**മികച്ച പ്രവർത്തകനുള്ള (ദാനിയേൽ) അവാർഡ്**

1. സിജോ സ്കറിയ (മുട്ടുചിറ)
2. സെബാസ്റ്റ്യൻ ജോയി (കാളികാവ്)

**മികച്ച പ്രവർത്തകയ്ക്കുള്ള (ഏസ്‌തേർ) അവാർഡ്**

ശീതൾ റ്റോം (അറക്കുളം പുത്തൻപള്ളി)

2019 പ്രവർത്തനവർഷത്തെ ഭാരവാഹികൾ

2019 വർഷത്തെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് 2018 ഡിസംബർ 29-ാം തീയതി പാലായിൽ വച്ച് നടത്തപ്പെട്ടു. തുടർന്നു നടന്ന സമ്മേളനത്തിൽ സത്യപ്രതിജ്ഞ ചൊല്ലി അധികാരമേറ്റു.

1. പ്രസിഡന്റ് - സെബാസ്റ്റ്യൻ തോമസ് (മുളക്കുളം)
2. ജനറൽ സെക്രട്ടറി - ദേവസ്യാച്ചൻ പി.ജെ. (അരുവിത്തുറ)
3. വൈസ് പ്രസിഡന്റ് - റീതു ജോർജ് (മാനത്തൂർ)
4. ഡപ്യൂട്ടി പ്രസിഡന്റ് - ബ്രൈറ്റ് ബിജു (കടുത്തുരുത്തി)
5. സെക്രട്ടറി - സെബാസ്റ്റ്യൻ ജോയി (കാളികാവ്)
6. ജോയിന്റ് സെക്രട്ടറി - റോഷ്നി ജോർജ് (തിടനാട്)
7. ട്രഷറർ - ജെറിൻ ബേബി (പാലാ കത്തീഡ്രൽ)
8. കൗൺസിലർ - ജിനു ജോസഫ് (മറ്റക്കര)
   അഞ്ജുമോൾ ജോണി (കാഞ്ഞിരത്താനം)
9. നാഷ്ണൽ കൗൺസിലർ - ടെൽമ ജോബി (മുത്തോലപുരം)
10. സെൻട്രൽ കൗൺസിലർ - റിബിൻ ജോസ് (കുറവിലങ്ങാട്)
    - ജോസഫ് സാവിയോ (ഇടമറ്റം)
    - ആന്റോ ജോർജ്

**2. യുവജനവർഷ സമാപനവും പ്രവർത്തനവർഷ ഉദ്ഘാടനവും**

ഒരു വർഷം നീണ്ടുനിന്ന യുവജനവർഷത്തിന്റെ സമാപനവും 2019 പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനവും ജനുവരി 2-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് അരമനയിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. മാർ ജോസഫ് സ്രാമ്പിക്കൽ പിതാവ് ആശംസകൾ അറിയിച്ച് സംസാരിച്ചു. ജനറൽ സെക്രട്ടറി ദേവസ്യാച്ചൻ പി.ജെ. സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ ആമുഖപ്രസംഗം നടത്തി. രൂപതാ പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ തോമസ് അദ്ധ്യക്ഷപ്രസംഗം നടത്തി. വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ, ഫാ. ജെയിംസ് മടിക്കാങ്കൽ, സി. ഷൈനി ഡി.എസ്.റ്റി. എന്നിവർ പരിപാടിയിൽ സന്നിഹിതരായിരുന്നു. സമ്മേളനത്തിന്റെ അവസാനം യുവജനങ്ങളുമായി പിതാവ് സമകാലിക വിഷയങ്ങൾ ചർച്ച നടത്തി. വിവിധ ഇടവകകളിൽനിന്നും 200 ൽ അധികം യുവജനങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു. രൂപതാ ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**3. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു.**

ഈ വർഷത്തെ ആദ്യത്തെ എക്സിക്യൂട്ടീവ് മീറ്റിംഗ് ജനുവരി 13-ാം തീയതി ഉച്ചകഴിഞ്ഞ് രൂപതാ ഓഫീസിൽ വച്ച് നടത്തപ്പെട്ടു. ഡയറക്ടർ ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ, അസി. ഡയറക്ടർ ഫാ. ജെയിംസ് മടിക്കാങ്കൽ, ജോ. ഡയറക്ടർ സി. ഷൈനി ഡി.എസ്.റ്റി. എന്നിവരുടെ സാന്നിധ്യത്തിലാണ് നടത്തപ്പെട്ടത്. മീറ്റിംഗിൽ ഈ വർഷത്തെ പ്രവർത്തനങ്ങളും രൂപരേഖ തയ്യാറാക്കുകയും വരും മാസങ്ങളിൽ നടത്താൻ പോകുന്ന പരിപാടികളുടെ നടത്തിപ്പിനായി വിവിധ കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തു.

**4. YATP പുതിയ ബാച്ച് ആരംഭിക്കുന്നു.**

എസ്.എം.വൈ.എം. - ന്റെ യുവജനപരിശീലന പരിപാടിയായ വൈ.എ.റ്റി.പി.യുടെ 27-ാം ബാച്ച് ആരംഭിക്കുന്നു. ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ, ഫാ. ജെയിംസ് മടിക്കാങ്കൽ, സി. ഷൈനി ഡി.എസ്.റ്റി. ശ്രീ. സുരേഷ് മാത്യു എന്നിവർ നേതൃത്വം നൽകുന്ന യുവജനപരിശീലനപരിപാടി ഈ വർഷം വളരെ വ്യത്യസ്തമായ രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്.

**5. പ്രവർത്തനവർഷം ഉദ്ഘാടനം നടത്തപ്പെട്ടു.**

പൂവത്തോട് യൂണിറ്റിൽ ഈ വർഷത്തെ പ്രവർത്തനവർഷം ഉദ്ഘാടനം രൂപതാ ഡയറക്ടർ ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ നിർവ്വഹിച്ചു.

മാവടി യൂണിറ്റ് പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി. രൂപത പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ തോമസ് പങ്കെടുത്തു.

കാട്ടാമ്പാക്ക് യൂണിറ്റ് പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി. ശ്രീ. ബ്രൈറ്റ് ബിജു പങ്കെടുത്തു.

രത്നഗിരി യൂണിറ്റ് പ്രവർത്തനവർഷം ഉദ്ഘാടനം നടത്തി. സെബാസ്റ്റ്യൻ ജോയി പങ്കെടുത്തു.

**യൂണിറ്റ് രജിട്രേഷൻ**

ഈ വർഷത്തെ യുണിറ്റ് രജിട്രേഷൻ നടത്താത്ത യുണിറ്റുകൾ ഫെബ്രുവരി 28-നു മുമ്പായി രജിട്രേഷൻ പുതുക്കണമെന്ന് അറിയിക്കുന്നു. രജിട്രേഷൻ പുതുക്കിയവർക്കു മാത്രമേ റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കുകയുള്ളു.

**ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ (ഡയറക്ടർ)**

**ഫാ. ജെയിംസ് മടിക്കാങ്കൽ (അസി.ഡയറക്ടർ)**

# ജീസസ് യൂത്ത്

**1. രാത്രി ആരാധന**

ജീസസ് യൂത്തിന്റെ രാത്രി ആരാധന ജനുവരി 4 വെള്ളിയാഴ്ച വൈകിട്ട് ആരംഭിച്ച് ശനിയാഴ്ച രാവിലെ 6-ന് ദിവ്യബലിയോടെ അരുണാപുരം ഇടവക ദൈവാലയത്തിൽ സമാപിച്ചു. വിൻസെൻഷ്യൻ സഭാംഗമായ ഫാ. ബോബി എംബ്രായിൽ വചനസന്ദേശം നല്കി. ഫാ. കുര്യൻമറ്റം, ഫാ. ജെയിംസ് മടിക്കാങ്കൽ, അജീഷ്, ആൽവിൻ സ്കറിയ, എൽസാ ജാസ്മിൻ, റോയി ജോസഫ് എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**2. ജീസസ് യൂത്ത് കേരളാ കോൺഫ്രൻസ്**

കേരളത്തിലെ 23 സോണുകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട 6000 ത്തിലധികം ജീസസ് യൂത്ത് പ്രവർത്തകർ പാലാ സെന്റ് തോമസ് കോളേജിൽ ഡിസംബർ 27,28,29 തീയതികളിൽ സമ്മേളിച്ചു. സെന്റ് തോമസ് കോളജിലെയും അൽഫോൻസാ കോളേജിലെയും അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിലെയും ആറിലധികം സ്റ്റേജുകളിൽ യുവജനങ്ങളും യുവദമ്പതികളും ടീൻസും പ്രീ ടീൻസും വൈദികരും സിസ്റ്റേഴ്സും ഏകമനസ്സോടെ ഒരുമിച്ചു പ്രാർത്ഥിച്ചും പഠിച്ചും പങ്കുവച്ചും ബലിയർപ്പിച്ചും ദൈവദത്തമായ നിധികൾ കണ്ടെത്താനുള്ള ശ്രമമായിരുന്നു മൂന്നുദിവസങ്ങളിൽ. 27-നു നടന്ന പൊതുസമ്മേളനം സീറോ-മലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചു ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അദ്ധ്യക്ഷത വഹിച്ചു. രണ്ടാംദിവസം സീറോ-മലങ്കര സഭാ മേജർ ആർച്ചു ബിഷപ്പ് കർദ്ദിനാൾ മാർ ക്ലീമിസ് കാതോലിക്കാബാവാ പൊതുയോഗത്തിൽ സന്ദേശം നൽകി. കൂടാതെ മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് സ്രാമ്പിക്കൽ, ബിഷപ്പ് സിൽവെസ്റ്റർ പൊന്നുമുത്തൻ, മാർ സാമുവൽ ഐറേനിയസ് എന്നിവർ വിവിധ വേദികളിൽ സന്ദേശം നൽകി. മാർ റാഫേൽ തട്ടിൽ ക്ലാസ്സെടുക്കുകയും ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. ഫാ. ജോസഫ് എഴുമായിൽ, ഫാ. കുര്യൻമറ്റം, ഫാ. ജെയിംസ് മടിക്കാങ്കൽ, മനോജ് സണ്ണി, ഡോ. എഡ്വേർഡ് എടേഴത്ത്, അഡ്വ. റൈജു വർഗീസ്, അലൻ സി. മാനുവൽ, അഭിലാഷ് എം.

കെ., റെജി കുന്നേൽ, സി. ജോൺസി എഫ്.സി.സി., ജോസ് മാത്യു, ബിലാസ്, ആൽവിൻ സ്കറിയ, സെന്റ് തോമസ് കോളേജ് പ്രിൻസിപ്പൽ ഡോ. ജെയിംസ് മംഗലത്ത്, അൽഫോൻസാ കോളേജ് പ്രിൻസിപ്പൽ സി. ഡോ. തെരേസ് മടുക്കക്കുഴി എന്നിവർ നേതൃത്വം നൽകി.

**3. യുവജനധ്യാനം – കടുത്തുരുത്തി**

യുവജനങ്ങൾക്കുവേണ്ടിയുള്ള ത്രിദിനധ്യാനം ജനുവരി 11,12,13 തീയതികളിൽ കടുത്തുരുത്തി എസ്.വി.ഡി. ധ്യാനകേന്ദ്രത്തിൽ നടന്നു. ഫാ. കുര്യൻ മറ്റം, നന്ദു ജോൺ, ബിലാസ്, ആന്റോ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**4. ജീസസ് യൂത്ത് കൂട്ടായ്മ**

ജീസസ് യൂത്തിന്റെ രണ്ടാം ശനിയാഴ്ചത്തെ കൂട്ടായ്മ ജനുവരി 12-ന് പാലാ സെന്റ് തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. ഫാ. കുര്യൻമറ്റം വചനസന്ദേശം നൽകി. ആശിസ് കടനാട്, ആൽബിൻ സണ്ണി, എൽസാ ജാസ്മിൻ, ക്ലിജോ കണിയാംപടി എന്നിവർ കൂട്ടായ്മയ്ക്ക് നേതൃത്വം നൽകി.

**5. ഏകദിന സെമിനാർ – ചേർപ്പുങ്കൽ**

ചേർപ്പുങ്കൽ ഇടവകയിൽ ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 12-ന് ഏകദിന യുവജനസെമിനാർ നടത്തുകയുണ്ടായി. ഫാ. കുര്യൻമറ്റം, ഫാ. ജെയിംസ് മടിക്കാങ്കൽ, ആശിസ്സ്, ആൽബിൻ സണ്ണി, ആൽബിൻ, എൽസാ ജാസ്മിൻ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**6. ക്രിസ്റ്റീൻധ്യാനം – കാഞ്ഞിരമറ്റം**

കാഞ്ഞിരമറ്റം ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിലെ വിദ്യാർത്ഥികളുടെ നവീകരണധ്യാനം ജനുവരി 24,25 തീയതികളിൽ നടന്നു. ഫാ. കുര്യൻമറ്റം, സണ്ണി തയ്യിൽ, നന്തു ജോൺ, ബിലാസ്, എൽസാ ജാസ്മിൻ, ജോസ് ഇലഞ്ഞി എന്നിവർ ശുശ്രൂഷകൾ നയിച്ചു. സി. ലിസ്സി എസ്.എ.ബി.എസ്., ഫാ. അബ്രാഹം ഏരിമറ്റം, ഫാ. ജോസഫ് അമ്പാട്ട് എന്നിവർ സംഘാടകനേതൃത്വം വഹിച്ചു.

**7. മംഗളവാർത്താ മഹാസംഗമം**

അനൻസിയേഷൻ 2019 എന്ന പേരിൽ നാളിതുവരെ മംഗളവാർത്താ ധ്യാനം കൂടിയ ദമ്പതികളുടെയും അവരുടെ അഭിഷിക്ത ശിശുക്കളുടെയും സംഗമം ജനുവരി 26-ന് രാവിലെ മുതൽ വൈകിട്ടുവരെ പാലാ സെന്റ് തോമസ് ബി.എഡ്. കോളേജിൽ ഓഡിറ്റോറിയത്തിൽ നടന്നു. ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ മഹനീയസാന്നിദ്ധ്യവും അനുഗ്രഹപ്രഭാഷണവും ഉണ്ടായിരുന്നു. ഫാ. തോമസ് കോഴിമല എം.സി.ബി.എസ്., ഫാ. ജോർജ് മുളങ്ങാട്ടിൽ, തോമസ് കുര്യൻ എന്നിവർ ക്ലാസുകൾ നയിച്ചു. ദമ്പതികളുടെ അനുഭവസാക്ഷ്യങ്ങൾ ഏറെ ഹൃദ്യമായിരുന്നു. പാനൽ ചർച്ചയും ചോദ്യോത്തരങ്ങളും വളരെ പ്രയോജനകരമായി. ഫാ. തോമസ് മണ്ണൂർ നയിച്ച ദിവ്യകാരുണ്യ ആരാധനയോടെ സംഗമം സമാപിച്ചു. ഫാ. കുര്യൻമറ്റം, ഫാ. ജെയിംസ് മടിക്കാങ്കൽ,

ഡോ. ജോസുകുട്ടി ജേക്കബ്, ഡോ. ജോസ് മാത്യു, സജി ജോസഫ് എന്നിവർ നേതൃത്വം നൽകി.

**8. സി-വാക്-അരുവിത്തുറ**

അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ സി-വാക് എന്ന പേരിൽ ഏകദിന സെമിനാർ നടത്തി. ഫാ. ജോർജ് പുല്ലുകാല, പ്രൊഫ. ഷീലമ്മ ജോർജ്, ജോയിസി തോമസ്, കോർഡിനേറ്റർ തോമസ് ജോർജ് എന്നിവർ നേതൃത്വം കൊടുത്തു. എബിൻ എറണാകുളം, മാത്യു ഇടുക്കി എന്നിവർ ക്ലാസുകൾ നയിച്ചു.

**ഫാ. കുര്യൻ മറ്റം, ഫാ. ജയിംസ് മടിക്കാങ്കൽ** (ഡിറക്ടേഴ്സ്)

# കുടുംബകൂട്ടായ്മ

3-1-2019 വ്യാഴാഴ്ച രാവിലെ 9.30 മുതൽ 1 വരെ കുടുംബകൂട്ടായ്മ രൂപത കൗൺസിൽ പാലാ ശാലോം പാസ്റ്ററൽ സെന്ററിൽ വച്ചുകൂടി. ജപമാല, റിപ്പോർട്ട് എന്നിവയ്ക്കുശേഷം മുൻ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. ഫൊറോനാ കൗൺസിലുകൾ കൂടുവാൻ തീരുമാനിച്ചു. ഡയറക്ടറച്ചൻ, കോർഡിനേറ്റർ, കൗൺസിലംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

15-1-2019 ചൊവ്വാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ കുടുംബകൂട്ടായ്മ റിസോഴ്സ് ടീമിലേയ്ക്കുള്ള പുതിയ ടീമിന് ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ക്ലാസ് എടുത്തു.

20-1-2019 ഞായറാഴ്ച ഉച്ചയ്ക്ക് 2.30 മുതൽ 4 വരെ പാലാ ളാലം സെന്റ് മേരീസ് കോൺവെന്റ് ചാപ്പലിൽ വച്ച് ദിവ്യകാരുണ്യാരാധനയോടെ കുടുംബകൂട്ടായ്മ പ്രവർത്തനങ്ങളുടെ വിജയത്തിനായി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ആനിമേറ്റേഴ്സ് ഫൊറോനാ കോർഡിനേറ്റേഴ്സ്, സെക്രട്ടറിമാർ രൂപത കൗൺസിലംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

23-1-2019 ബുധനാഴ്ച രാവിലെ 9.30 മുതൽ കുടുംബകൂട്ടായ്മ റിസോഴ്സ് ടീമിലേക്കു പുതുതായി കടന്നുവരുന്നവരുടെ തുടർപരിശീലനം ശാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റവ. സി. ജോസ്മേരി, ശ്രീ. ജോണി സിറിയക്, തോമസ് വടക്കേൽ എന്നിവർ നേതൃത്വം നൽകി.

30-1-2019 ബുധനാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് പുതിയ റിസോഴ്സ് ടീമിന്റെ തുടർ പരിശീലനം നടന്നു. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സി. ജോസ്മേരി എഫ്.സി.സി., പ്രൊഫ. ലിറ്റിൽ ഫ്ളവർ, ജോണി സിറിയക് തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. Counselling Course

ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ കൗൺസിലിങ് കോഴ്സുകൾ ആരംഭിക്കുകയാണ്. **Calicut University bpsS Christian Chair** മായി അഫിലിയേറ്റ് ചെയ്താണ് കോഴ്സുകൾ നടത്തുന്നത്. രണ്ടു കോഴ്സുകളാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്. **1. Diploma in Counselling 2. Certificate in Counselling**. ഡിപ്ലോമ കോഴ്സിന്റെ ദൈർഘ്യം ഒന്നരവർഷവും സർട്ടിഫിക്കറ്റ് കോഴ്സിന്റെ ദൈർഘ്യം ഒരു വർഷവുമായിരിക്കും. ഡിപ്ലോമ കോഴ്സിന്റെ അടിസ്ഥാന യോഗ്യത **Degree** യും സർട്ടിഫിക്കറ്റ് കോഴ്സിന് **S.S.L.C** ആയിരിക്കും. ഫെബ്രുവരി മുതൽ മാസത്തിലെ ഒരു ശനി, ഞായർ ദിവസങ്ങളിലാണ് ഡിപ്ലോമ കോഴ്സ് നടത്തപ്പെടുന്നത്. സർട്ടിഫിക്കറ്റ് കോഴ്സ് മാർച്ച് മുതൽ എല്ലാ മാസങ്ങളിലും രണ്ടു വെള്ളിയാഴ്ച ദിവസങ്ങളിലാണ് നടത്തപ്പെടുന്നത്. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പോസ്തലേറ്റ് ഓഫീസുമായി നേരിട്ടു ബന്ധപ്പെടുകയോ 04822 210049, 8547150049 എന്ന നമ്പരിൽ വിളിക്കുകയോ ചെയ്യുക.

## B. വിവാഹ ഒരുക്ക കോഴ്സ്

**1. സർട്ടിഫിക്കറ്റ്**

**ജനുവരി 14-16, 28-30** തിയതികളിലെ വിവാഹ ഒരുക്ക കോഴ്സിൽ 303 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ഫെബ്രുവരി 18-20** തിയതിയിലേക്കു നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു. **മാർച്ച് 11-13, 25-27** തീയതികളിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**3. പേരന്റ്സ് മീറ്റ്**

ജനുവരി മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. 406 മാതാപിതാക്കൻമാർ സംബന്ധിച്ചു.

## C. മാതൃ-പിതൃവേദി സംയുക്തപരിപാടികൾ

**1. സെമിനാർ- ഇലഞ്ഞി**

ഇലഞ്ഞി ഫൊറോനയിൽ വച്ച് ജനുവരി 11 ന് മാതൃ-പിതൃവേദികളുടെ സംയുക്ത ആഭിമുഖ്യത്തിൽ സെമിനാറും സമ്മേളനവും നടത്തപ്പെട്ടു. റവ. ഡോ. സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം വികാരി ജനറാൾ മോൺ. വെരി. റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന സെമിനാറിൽ 'കൗമാരപ്രായത്തിന്റെ താളപ്പിഴകൾ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സി. ജെയ്സി ഡി.എസ്.റ്റി. ക്ലാസ്സെടുത്തു. ശ്രീ. ജോസ് ജോൺ കീലത്ത്, ശ്രീമതി. വേറോനിക്ക ആര്യപ്പള്ളിൽ, ശ്രീമതി മേരിക്കുട്ടി വടക്കുംകര എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. ഇലഞ്ഞി മേഖല, യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

## D. പിതൃവേദി

**1. പുതിയ യൂണിറ്റ് - പാലാക്കാട്, മലപ്പുറം**

പാലാക്കാട്, മലപ്പുറം ഇടവകകളിൽ പിതൃവേദിയുടെ പുതിയ യൂണിറ്റ് ആരംഭിച്ചു.

**2. 2017-18 വാർഷികം & തിരഞ്ഞെടുപ്പ് - പാലാ**

പാലാ രൂപത പിതൃവേദി 2017-18 കാലഘട്ടത്തിന്റെ വാർഷികാഘോഷവും 2019-2020 വർഷത്തേയ്ക്കുള്ള രൂപതാഭാരവാഹികളുടെ തിരഞ്ഞെടുപ്പും പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ വാർഷികാഘോഷത്തിന്റെ ഉദ്ഘാടനം നടത്തി. സമ്മേളനത്തിന് പിതൃവേദി ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ ആമുഖപ്രഭാഷണം നടത്തുകയും ശ്രീ. ജോർജുകുട്ടി ആഗസ്തി കുടുംബത്തെക്കുറിച്ച് ക്ലാസ് നയിക്കുകയും ചെയ്തു. പിതൃവേദി രൂപതാഭാരവാഹികൾ സമ്മേളനത്തിന് നേതൃത്വം വഹിച്ചു. 2019-20 വർഷത്തേക്കുള്ള ഭാരവാഹികൾ യഥാക്രമം ശ്രീ. ജോസ് ജോൺ കീലത്ത് രാമപുരം (പ്രസിഡന്റ്), ശ്രീ. കുര്യാക്കോസ് പാറപ്ലാക്കൽ ജോസ്മൗണ്ട് (വൈസ് പ്രസിഡന്റ്), ശ്രീ. ജോസഫ് വടക്കേൽ അരുവിത്തുറ (സെക്രട്ടറി), ശ്രീ. ജോസ് തോമസ് മുത്തനാട്ട് തീക്കോയി(ജോയിന്റ് സെക്രട്ടറി), ശ്രീ. സാജു കാരാമയിൽ ചേർപ്പുങ്കൽ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

**4. വാർഷികം- മണ്ണാറപ്പാറ**

ജനുവരി 26ന് മണ്ണാറപ്പാറ യൂണിറ്റിന്റെ പിതൃവേദി വാർഷികാഘോഷം നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ പങ്കെടുത്തു.

**5. സന്ദർശനം- പെരുംതുരുത്ത്**

പെരുംതുരുത്ത് മാതൃവേദി യൂണിറ്റ് സന്ദർശിച്ച് ഡയറക്ടർ റവ. ഡോ. ഷീൻ പാലക്കത്തടത്തിൽ പുനരവലോകനം നടത്തി.

## E. മാതൃവേദി

**1. മുണ്ടാങ്കൽ**

മാമ്മോദീസ സ്വീകരിച്ച് പുതിയതായി ക്രൈസ്തവ മതത്തിലേക്കു കടന്നുവന്ന ഒരു പാവപ്പെട്ട കുടുംബത്തിന് മുണ്ടാങ്കൽ യൂണിറ്റ് പുതുവസ്ത്രങ്ങൾ നല്കി.

**2. ഇലഞ്ഞി, തീക്കോയി, രാമപുരം, കുറവിലങ്ങാട്**

ഇലഞ്ഞി മേഖലയുടെ ആഭിമുഖ്യത്തിൽ മുളക്കുളം സ്നേഹഗിരിയിലെ അന്തേവാസികൾക്ക് ഉച്ചഭക്ഷണം നല്കി. തീക്കോയി, രാമപുരം, കുറവിലങ്ങാട് യൂണിറ്റുകളിൽ കേക്കുവിതരണം, രോഗീസന്ദർശനം, കുഞ്ഞുടുപ്പുവിതരണം തുടങ്ങിയവ നടത്തപ്പെട്ടു.

**3. മേഖലാസംഗമങ്ങൾ - കൂട്ടിക്കൽ, മുട്ടുചിറ**

ജനുവരി 7-ന് മുട്ടുചിറയിലും 19-ന് കൂട്ടിക്കലും 21-ന് ചേർപ്പുങ്കലും മാതൃവേദിസംഗമങ്ങൾ നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ. ഡോ. ഷീൻ പാല

യ്ക്കത്തടത്തിൽ സമ്മേളനങ്ങൾക്ക് നേതൃത്വം നല്കി ആശംസകൾ നേർന്നു പ്രസംഗിച്ചു.

**4. ഭാരവാഹികളുടെ സംഗമം**

കടുത്തുരുത്തി, ചേർപ്പുങ്കൽ ഫെറോനയിലെ ഭാരവാഹികളുടെ സംഗമം നടത്തപ്പെട്ടു

## F. മാതൃവേദി

**ഹോംമിഷൻ**

**1. മീറ്റിങ് - പാലാ**

ഹോംമിഷൻ സിസ്റ്റേഴ്സിനെ വിളിച്ചുകൂട്ടി മീറ്റിങ് നടത്തി. ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും റവ. ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ ക്ലാസ്സെടുക്കുകയും ചെയ്തു.

**2. ചേറ്റുതോട്**

ചേറ്റുതോട് ഇടവകയിൽ ജനുവരി 14 മുതൽ ആരംഭിച്ച ഹോംമിഷൻ 19-ന് അവസാനിച്ചു.

**3. പൂവക്കുളം**

പൂവക്കുളം ഇടവകയിൽ ഫെബ്രുവരി 10 മുതൽ ഹോംമിഷൻ ആരംഭിക്കുന്നതാണ്.

## G. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ഫെബ്രുവരി മാസത്തെ മാഗസിൻ വർക്കുകൾ ചെയ്തുവരുന്നു.

## I. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

**1. ക്ലാസ്സുകൾ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റിക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ , ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ — 9496571321

**J. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം തോടനാൽ, കൊഴുവനാൽ (2), മലയിഞ്ചിപ്പാറ, മാനത്തൂർ, ചേർപ്പുങ്കൾ, പിഴക്, പൂഞ്ഞാർ, മുട്ടുചിറ, പാലാ കത്തീഡ്രൽ, കാഞ്ഞിരമറ്റം, രാമപുരം എന്നീ ഇടവകകളിലെ നിർദ്ധനരായ കത്തോലിക്കപെൺകുട്ടികൾക്ക് വിവാഹസഹായമായി **60,000** രൂപാ നൽകി.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ഡിസംബർ മാസത്തെ മാഗസിൻ വിതരണം ചെയ്തുവരുന്നു.

**ഫാ. അബ്രഹാം പാലയ്ക്കത്തടത്തിൽ** (ഡയറക്ടർ)

---

# എ.കെ.സി.സി.

---

**1. കർഷകസംഗമവും സമരപ്രഖ്യാപനവും**

കത്തോലിക്ക കോൺഗ്രസ് പാലാ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ കർഷക സംഗമവും റബർ കർഷക സമരപ്രഖ്യാപനവും ഫെബ്രുവരി 10-ാം തീയതി കോതനല്ലൂരിൽ വച്ച് നടത്തപ്പെടുന്നു. പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യും. റബർ കർഷകപ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കത്തോലിക്കാ കോൺഗ്രസ് നടത്തുന്ന സമരങ്ങളുടെ തുടക്കവും സമ്മേളനത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷതവഹിക്കുന്ന സമ്മേളനത്തിൽ ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, സാജു അലക്സ്, ഇമ്മാനുവൽ നിധീരി എന്നിവർ പ്രസംഗിക്കും.

**2. അടുക്കളത്തോട്ട മത്സരവിജയികൾക്ക് സമ്മാനദാനം**

കത്തോലിക്ക കോൺഗ്രസ് ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലായി സംഘടിപ്പിച്ച അടുക്കളത്തോട്ട മത്സരവിജയികൾക്ക് ഫെബ്രുവരി 10-ന് നടക്കുന്ന കർഷക സംഗമത്തിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്. രൂപതാതല മത്സരത്തിന് മുന്നോടിയായി വിവിധ ഫൊറോന തലങ്ങളിലും വിവിധ ഇടവക തലങ്ങളിലും മത്സരങ്ങൾ നടത്തപ്പെട്ടു. ഇവിടങ്ങളിൽ ജയിച്ചവർക്ക് അതാത് ഫൊറോന, ഇടവക സമിതികളുടെ നേതൃത്വത്തിൽ ക്യാഷ് അവാർഡും സമ്മാനങ്ങളും വിതരണം ചെയ്തു. ഇതിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടവരാണ് രൂപതാതല മത്സരത്തിൽ പങ്കെടുത്തത്. രൂപതാതല മത്സരങ്ങളിൽ വിജയികളായവർ-

ഒന്നാം സമ്മാനം - ജോഷി കണ്ണീറ്റുമ്യാലിൽ, കോതനല്ലൂർ
രണ്ടാം സമ്മാനം - സെബാസ്റ്റ്യൻ മുതുകുളത്ത്, മുട്ടുചിറ
മൂന്നാം സമ്മാനം - രശ്മി, കുടത്തിനാൽ, കുറവിലങ്ങാട്

15000, 10000, 7500 എന്നീക്രമത്തിൽ ക്യാഷ് അവാർഡും ട്രോഫിയും വിജയികൾക്ക് നൽകുന്നതാണ്. കൂടാതെ 5 പേർക്ക് പ്രോത്സാഹനസമ്മാനങ്ങളും ഉണ്ടായിരിക്കുന്നതാണ്. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മാനദാനം നിർവ്വഹിക്കും.

**3. നവ വൈദികർക്ക് സ്വീകരണം**

പാലാ രൂപതയിൽ ഈ വർഷം നവാഭിഷിക്തരായ വൈദികർക്ക് കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകുന്നു. മുൻ വർഷങ്ങളിലെല്ലാം നവവൈദികർക്ക് രൂപതാ സമിതിയുടെ നേതൃത്വത്തിൽ സ്വീകരണങ്ങൾ നൽകിയിരുന്നു. ഈ വർഷത്തെ സ്വീകരണം ഫെബ്രുവരി 10-ന് രൂപതാ നേതൃസമ്മേളനത്തിൽ വച്ച് നൽകപ്പെടുന്നതാണ്.

**4. സാമ്പത്തികസംവരണം**

മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വിദ്യാഭ്യാസ, ജോലി രംഗങ്ങളിൽ 10% സംവരണം ഏർപ്പെടുത്താനുള്ള കേന്ദ്രസർക്കാർ നടപടിയെ കത്തോലിക്ക കോൺഗ്രസ് പാലാ രൂപതാ സമിതി അഭിനന്ദിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്തു. സംവരണനീക്കത്തിന് തുരങ്കം വയ്ക്കാൻ ശ്രവിക്കുന്നവർ പിൻമാറണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രൂപതാസമിതി പ്രമേയം പാസാക്കി ബന്ധപ്പെട്ടവർക്ക് നൽകുകയുണ്ടായി.

**5. സൈബർ ഫോറം ട്രെയിനിംഗ്**

കത്തോലിക്കാ കോൺഗ്രസ് രൂപീകരിച്ച സൈബർ ആക്ഷൻ ഫോറം ട്രെയിനിംഗ് ജനുവരി 27-ന് പാലായിൽ വച്ച് നടത്തപ്പെടുന്നു. സോബി തോമസ്, പോൾസൺ ഫിലിപ്പ്, ജോമി ജോസഫ് എന്നിവർ ട്രെയിനിംഗിൽ നേതൃത്വം നൽകുന്നതാണ്.

**ഇമ്മാനുവേൽ നിധീരി** (ജന. സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. ഭിന്നശേഷിക്കാർക്ക് ക്ഷേമപദ്ധതി -സെമിനാർ നടത്തി**

കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ഭിന്നശേഷിക്കാർക്കായി ലില്ലിയൻസ് ഫോണ്ട്സ് സഹായ പദ്ധതിയുടെ ഭാഗമായുള്ള ബോധവത്കരണ സെമിനാർ നടത്തി. ളാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സിബി ജോർജ് ഓടയ്ക്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു. പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന സെമിനാറിന് പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ അദ്ധ്യക്ഷത വഹിച്ചു. ളാലം ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ ഡെയ്സമ്മ വർക്കി ഏറ്റുമാനൂർ ബ്ലോക്ക് സാമൂഹ്യ സുരക്ഷാ ഓഫീസർ ട്രീസ ജോസഫ് എന്നിവർ ക്ലാസ് നയിച്ചു.

**2. ഭിന്നശേഷിക്കാർക്ക് ധനസഹായ വിതരണം ആരംഭിച്ചു.**

ഭിന്നശേഷിയുള്ള കുട്ടികൾക്കായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നടപ്പിലാക്കി വരുന്ന എസ്.എൽ.എഫ്. പദ്ധതിപ്രകാരമുള്ള ഫണ്ട് വിതരണം ആരംഭിച്ചു. കഴിഞ്ഞമാസം പി.എസ്.ഡബ്ല്യു.എസ്. ൽ നടന്ന സെമിനാറിൽ പങ്കെടുത്ത് ബില്ലുകൾ സമർപ്പിച്ചവർക്കാണ് ധനസഹായം നൽകുക. കുട്ടികളുടെ ചികിത്സ, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കാണ് പദ്ധതി ധനസഹായം ലഭിക്കുക.

**3. സാമൂഹ്യ സുരക്ഷ പദ്ധതികൾ സെമിനാർ 30 സ്ഥലങ്ങളിൽ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നബാർഡ് ഇ-ശക്തി പ്രോഗ്രാമിന്റെ ഭാഗമായി മുപ്പത് സ്ഥലങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായുടെ അദ്ധ്യക്ഷതയിൽ നബാർഡ് കോട്ടയം ജില്ലാ മാനേജർ എസ്. ദിവ്യ നിർവ്വഹിച്ചു.

കേന്ദ്രസർക്കാരിന്റെ അടൽ പെൻഷൻ യോജന, പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന, പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന തുടങ്ങിയ വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികളെക്കുറിച്ച് ബോധവത്ക്കരണവും പദ്ധതി രജിസ്ട്രേഷനുമാണ് സെമിനാറിന്റെ ലക്ഷ്യം. കോട്ടയം ജില്ലാ സർവ്വീസ് സഹകരണ ബാങ്ക് സാമ്പത്തിക സാക്ഷരതാ സെൽ കൗൺസിലർ അനു സി.എ. സെമിനാറിന് നേതൃത്വം നൽകുന്നു. രൂപതയിലെ മുപ്പത് സ്ഥലങ്ങളിൽ വച്ച് സെമിനാറുകൾ നടക്കും.

**4. ക്ഷീര സമൃദ്ധി**

'ക്ഷീര സമൃദ്ധി 2019' പദ്ധതിപ്രകാരം സ്വയം സഹായസംഘാംഗങ്ങൾക്ക് പശു വളർത്തൽ ആരംഭിക്കുന്നതിന് വേണ്ടി കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ അനുവദിക്കുന്നു. ബാങ്ക് ലിങ്കേജ് പദ്ധതിയനുസരിച്ച് ഒരു ലക്ഷം രൂപാവരെ ലോൺ നൽകുന്നു.

**5. അടുക്കളത്തോട്ടം മത്സരം**

സൊസൈറ്റിയുടെ വിവിധ സോണുകളുടെ ആഭിമുഖ്യത്തിൽ ഹരിത ഭവനം എന്ന പേരിൽ അടുക്കളത്തോട്ട മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നു.

**6. സിന്ധാ വാട്ടർ ടാങ്കുകൾ**

പി.എസ്.ഡബ്ല്യു.എസ്. ന്റെ വേനൽകാല ജലസംഭരണപദ്ധതിയുടെ ഭാഗമായി സിന്ധ വാട്ടർ ടാങ്കുൾ ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിൽ വിതരണം ചെയ്തുവരുന്നു.

**7. വരുമാന വർദ്ധക പദ്ധതി - വിധകൾക്ക്**

പി.എസ്.ഡബ്ല്യു.എസ്. ന്റെ വിധവാ ക്ഷേമപദ്ധതി പ്രകാരം കോഴിവളർത്തൽ സംരംഭം ആരംഭിക്കുന്നതിന് ഏതാനും വിധവകൾക്ക് ധനസഹായം നൽകുന്നു.

**8. ആരോഗ്യ ബോധവൽക്കരണ സെമിനാർ**

കുറവിലങ്ങാട്, കടനാട് സ്വാശ്രയസംഘത്തിന്റെ ആഭിമുഖ്യത്തിൽ ആരോഗ്യ ബോധവൽക്കരണ സെമിനാർ നടത്തി.

**9. ധനസഹായങ്ങൾ**

സൊസൈറ്റിയുടെ വിവിധ സ്വയം സഹായസംഘങ്ങൾ കഴിഞ്ഞമാസം 48000 രൂപായുടെ ചികിത്സാ സഹായം വിതരണം ചെയ്തു.

**10. ആശാകിരണം**

ആശാകിരണം പദ്ധതിപ്രകാരം ക്യാൻസർ ചികിത്സയ്ക്ക് 35000 രൂപായുടെ ധനസഹായം വിതരണം ചെയ്തു.

**10. കുടുംബോദ്ധാരണ പദ്ധതി**

കുടുംബോദ്ധാരണപദ്ധതിപ്രകാരം കഴിഞ്ഞമാസം 206345 രൂപായുടെ ധനസഹായം വിതരണം ചെയ്തു.

**12. സ്വാശ്രയസംഘം വാർഷികങ്ങൾ**

പിറവം, അടുക്കം, മണ്ണാറപ്പാറ, തുടങ്ങനാട് സ്വാശ്രയസംഘങ്ങളുടെ വാർഷികങ്ങൾ നടന്നു.

**ഫാ. മാത്യു പുല്ലുകാലായിൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**എസ്.എസ്.എൽ.സി. പരീക്ഷ ഒരുക്ക ക്യാമ്പ്**

ഡി.സി.എം.എസ്. പാലാ രൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ മുണ്ടുപാലം ബ്ലസഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഡിസംബർ 26,27 തീയതികളിൽ എസ്.എസ്.എൽ.സി. പഠിക്കുന്ന കുട്ടികൾക്ക് പരീക്ഷ ഒരുക്ക ക്യാമ്പ് നടത്തപ്പെട്ടു. ഡി.സി.എം.എസ്. രൂപത ഓർഗനൈസർ ശ്രീ. പി.ഒ. പീറ്ററിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. മൈനഡ്സ് ഡയറക്ടർ ശ്രീ. ജോർജ് കരുണയ്ക്കൽ, റവ.സി. ആൻമരി എസ്.എച്ച്. ശ്രീ. സദീപ് കെ.പി. കോക്കപ്പുറത്ത്, ശ്രീ. ജോബി തോമസ് നിരപ്പിൽ, ശ്രീ. സണ്ണി സി.എ. പുളിനിൽക്കുന്നോരം, ശ്രീ. ദിനേശ് മുയറ്റിൽ, ശ്രീമത് ഗീതമ്മ എം.യു., ശ്രീമതി ജാൻസി സജി, ശ്രീമതി മോളി കെ.സി., ശ്രീ. പി.ഒ. പീറ്റർ, ഫാ. ജോസ് വടക്കേക്കുറ്റ് എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസെടുത്തു. ആൽവിൻ മാത്യു, സാവിയോ സണ്ണി, അലീന സിബി, സിറിൾ കെ.ജെ., ബിജി സാലസ്, ബേബി പാറയ്ക്കൽ, സാലി ചാക്കോ, അഞ്ജലി ബേബി എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

**2. ഉദ്യോഗസ്ഥ – ഉദ്യോഗാർത്ഥി സെമിനാർ**

ഡി.സി.എം.എസ്. പാലാ രൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ ഡി.സി. എം.എസ്. എംപ്ലോയീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ പാലാ സെന്റ് തോമസ് ട്രെയിനിംഗ് കോളേജിൽ വച്ച് ഡി.സി.എം.എസ്. ഉദ്യോഗസ്ഥ – ഉദ്യോഗാർത്ഥികൾക്കുവേണ്ടി ഏകദിന സെമിനാർ, 2018 ഡിസംബർ 27–ാം തീയതി രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ നടത്തപ്പെട്ടു. ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സെമിനാർ ഉദ്ഘാടനം ചെയ്തു. ശ്രീ. ജോർജ് കരുണയ്ക്കൽ, ശ്രീ. വർഗ്ഗീസ് പോൾ എന്നിവർ സെമിനാറിന് ക്ലാസെടുത്തു. സന്ദീപ് കെ.പി, ജോയി മാത്യു, ദിനേശ് മുയററിൽ, ബിന്ദു ബിജി, ജാൻസി, ജോഷ്വാ, ആൽവിൻ, സാലി, സജന അഞ്ജലി, ബേബി പാറയ്ക്കൽ എന്നിവർ സെമിനാറിന് നേതൃത്വം നൽകി.

**3. കെ.സി.ബി.സി സ്കോളർഷിപ്പ്**

2016, 17, 18 വർഷങ്ങളിൽ എസ്.എസ്.എൽ.സി., +2, ഡിഗ്രി, പി.ജി പരീക്ഷകളിൽ ഫസ്റ്റ് ക്ലാസ് നേടിയ കുട്ടികൾക്കുള്ള കെ.സി.ബി.സി സ്കോളർഷി

പ്പുകൾ ഡിസംബർ 28-ാം തീയതി സെന്റ് തോമസ് ട്രെയിനിംഗ് കോളേജ് ഓഡിറ്റോറിയത്തിൽവച്ച് വിതരണം ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ കെ.സി.ബി.സി./ എസ്.സി./എസ്.ടി/ബി.സി. കമ്മീഷൻ ചെയർമാൻ മാർ ജേക്കബ് മുരിക്കൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. സ്കോളർഷിപ്പ് വിതരണം ചെയ്തു. രൂപത ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ യോഗത്തിന് സ്വാഗതം പറയുകയും രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ കുന്നുംപുറം ആമുഖപ്രഭാഷണവും നടത്തി. സെന്റ് തോമസ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ സി. പവിത്ര സി.എം.സി., രാമപുരം സെന്റ് അഗസ്റ്റ്യൻസ് എച്ച്.എസ്.എസ്. അദ്ധ്യാപകൻ ശ്രീ. സദീപ് കെ.പി. എന്നിവർ ആശംസകളർപ്പിക്കുകയും ശ്രീമതി ബിജി സാലസ് യോഗത്തിന് കൃതജ്ഞതയർപ്പിക്കുകയും ചെയ്തു. ജോഷ്വാ ജോസഫ്, ആൽവിൻ മാത്യു, മെറിൻ സനീഷ്, അഞ്ജലി ബേബി, സാലി ചാക്കോ, സജന സണ്ണി എന്നിവർ യോഗത്തിന് നേതൃത്വം നൽകി.

**4. +1, +2, ഡിഗ്രി ക്യാമ്പ്**

ഡി.സി.എം.എസ്. പാലാ രൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഡിസംബർ 28,29,30 തീയതികളിൽ ക്യാമ്പ് നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ശ്രീ. ജോർജ് കരുണയ്ക്കൽ, റവ. സി. ആൻമരിയ എസ്.എച്ച്. ഫാ. ജോസ് വടക്കേക്കുറ്റ്, ശ്രീ. പി.ഒ. പീറ്റർ, സദീപ് കെ.പി. ശ്രീ. വർഗീസ് പോൾ, മംഗളദാസ് എന്നിവർ ക്യാമ്പിന് ക്ലാസെടുത്തു. ജോഷ്വാ, ആൽബിൻ, നീതുമോൾ ബാബു, അഞ്ജലി ബേബി, സീനാ ഐസക്, അനൂപ് ജോയി, സജന സണ്ണി, സാലി ചാക്കോ, ബിജി സാലസ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

**5. സിവിൽ സർവ്വീസ് കോച്ചിംഗ് ക്യാമ്പ്**

DCMS പാലാ രൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ 5 മുതൽ 9 വരെ ക്ലാസിൽ പഠിക്കുന്ന ദലിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടി ഡിസംബർ 27,28 തീയതികളിൽ സിവിൽ സർവ്വീസ് കോച്ചിംഗ് ക്യാമ്പ് പാലാ സെന്റ് തോമസ് ട്രെയിനിംഗ് കോളേജിൽവച്ച് നടത്തപ്പെട്ടു. ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ശ്രീ. ജോർജ് കരുണയ്ക്കൽ, ജിൻസ്, ജിബു ജേക്കബ്, അശ്വിൻ അഗസ്റ്റിൻ, ജയലക്ഷ്മി രാജാ എന്നിവർ ക്ലാസെടുത്തു. സദീപ് കെ.പി, ജോയി മാത്യു, ബിജി സാലസ്, ജാൻസി സജി, ബീന, സാലി ചാക്കോ, അഞ്ജലി ബേബി, ഗീതമ്മ എം.യു, ബിന്ദു സെബാസ്റ്റ്യൻ, മെറിൻ സനീഷ്, ജോഷ്വാ ജോസഫ്, ആൽവിൻ മാത്യു എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

**6. അനുശോചനം**

DCMS രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ കുന്നുംപുറത്തിന്റെ ഭാര്യാപിതാവും ഡി.സി.എം.എസ്. പൂഞ്ഞാർ മേഖലാ പ്രസിഡന്റ് ആലീസിന്റെ പിതാവായ ജോസഫ് കുന്നുംപുറത്തിന്റെ മൃതസംസ്കാരചടങ്ങിൽ രൂപത ഡയറക്ടർ

ഫാ. ജോസ് വടക്കേക്കുറ്റ് ഒപ്പീസുചൊല്ലുകയും അന്തിമോപചാരമർപ്പിക്കുകയും ചെയ്തു. ഡി.സി.എം.എസ്. രൂപത കമ്മിറ്റിയംഗങ്ങളും പങ്കെടുക്കുകയും അനുശോചനമറിയിക്കുകയും ചെയ്തു.

**7. പി.എസ്.സി. കോച്ചിംഗ്**

പാലാ രൂപത ഡി.സി.എം.എസ്. സംഘടനയുടെ ആഭിമുഖ്യത്തിൽ 2019 മാർച്ച് മാസം മുതൽ പ്ലസ്ടു പാസായ വിദ്യാർത്ഥികൾക്കായി പി.എസ്.സി. കോച്ചിംഗ് നടത്തപ്പെടുന്നു. താത്പര്യമുള്ള ഡി.സി.എം.എസ്. വിഭാഗത്തിൽപെട്ട യുവജനങ്ങൾ ഡി.സി.എം.എസ്. രൂപതാ ഓഫീസിൽ 20-2-2019 നു മുമ്പായി 100 രൂപാ അടച്ച് പേര് രജിസ്റ്റർ ചെയ്യുക. പി.എസ്.സി. ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്ത 10-ാം ക്ലാസ് പാസായ എല്ലാവർക്കും സൗജന്യ രജിസ്ട്രേഷൻ നടത്തി നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഡി.സി.എം.എസ്. ഓഫീസുമായു ബന്ധപ്പെടുക. ഫോൺ : 8281961038. പാസ്പോർട്ട് സൈസ് ഫോട്ടോ (തീയതിയും, പേരും ചേർത്തത്), എസ്.എസ്.എൽ.സി. ബുക്ക്, ആധാർ കാർഡ്, പ്ലസ്ടു, ഡ്രിഗ്രി എന്നിവയുടെ കോപ്പി എന്നിവയും സി.ഡി.യിൽ ചെയ്തു കൊണ്ടു വരണം.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. മണിയംകുളം രക്ഷാഭവനിൽ ഉപകാരികളുടെ സംഗമം നടത്തി**

സ്നേഹഗിരി സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ മണിയംകുന്ന് പ്രവർത്തിക്കുന്ന രക്ഷാഭവൻ, കൃപാലയം എന്നീ സ്ഥാപനങ്ങളിലെ ഉപകാരികളുടെ സംഗമം നടത്തി. വികാരി ഫാ. തോമസ് പുരയിടം, ഫാ. ജോസഫ് അരിമറ്റം എന്നിവരുടെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനം കെയർ ഹോംസ് ഡയറക്ടർ ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അർച്ചന, ഫാ. മൈക്കിൾ ചീരാംകുഴി, സി. കാർമ്മൽ ജിയോ, സി. വനജ ചുവപ്പുങ്കൽ, സി. റോസ്മിത കാച്ചപ്പള്ളിൽ തുടങ്ങിയവർ പ്രസംഗിച്ചു. സ്ഥാപനത്തിലെ അന്തേവാസികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**2. സ്പെഷ്യൽ സ്കൂളുകളോടുള്ള അവഗണനയ്ക്കെതിരെ ധർണ്ണ നടത്തി**

സ്പെഷ്യൽ സ്കൂളുകളോടുള്ള അവഗണനയ്ക്കെതിരെ സംസ്ഥാനത്തെ വിവിധ ജില്ലാ കളക്ട്രേറ്റിലേക്ക് മാർച്ചും ധർണ്ണയും നടത്തി. കോട്ടയത്ത് തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ ധർണ്ണ ഉദ്ഘാടനം ചെയ്തു. പി.സി. ജോർജ് എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി. പാലായിൽനിന്ന് വിവിധ സ്പെഷ്യൽ സ്കൂളിലെ പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# കെ.എൽ.എം.

**1. സാന്ത്വനം പദ്ധതി**

പ്രവാസജീവിതം കഴിഞ്ഞു നാട്ടിൽ തിരികെയെത്തി ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമേകുന്ന 'സാന്ത്വനം' പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് www.norkaroots.net വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 0471-2770522.

**2. ആശ്വാസം പദ്ധതി**

കേരള സംസ്ഥാന വികസനക്ഷേമ കോർപറേഷൻ ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ പദ്ധതിപ്രകാരം സൂക്ഷ്മ-ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് 'ആശ്വാസം' എന്ന പേരിൽ 25,000 രൂപ ധനസഹായം അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ഫോൺ: 0471-2347768, 7152, 7153 , 7156 . അപേക്ഷാഫോറം www.hpwc.kerala.gov.in ൽ ലഭ്യമാണ്.

**3. ഉന്നതവിദ്യാഭ്യാസം നേടുന്ന ഒബിസി വിഭാഗത്തിനു സ്കോളർഷിപ്പ്**

സംസ്ഥാനത്തിനുപുറത്ത് ദേശീയപ്രാധാന്യമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലും അഖിലേന്ത്യാപ്രവേശനപരീക്ഷയുടെ അടിസ്ഥാനത്തിൽ ഐ.ഐ.ടി., ഐ.ഐ.എം., ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, എയിംസ്, ടിസ് തുടങ്ങിയ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലും ഗ്രാജ്വേറ്റ്, പോസ്റ്റുഗ്രാജ്വേറ്റ് കോഴ്സുകളിൽ പഠിക്കുന്ന ഒബിസി വിഭാഗം വിദ്യാർത്ഥികളിൽനിന്നും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് www.bcdd.kerala.gov.in ൽ ലഭിക്കും. ഫോൺ: 0471-2727379, 0484-2429130, 0495-2377786.

**4. സൗദിയിൽ എക്സ്റേ/ ലാബ്ടെക്നീഷ്യൻ നിയമനം**

സൗദിഅറേബ്യയിലെ ദമാമിലെ പ്രമുഖ പോളിക്ലിനിക്കിലേക്ക് എക്സ്റേ, ലബോറട്ടറി ടെക്നീഷ്യൻ (സ്ത്രീകൾ മാത്രം) ഒഴിവുകളിലേക്ക് ഒഡിഇപിസി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നു. വിവരങ്ങൾക്ക് www.odepc.kerala.gov.in

5. ബി.എസ്.സി. /ഡിപ്ലോമ നേഴ്സുമാരെ സ്കൈപ്പ് വഴി ഇന്റർവ്യൂ ചെയ്യും

സൗദി അറേബ്യയിലെ അൽമൗവ്വാസാത്ത് ഹെൽത്ത് ഗ്രൂപ്പിലേക്ക് ബി.എസ്.സി. /ഡിപ്ലോമ നേഴ്സുമാരെ (സ്ത്രീകൾ മാത്രം) നിയമിക്കുന്നു. വിശദവിവരങ്ങൾക്ക് www.odepc.kerala.gov.in ൽ ലഭ്യമാണ്. ഫോൺ-0471-2329440, 41, 42, 43.

**6. ന്യൂനപക്ഷവിഭാഗങ്ങളിലേക്ക് പ്രഫ. ജോസഫ് മുണ്ടശേരി സ്കോളർഷിപ്പ്**

സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം/ബിരുദാനന്തര ബിരുദതലങ്ങളിൽ പഠിച്ച് ഉന്നതവിജയം നേടിയ ന്യൂനപക്ഷമതവിഭാഗമായ ക്രൈസ്തവകുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അപേക്ഷ

ക്ഷണിച്ചു. കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ വിദ്യാർത്ഥികളിൽ 2017-18 അധ്യയനവർഷത്തിൽ ബിരുദതലത്തിൽ 75 80 ശതമാനം മാർക്കോ ബിരുദ/ബിരുദാനന്തരതലത്തിൽ 75 ശതമാനം മാർക്കോ നേടിയവർക്ക് 15,000 രൂപയാണ് സ്കോളർഷിപ്പ്. www.minoritywelfare.kerala.gov.in അഥവാ 0471 -2300524.

**7. ഫാക്ടിൽ 155 അപ്രന്റീസ്**

എറണാകുളം ഉദ്യോഗമണ്ഡലിൽ പ്രവർത്തിക്കുന്ന കേന്ദ്രപൊതുമേഖലാസ്ഥാപനമായ എഫ്.എ.സി.ടി.യിൽ അപ്രന്റീസിന്റെ 155 ഒഴിവുകളുണ്ട്. വെബ്സൈറ്റ് www.fact.co.in

**8. നവോദയിൽ 251 അവസരം**

ജവഹർ നവോദയ വിദ്യാലയങ്ങളിൽ 218 പോസ്റ്റ്ഗ്രാജ്വേറ്റ് ടീച്ചർ ഉൾപ്പെടെ 251 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫെബ്രുവരില 14 വരെ സ്വീകരിക്കും. www.navodaya.gov.in

**9. നാവികസേനയിൽ 102 ഓഫീസർ**

നാവികസേനയിൽ ടെക്നിക്കൽ/എക്സിക്യൂട്ടീവ്/എൻ.എ.ഐ.സി. ബ്രാഞ്ചുകളിൽ എഞ്ചിനീയറിംഗ് ബിരുദധാരികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 1. വെബ്സൈറ്റ് www.joinindiannavy.gov.in

**10. NPCIL : 162 ട്രെയിനി**

പൊതുമേഖലാസ്ഥാപനമായ ന്യൂക്ലിയർ പവർകോർപറേഷൻ സ്റ്റൈപ്പന്ററി ട്രെയിനികളുടെ 165 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. വെബ്സൈറ്റ് www.npcilcareers.co.in

**11. ESIC 329 ഡോക്ടർ**

എംപ്ലോയിസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപറേഷൻ ഡോക്ടർമാരുടെ 329 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. വെബ്സൈറ്റ് www.esic.nic.in/recruitment. വിശദവിവരങ്ങൾ പള്ളിയിൽ അറിയിക്കുമല്ലോ.

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

---

# അഡാർട്ട്

---

**1. ബോധവത്കരണ ക്ലാസുകൾ**

സെന്റ് ജോസഫ്സ് എച്ച്.എസ്. മറ്റക്കര (ജനു.14), ലിറ്റിൽ ഫ്ളവർ സ്കൂൾ എച്ച്.എസ്.എസ്., കാഞ്ഞിരമറ്റം (ജനു. 15) കുന്നന്താനം (ജനു. 18), തുടങ്ങനാട് (ജനു. 19) എൻ.എസ്.എസ്. എച്ച്.എസ്., കോന്തല (ജനു. 22), കുഞ്ഞച്ചൻ മിഷനറി ഹോം (ജനു. 20).

**2. സ്കൂൾ ധ്യാനം**

പാലാ സെന്റ് മേരീസ് എച്ച്.എസ്.എസിലെ 5 മുതൽ 8 വരെ ക്ലാസുകളിലെ ക്രൈസ്തവരായ  കുട്ടികൾക്കായി ഫാ. മാത്യു പുതിയിടത്ത് ജനുവരി 4-ാം തീയതി ധ്യാനം നടത്തി. അക്രൈസ്തവരായ കുട്ടികൾക്കായി അഡാർട്ടിലെ സീനിയർ കൗൺസിൽ ഷാജി കച്ചിറമറ്റം ക്ലാസ്സെടുത്തു.

**ഗാന്ധിദർശൻ സംസ്ഥാനതല ക്വിസ് മത്സരം**

സ്കൂൾ തലത്തിൽ രണ്ടായിരത്തോളം കുട്ടികൾ പങ്കെടുത്ത ക്വിസ് മത്സരത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട 130 കുട്ടികൾ ജനുവരി 11-ാം തീയതി 1.30 മുതൽ 3 മണി വരെയും നടത്തിയ ഫൈനൽ റൗണ്ട് മത്സരത്തിൽ പങ്കെടുത്തു. അഡാർട്ട് ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ മത്സരം ഫാ. മാത്യു പുതിയിടത്ത് ഉദ്ഘാടനം ചെയ്തു. ഗാന്ധിപീസ് ഫൗണ്ടേഷൻ സെക്രട്ടറി അഡ്വ. വി.എം. മൈക്കിൾ മുഖ്യാതിഥി ആയിരുന്നു. ഷാജി കച്ചിറമറ്റം സ്വാഗതവും സർവ്വോദയ മണ്ഡലം കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രീ. കെ.ജെ. എബ്രാഹം നന്ദിയും പറഞ്ഞു.

**മത്സരവിജയികൾ**

**യു.പി. വിഭാഗം**

I^st^ അന്ന മരിയ അഗസ്റ്റിൻ എസ്.എച്ച്.ജി.എച്ച്.എസ്., രാമപുരം 20000 രൂപ,
II^nd^ അനഘ രാജീവ്, സെന്റ് ജോസഫ്സ് യു.പി.എസ്.,
വെള്ളിലാപ്പള്ളി, രാമപുരം 1500 രൂപ
III^rd^ ശ്രുതി നന്ദന എം.എസ്. സെന്റ് ജോസഫ്സ് യു.പി.എസ്.
വെള്ളിലാപ്പള്ളി, രാമപുരം 1000 രൂപ.

**ഹൈസ്കൂൾ വിഭാഗം**

| | | | |
|---|---|---|---|
| Ist ആഗ്നസ് മരിയ സോയി | എസ്.എച്ച്.ജി.എച്ച്എസ്. | രാമപുരം | 2000 രൂപ |
| IInd ആൻമരിയ റെജി | ,, | ,, | 1500 രൂപ |
| IIIrd ജെലീന ജെരാദ് | ,, | ,, | 1000 രൂപ |

**ഹയർ സെക്കണ്ടറി വിഭാഗം**

| | | | |
|---|---|---|---|
| Ist ഗായത്രിദേവി എം. | സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്., | പാലാ | 2000 രൂപ, |
| IInd അനീറ്റ ജോൺസൺ | ,, | ,, | 1500 രൂപ |
| IIIrd ഭാഗ്യലക്ഷ്മി ആർ. | ,, | ,, | 1000 രൂപ. |

അഡാർട്ട് ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത് ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും സമ്മാനിച്ചു.

**സംസ്ഥാനതല പ്രസംഗമത്സരം**

അഡാർട്ടിന്റെ ആഭിമുഖ്യത്തിൽ ജനുവരി 19-ാം തീയതി യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. കുട്ടികൾക്കായി സംസ്ഥാന തലത്തിൽ പ്രസംഗമത്സരങ്ങൾ നടത്തുകയുണ്ടായി.

**യു.പി. വിഭാഗം**

ബോബി പോൾ വള്ളോപ്പള്ളി മെമ്മോറിയൽ പ്രസംഗമത്സരം

I^st^ അന്ന മരിയ തോമസ്, സെന്റ് തോമസ്  യു.പി.എസ്., പൂഞ്ഞാർ 1000 രൂപ
II^nd^ ജീമോൾ റ്റോമി, അൽഫോൻസാ ജി.എച്ച്.എസ്. വാകക്കാട് 750 രൂപ

III[rd] ആൽഫി അഗസ്റ്റിൻ, എസ്.എച്ച്.ജി.എച്ച്.എസ്. രാമപുരം 500 രൂപ

**ഹൈസ്കൂൾ വിഭാഗം**

ഫിലിപ്പ് ആൻഡ് മേരി ഫിലിപ്പ് കോലടി മെമ്മോറിയൽ

I[st] മരിയ ജോസ് അൽഫോൻസാ ജി.എച്ച്.എസ്. വാകക്കാട് 1000 രൂപ

II[nd] ഷോൺ ടോം സെന്റ് മേരീസ് എച്ച്.എസ്. ഭരണങ്ങാനം 750 രൂപ

III[rd] ആൽഫി മാത്യു സെന്റ് ജോസഫ്സ് എച്ച്.എസ്. മറ്റക്കര 500 രൂപ

**ഹയർ സെക്കണ്ടറി വിഭാഗം**

തോമസ് സെബാസ്റ്റ്യൻ തയ്യിൽ, കടനാട് മെമ്മോറിയൽ

I[st] ജോസ് പി. ജോയി, സെന്റ് മേരീസ് എച്ച്.എസ്.എസ്., ഭരണങ്ങാനം 1000 രൂപ

II[nd] ഗായത്രിദേവീ എം. സെന്റ് മേരീസ് എച്ച്.എസ്.എസ്. പാലാ 750 രൂപ

III[rd] അപ്സര ആന്റണി സെന്റ് മേരീസ് എച്ച്.എസ്.എസ്. അറക്കുളം 500 രൂപ

പ്രസംഗമത്സരത്തിന്റെ ഉദ്ഘാടനം ഫാ. മാത്യു പുതിയിടത്ത് നിർവ്വഹിച്ചു. റിട്ട. പ്രൊഫ. കെ.പി. ജോസഫ് മുഖ്യാതിഥി ആയിരുന്നു.

**പഠനസന്ദർശനം :**

അരീപ്പറമ്പ് ഗവ. എച്ച്.എസ്.എസിലെ +2 സോഷ്യൽ വർക്ക് വിദ്യാർത്ഥികൾ ജനുവരി 18-ാം തീയതി അഡാർട്ടിലസ് പഠനസന്ദർശനം നടത്തി. 52 കുട്ടികൾ പങ്കെടുത്തു.

**പാലാ രൂപതാ റീജിയൻസി ബ്രദേഴ്സിന്റെ മാസധ്യാനവും തുടർന്ന് അഡാർട്ട് സന്ദർശനവും**

പാലാ രൂപതയിലെ റീജിയൻസി ബ്രദേഴ്സിന്റെ മാസധ്യാനം ജനുവരി 17-ാം തീയതി ഫാ. മാത്യു പുതിയിടത്ത് നടത്തി. തുടർന്ന് ബ്രദേഴ്സ് അഡാർട്ടിൽ പഠനസന്ദർശനം നടത്തുകയും ക്ലാസുകളിൽ പങ്കെടുക്കുകയും ചികിത്സയിൽ കഴിയുന്നവരുമായി മുഖാമുഖം പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തു.

**നവവൈദികർക്ക് അഡാർട്ടിൽ സ്വീകരണം**

ജനുവരി 28-ാം തീയതി പാലാ രൂപതയിലെ നവവൈദികർക്ക് അഡാർട്ടിൽ സ്വീകരണം നടത്തി. അഡാർട്ടിന്റെ പ്രവർത്തനങ്ങൾ ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത് നവവൈദികർക്ക് വിശദീകരിച്ചുകൊടുത്തു. ചികിത്സയിൽ കഴിയുന്നവരുമായി മുഖാമുഖം പരിപാടിയിൽ നവവൈദികർ പങ്കെടുത്തു.

**വി. സെബസ്ത്യാനോസിന്റെ പ്രദക്ഷിണം അഡാർട്ടിലേക്ക്**

ജനുവരി 27-ാം തീയതി ഞായറാഴ്ച 4 മണിക്ക് അഡാർട്ടിലേക്ക് വി. സെബസ്ത്യാനോസിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം നടത്തുകയുണ്ടായി. അഡാർട്ട് പന്തലിൽ ലദീഞ്ഞും പ്രാർത്ഥനയും നടത്തി. എ.എ.അൽ. അനോൺ, അൽ- അറ്റീൻ അംഗങ്ങളും സമീപവാസികളും പങ്കെടുത്തു.

**ജയിൽ മിനിസ്ട്രി**

ജനുവരി 12-ാം തീയതി പാലാ സബ്ജയിലിൽ ഫാ. മാത്യു പുതിയിടത്തിന്റെ നേതൃത്വത്തിൽ പ്രാർത്ഥനാശുശ്രൂഷ നടത്തി. ശ്രീമതി റാണി പന്തലാനി സന്ദേശം നൽകി. ജനുവരി 29-ന് പി.ഒ.സിയിൽ വച്ച് നടത്തിയ ഡയറക്ടർമാരുടെ സമ്മേളനത്തിൽ ഫാ. മാത്യു പുതിയിടത്ത് പങ്കെടുത്തു.

**സാരഥി**

കടപ്ലാമറ്റത്ത് പുതിയതായി ആരംഭിച്ച സാരഥി യൂണിറ്റിന്റെ ഉദ്ഘാടനം സംസ്ഥാന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ തേക്കാനത്ത് ഉദ്ഘാടനം ചെയ്തു. പ്രതിമാസ മീറ്റിംഗുകൾ ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

**ഫാ. മാത്യു പുതിയിടത്ത്** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് സമ്മാനവിതരണം**

ലോഗോസ് ക്വിസ് മത്സരത്തിന്റെ സമ്മാനങ്ങൾ 2019 ഫെബ്രുവരി 10-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ ചേരുന്ന യോഗത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വിതരണം ചെയ്യുന്നതാണ്. മാർക്ക് ലിസ്റ്റിൽ 'P'എന്ന് രേഖപ്പെടുത്തിയവർക്കാണ് സമ്മാനം. കൂടാതെ ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾ, സെന്ററുകൾ, ബൈബിൾ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകൾ എന്നിവ വിതരണം ചെയ്യുന്നതാണ്.

**ബൈബിൾ കോഴ്സ്**

അത്മായർക്കായി സംഘടിപ്പിക്കുന്ന ഏകവർഷ/ദ്വിവർഷ ബൈബിൾ കോഴ്സിന്റെ ജനുവരിമാസക്ലാസുകൾക്ക് ഫാ. സെബാസ്റ്റ്യൻ അടപ്പശ്ശേരി, ഫാ. തോമസ് വടക്കേൽ എന്നിവർ നേതൃത്വം നൽകി. അടുത്ത ക്ലാസുകൾ ഫെബ്രുവരി 9-ന് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടക്കും.

**വിശുദ്ധനാട് തീർത്ഥാടനം**

പാലാ രൂപത ബൈബിൾ അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ വിശുദ്ധനാട് തീർത്ഥാടനം സംഘടിപ്പിക്കുന്നു. 2019 മെയ് 15-ന് ആരംഭിക്കുന്ന തീർത്ഥാടനം 27-ാം തീയതി തിരിച്ചെത്തും. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**ഡിസംബർ മാസം**

**ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 7,14 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9 മണി മുതൽ 3 വരെ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തി. റവ.ഫാ. റ്റിന്റു മണ്ണൂർ OFM അസ്സീസി, ബ്രദർ ജോൺസൺ തടത്തിൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**മദ്ധ്യസ്ഥ പ്രാർത്ഥന ലീജിയൻ ഹോമിൽ**

ഈ മാസം 3,4,5,6,7,10,11,12,13,14,15,17,18 തീയതികളിൽ രാവിലെ 10 മണി മുതൽ 3 വരെ കൺവൻഷൻ വിജയത്തിനുവേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

ലീജിയൻ ഹോമിൽ വച്ച് നടന്നു. എന്നും ഏകദേശം മുപ്പതോളം അംഗങ്ങൾ പ്രാർത്ഥനയിൽ പങ്കെടുത്തു. ആലീസ് കട്ടക്കയം, മാത്തുക്കുട്ടി തുണ്ടത്തിൽ, ജോയി നെല്ലിക്കുന്നേൽ, ചാക്കോ ചെട്ടിമാട്ടേൽ, അഗസ്റ്റിൻ ചെരിപുറം, മോനിക്ക മാങ്കാലായിൽ, മേരി പുന്നത്താനത്ത് തുടങ്ങിയവർ നേതൃത്വം നൽകി.

**കൺവൻഷനുവേണ്ടിയുള്ള ജറീക്കോ പ്രാർത്ഥന**

36-ാമത് രൂപതാ ബൈബിൾ കൺവൻഷനുവേണ്ടിയുള്ള ജറീക്കോ പ്രാർത്ഥന 2018 ഡിസംബർ മാസം 1-ാം തീയതി മുതൽ 18-ാം തീയതിവരെ വൈകുന്നേരം 5 മണി മുതൽ 6 വരെ തുടർച്ചയായി കൺവൻഷൻ ഗ്രൗണ്ടിന് ചുറ്റും ജറീക്കോ പ്രാർത്ഥന നടത്തി. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. കുര്യൻ മറ്റം, ഫാ. മാത്യു പുതിയിടം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജോസഫ് തോലാനി, ഫാ. ജോയേൽ പണ്ടാരപ്പറമ്പിൽ, ഫാ. സെബാസ്റ്റ്യൻ നടുത്തടം, ഫാ. സ്കറിയ മോളോപ്പറമ്പിൽ, സണ്ണി പള്ളിവാതുക്കൽ, ജോർജുകുട്ടി ഞാവള്ളിൽ, ജോൺസൺ തടത്തിൽ, തോമാച്ചൻ എലപ്പത്തിനാൽ, മാത്തുകുട്ടി താന്നിക്കൽ, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**ജനുവരി മാസം**

**1. ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന കത്തീഡ്രലിൽ**

2019 ജനുവരി 4,11,18,25 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9 മണി മുതൽ 3 വരെ ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. ഫാ. റിന്റു മണ്ണൂർ OFM Cap. അസ്സീസി, ഫാ. സണ്ണി പുൽപ്പറമ്പിൽ സി.എം.ഐ. കോതമംഗലം ബ്രദർ ജോയി തെക്കുംചേരിക്കുന്നേൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**2. സെൽ പ്രാർത്ഥന ശാലോമിൽ**

ഈ മാസം 7,14,21,28 തീയതികളിൽ വൈകുന്നേരം 4.30 മുതൽ 6 മണി വരെ പാലാ ഷാലോം സെന്ററിൽവച്ച് സെൽ പ്രാർത്ഥന നടത്തി. ഇവാഞ്ചലൈസേഷൻ ടീമിന്റെയും കരിസ്മാറ്റിക്സിന്റെയും വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ചു പ്രാർത്ഥിച്ചു. ഫാ. കുര്യൻമറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ജയിംസ് മാറാട്ടുകുളം, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**3. മദ്ധ്യസ്ഥപ്രാർത്ഥന ശാലോമിൽ**

ഈ മാസം 1,3,4,7,8,9,10,14,15,16,17,21,22,23,24,28,29,30,31 തീയതികളിൽ ഷാലോമിൽ വച്ച് മാദ്ധ്യസ്ഥം വഹിച്ചു പ്രാർത്ഥിച്ചു. രൂപതയ്ക്കുവേണ്ടിയും ഇവാഞ്ചലൈസേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും സാർവ്വത്രിക സഭയ്ക്കുവേണ്ടിയും മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ആലീസ് കട്ടക്കയം, മോളിക്കുട്ടി മങ്കാലായിൽ, സി. ബിജി എഫ്.സി.സി., തോമസ് നിരപ്പിൽ, മേരി പാറയിൽ ജോസഫ് മേവിട തുടങ്ങിയവർ നേതൃത്വം നൽകി.

**4. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

ഈ മാസം 16-ാം തീയതി ഷാലോമിൽവച്ച് രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ, മദ്യപാന മിനിസ്ട്രി, മദ്ധ്യസ്ഥപ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രി തുടങ്ങിയവയിൽ പ്രവർത്തിക്കു

ന്നവർ ഡയറക്ടർ ഫാ. വിൻസെന്റച്ചന്റെ നേതൃത്വത്തിൽ കൂടി കഴിഞ്ഞമാസം 36-ാമത് കൺവൻഷനുവേണ്ടി പ്രവർത്തിച്ച കാര്യങ്ങൾ പറയുകയും, അടുത്ത മാസം പ്രവർത്തിക്കേണ്ട കാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു. ബ്രദർ മാത്തുക്കുട്ടി താന്നിയ്ക്കൽ വചനം പങ്കുവയ്ക്കുകയും, തങ്കച്ചൻ സ്രാമ്പിക്കൽ, ആലീസ് കട്ടക്കയം തുടങ്ങിയവർ നേതൃത്വം നല്കുകയും ചെയ്തു.

**36-ാമത് ബൈബിൾ കൺവൻഷൻ**

36-ാമത് ബൈബിൾ കൺവൻഷനിൽ 2018 ഡിസംബർ 19 മുതൽ 23 വരെ പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽവച്ച് നടത്തപ്പെട്ടു. പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ, മാർ ജേക്കബ് മുരിക്കൻ, മാർ മാത്യു അറയ്ക്കൽ, മോൺ. ജോസഫ് കുഴിഞ്ഞാലിൽ, മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ, മോൺ. ജോസഫ് കൊല്ലംപറമ്പിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. ജയിംസ് മംഗലത്ത് തുടങ്ങിയവർ വിവിധ ദിവസങ്ങളിൽ ദിവ്യബലി അർപ്പിച്ച് സംസാരിച്ചു. അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിലെ സേവ്യർഖാൻ വട്ടായിലച്ചനും ടീമും കൺവൻഷൻ നയിച്ചു. ഏകദേശം 2 ലക്ഷം പേർ 5 ദിവസങ്ങളിലായി വചനം കേട്ട് ധന്യരായി. ധാരാളം ദൈവാനുഭവങ്ങളും രോഗശാന്തിയും കൺവൻഷനിൽ ഉണ്ടായി. ജനറൽ കൺവീനർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചന്റെ നേതൃത്വത്തിൽ 250 പേരോളം കമ്മിറ്റിക്കാരും, വോളണ്ടിയേഴ്സും കൺവൻഷനിൽ പ്രവർത്തിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. വചനദീപ്തി തുടർധ്യാനം**

പാലാക്കാട് ചെറുപുഷ്പം ദൈവാലയത്തിൽ വചനദീപ്തി തുടർധ്യാനം ജനുവരി 3-ാം തീയതി വ്യാഴാഴ്ച നടത്തി. ബ്രദർ മാത്യു കല്ലേപ്ലാക്കൽ വചന ശുശ്രൂഷ നയിച്ചു.

**2. കരിസ്മാറ്റിക് ദിനവും മിനിസ്ട്രി കൂട്ടായ്മയും**

എല്ലാ മാസാദ്യ ശനിയാഴ്ചകളിലും നടന്നുവരുന്ന കരിസ്മാറ്റിക് നേതൃത്വത്തിലുള്ളവരുടെ സംഗമവും മിനിസ്ട്രികളുടെ കൂട്ടായ്മയും ജനുവരി 5-ാം തീയതി ശനിയാഴ്ച 9.30 മുതൽ 3 വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ബ്രദർ തോമസ് ഇലപ്പത്തിനാൽ വചനശുശ്രൂഷ നയിച്ചു. സോണൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പ്രസംഗിച്ചു. സോണൽ സേവനസമിതി അംഗങ്ങളും പാലാ (എ) സബ്സോൺ സേവനസമിതി അംഗങ്ങളും പ്രോഗ്രാമിന് നേതൃത്വം നൽകി.

**3. സേവന സമിതി മീറ്റിംഗ്**

സോണൽ സേവനസമിതി മീറ്റിംഗ് ജനുവരി 7-ാം തീയതി തിങ്കളാഴ്ച 2 മണി മുതൽ 5 മണി വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ നടന്നു.

**4. വചനദീപ്തി തുടർധ്യാനം**

മീനച്ചിൽ സെന്റ് ആന്റണീസ് ദൈവാലയത്തിൽ വചനദീപ്തി തുടർധ്യാനം ജനുവരി 11-ാം തീയതി വെള്ളിയാഴ്ച നടത്തി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ വചനശുശ്രൂഷ നയിച്ചു.

**5. ഉപവാസ പ്രാർത്ഥന**

ദൈവഹിതം അറിയുന്നതിനും കൂടുതൽ അഭിഷേകത്തിൽ നിറയുന്നതിനുമായി സോണൽ സേവനസമിതി അംഗങ്ങളും സബ് സോൺ കോ-ഓർഡിനേറ്റർമാരും, ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ ജനുവരി 22-ാം തീയതി ചൊവ്വാഴ്ച 9.30 മുതൽ 3.30 വരെ ഉാലം പുത്തൻപള്ളിയിൽ ഉപവാസ പ്രാർത്ഥന നടത്തി. ബ്രദർ സണ്ണി വാഴയിൽ, ബ്രദർ വിൽസൺ കാപ്പിൽ എന്നിവർ പ്രത്യേക ക്ഷണിതാക്കളായിരുന്നു.

**6. രാത്രി ആരാധന**

രൂപത സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം വി. അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രി ആരാധന ജനുവരി 26-ാം തീയതി ശനിയാഴ്ച 7 മണിക്ക് വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ച് വെളുപ്പിന് 4 മണിക്ക് വി. കുർബാനയോടുകൂടി അവസാനിച്ചു. ബ്രദർ തോമസ് പോൾ വചനശുശ്രൂഷ നയിച്ചു. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

ഡിസംബർ ഇരുപത്തിയൊൻപതാം തിയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ എന്നിവരുടെ നേതൃത്വത്തിൽ ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ നടത്തപ്പെട്ടു. ജനുവരി ആറാം തീയതി മുതൽ പന്ത്രണ്ടാം തീയതി വരെ നടത്തപ്പെട്ട ദൈവരാജ്യാനുഭവധ്യാനത്തിന് ഡയറക്ടർ, അസി. ഡയറക്ടർ എന്നിവർക്കൊപ്പം, ഫാ. ജോർജ് വയലിൽകളപ്പുര CMI, ഫാ. സെബാസ്റ്റ്യൻ തോട്ടുങ്കൽ OFM Cap, ഫാ. റിന്റു മണ്ണൂർ OFM cap, ഫാ. ചെറിയാൻ മൂലയിൽ, ഫാ. ജേക്കബ് പേഴത്തുങ്കൽ, ഫാ. ജോസഫ് തെരുവിൽ, അഡ്വ. സെബി ചെറിയാൻ വിലങ്ങുപാറ, സി. റോസിലി കുറിച്ച്യാപറമ്പിൽ ASI, സണ്ണി മാന്നാത്ത്, ജോസ് ടോം കാടൻകാവിൽ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മൗണ്ട് നെബോയിൽ അടുത്ത ദൈവരാജ്യാനുഭവധ്യാനം ഫെബ്രുവരി മൂന്ന് മുതൽ ഒൻപത് വരെ. ബുക്കിംഗിന്: 9847472522, 9747252227, 9447488624.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

**1. യൂണിറ്റ് സന്ദർശനം**

യൂണിറ്റുകളും കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായുള്ള യൂണിറ്റ് സന്ദർശനം നടന്നുവരുന്നു.

**2. കളത്തുകടവിൽ പുതിയ യൂണിറ്റ്**

കളത്തുകടവ് ഇടവകയിൽ എസ്.എഫ്.ഒ. പുതിയ യൂണിറ്റ് ആരംഭിച്ചു. രൂപതാ സ്പിരിചൽ അസിസ്റ്റന്റ് ഫാ. ആന്റണി വെച്ചൂർ OFM Cap. അല്മായ സഭയെക്കുറിച്ചും, ഫ്രാൻസിസ്കൻ പ്രസക്തിയെക്കുറിച്ചും സംസാരിച്ചു.

**3. ഭാരവാഹികൾ**

റവ.ഫാ. ജോസഫ് പരവുമ്മേൽ (ലോക്കൽ സ്പിരിചൽ അസിസ്റ്റന്റ്), ബിനോയി മാത്യു ഒഴാക്കൽ (പ്രസിഡന്റ്), വി.ഐ. മാത്യു വലിയമംഗലം (വൈസ് പ്രസിഡന്റ്), തോമസ് മാത്യു മടിയ്ക്കാങ്കൽ (ഫോർമേറ്റർ), അമല മരിയ ജോർജ് അള്ളുങ്കൽ (സെക്രട്ടറി), ജോസഫ് തോമസ് വെട്ടുകല്ലേൽ (ട്രഷറർ), ഡോ. കുര്യാച്ചൻ ജോർജ് വലിയമംഗലം, പി.ഡി. റജി പാറയ്ക്കൽ, മേഴ്സി ടെൻസൻ വടയാറ്റ് (കമ്മറ്റിയംഗങ്ങൾ)

**4. ഔട്ടപ്പള്ളി തീർത്ഥാടനം**

വിശുദ്ധഗണത്തിലേക്ക് ഉയർത്തപ്പെടുന്ന അല്മായ സഭാംഗമായിരുന്ന ദൈവദാസൻ ബ്രദർ തമ്പിയുടെ ഔട്ടപ്പള്ളി (ആന്ധ്ര)ലുള്ള കബറിടത്തിൽ ഫാ. ആന്റണി വെച്ചൂർ OFM Cap ന്റെ നേതൃത്വത്തിൽ തീർത്ഥാടനം നടത്തി. ഫാ. തോമസ് പാലേരിൽ OFM Cap ഫാ. ജിന്റോ പുത്തൻപുരയ്ക്കൽ OFM Cap, റ്റോമി കളപ്പുര തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. ആന്റണി വെച്ചൂർ OFM Cap** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. ചെമ്മലമറ്റം യൂണിറ്റ് സന്ദർശിച്ചു.**

ഡിഎഫ്സി പാലാ രൂപത സമിതി ചെമ്മലമറ്റം യൂണിറ്റിൽ സന്ദർശനം നടത്തി. പ്രസിഡന്റ് ചാൾസ് കാരയ്ക്കാട്ട് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വികാരി ഫാ. സക്കറിയാസ് ആട്ടപ്പാട്ട്, ഫാ. സ്കറിയ വേകത്താനം, ഫാ. മാത്യു തുരുത്തിപ്പള്ളിൽ, ജോർജ് വടക്കേൽ തുടങ്ങിയവർ പ്രസംഗിച്ചു.

**2. വാരിയാനിക്കാട് യൂണിറ്റ് സന്ദർശിച്ചു.**

ഡിഎഫ്സി രൂപതാ ഘടകം വാരിയാനിക്കാട് യൂണിറ്റ് സന്ദർശിച്ചു. വികാരി ഫാ. ജോസഫ് അറയ്ക്കൽ, ഫാ. സ്കറിയ വേകത്താനം, ജോർജ് വടക്കേൽ എന്നിവർ പ്രസംഗിച്ചു.

**3. രാമപുരം യൂണിറ്റ് മീറ്റിംഗ്**

ഡിഎഫ്സി രാമപുരം യൂണിറ്റ് മീറ്റിംഗ് പാരീഷ് ഹാളിൽ വച്ചു നടത്തി. ഡോ. സണ്ണി വി. സക്കറിയ, ബേബി തൈരംചേരിൽ തുടങ്ങിയവർ ആശംസകളർപ്പിച്ചു. ഫാ. സ്കറിയ വേകത്താനം ക്ലാസ് നയിച്ചു. സമ്മേളനത്തിൽ പുതിയ പുരുഷ/വനിത ഭാരവാഹികളെ തിരഞ്ഞെടുത്തു.

**4. മാനത്തൂർ യൂണിറ്റ് മീറ്റിംഗ്**

പാലാ രൂപത ഡിഎഫ്സി നേതൃസമിതി മാനത്തൂർ യൂണിറ്റ് സന്ദർശിച്ചു. പ്രസിഡന്റ് തമ്പി എം.ഡി. ഉപ്പുമാക്കൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ വികാരി ഫാ. തോമസ് പുല്ലാട്ട്, ഫാ. സ്കറിയ വേകത്താനം എന്നിവർ പ്രസംഗിച്ചു.

**5. മോനിപ്പള്ളിയിൽ മാധ്യമസെമിനാർ**

മോനിപ്പള്ളി ഇടവകയിൽ മാധ്യമസെമിനാർ സംഘടിപ്പിച്ചു. ഫാ. ജിനോ പുന്നമറ്റത്തിൽ, ഫാ. സ്കറിയ വേകത്താനം, വികാരി ഫാ. ജോസഫ് വടക്കേമുളഞ്ഞാനാൽ, ഫാ. ജോസഫ് ചീനോത്തുപറമ്പിൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി. സമ്മേളനത്തിൽ പുതിയ പുരുഷവനിതാ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**6. ഡിഎഫ്സി രൂപത നേതൃസമ്മേളനവും സാഹിത്യവേദി ഉദ്ഘാടനം നടത്തി.**

ഡിഎഫ്സി പാലാ രൂപത നേതൃസമ്മേളനവും സാഹിത്യവേദിയുടെ ഉദ്ഘാടനവും പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തി. ഡിഎഫ്സിയുടെ പുതിയ പ്രവർത്തനവർഷത്തെ കർമ്മപരിപാടികൾ കോർഡിനേറ്റർ ഫാ. സ്കറിയ വേകത്താനം വിശദീകരിച്ചു. ഡിഎഫ്സി രൂപത വൈസ് പ്രസിഡന്റ് ബെന്നി വടക്കേടം അധ്യക്ഷത വഹിച്ച മീറ്റിംഗിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നേതൃസമ്മേളനവും സാഹിത്യവേദിയും ഉദ്ഘാടനം ചെയ്തു. മോൺ. ജോസഫ് കുഴിഞ്ഞാലിൽ മുഖ്യപ്രഭാഷണം നടത്തി. ജോസഫ് ഓലിക്കൽ, ജോയി മുത്തോലി, ടോമി തുരുത്തിക്കര, സാലിമ്മ അറയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

**6. സാഹിത്യവേദി ക്ലബ് ഭാരവാഹികൾ**

ചെയർമാൻ – ജോയി മുത്തോലി

വൈസ്ചെയർപേഴ്സൺ – ഫിലോമി അറുന്നൂറ്റിമംഗലം

സെക്രട്ടറി – ജോസ് അന്തീനാട്

ജോയിന്റ് സെക്രട്ടറി – ഡോ. ജോർജുകുട്ടി വട്ടോത്ത്

ട്രഷറർ – സിസ്റ്റർ മേരി ജെയ്ൻ എസ്.ഡി.

കമ്മിറ്റി മെമ്പേഴ്സ് – ജെയിംസ് ചൂരനോലി, ജോസ് കൂട്ടുമ്മേൽ, ജോജി തോമസ് മൂഴയിൽ, സെബാസ്റ്റ്യൻ ചേർപ്പുങ്കൽ, പ്രകാശ് എം. വെട്ടം.

**7. കയ്യൂർ യൂണിറ്റ് സന്ദർശിച്ചു.**

കയ്യൂർ യൂണിറ്റിൽ സന്ദർശനം നടത്തി. വികാരി ഫാ. സിറിയക് പുത്തേട്ട് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം ഡിഎഫ്സിയുടെ കർമ്മപദ്ധതികൾ വിശദീകരിച്ചു.

**8. ഉള്ളനാട് യൂണിറ്റ് സന്ദർശിച്ചു**

പാലാ രൂപതാ സമിതി ഉള്ളനാട് യൂണിറ്റ് സന്ദർശിച്ചു. വികാരി ഫാ. ജോസ് കോട്ടയിൽ, ഫാ. സ്കറിയ വേകത്താനം, ജോസ് വട്ടപ്പലം എന്നിവർ പ്രസംഗിച്ചു.

**9. വേഴങ്ങാനം യൂണിറ്റ് സന്ദർശിച്ചു.**

വികാരി ഫാ. സെബാസ്റ്റ്യൻ കണിയാംപടി അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി.

**10. മുണ്ടാങ്കൽ യൂണിറ്റ് സന്ദർശിച്ചു.**

ഡിഎഫ്സി യൂണിറ്റ് പ്രസിഡന്റ് മാത്തുക്കുട്ടി മഞ്ഞക്കുന്നേൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ വികാരി ഫാ. സൈറസ് വേലംപറമ്പിൽ, ഫാ. സ്കറിയ വേകത്താനം തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

**11. ചേന്നാട് യൂണിറ്റ് സന്ദർശിച്ചു.**

യൂണിറ്റ് വികാരി ഫാ. അബ്രാഹം കുളമാക്കൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം, ജോർജ് വടക്കേൽ തുടങ്ങിയവർ ചർച്ചകൾ നയിച്ചു.

**12. വാകക്കാട് യൂണിറ്റ് സന്ദർശിച്ചു.**

യൂണിറ്റ് വികാരി ഫാ. ജെയിംസ് കുടിലിൽ, ഫാ.സ്കറിയ വേകത്താനം, ജോർജ് വടക്കേൽ, ഡിഎഫ്സി ഭാരവാഹികൾ തുടങ്ങിയവർ പ്രസംഗിച്ചു.

**13. മോനിപ്പള്ളിയിൽ ഡ്രീംലൈൻ പ്രോജക്ട്**

ദീപികപത്രപ്രചരണത്തോടനുബന്ധിച്ച് മോനിപ്പള്ളിയിൽ ഡ്രീംലൈൻ പ്രോജക്ട് നടപ്പിലാക്കി. റവ. ഡോ. മാണി പുതിയിടം മുഖ്യപ്രഭാഷണം നടത്തി.

**14. ദീപിക നമ്മുടെ ഭാഷാപദ്ധതി**

(1.) അരുവിത്തുറ സെന്റ് മേരീസ് എൽപി സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി മാനേജർ റവ. ഫാ. തോമസ് വെടിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സിസ്റ്റർ സൗമ്യ നമ്പുടാകം, ഫാ. സ്കറിയ വേകത്താനം, ജോർജുകുട്ടി വാളിപ്ലാക്കൽ, ജോബി എന്നിവർ പ്രസംഗിച്ചു.

(2.) അരുവിത്തുറ സെന്റ് ജോർജ് ഹയർ സെക്കണ്ടറി സ്കൂൾ

സ്കൂൾ പിറ്റിഎ പ്രസിഡന്റ് സാബു പ്ലാത്തോട്ടം അധ്യക്ഷത വഹിച്ച മീറ്റിംഗിൽ റവ. ഫാ. തോമസ് വെടിക്കുന്നേൽ ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ പി.റ്റി. മാത്യു പാലത്താനത്ത്, ഫാ. സ്കറിയ വേകത്താനം, ജോർജുകുട്ടി വാളിപ്ലാക്കൽ എന്നിവർ ആശംസകളർപ്പിച്ചു.

(3) അളനാട് ഗവൺമെന്റ് യുപി സ്കൂൾ

സ്കൂൾ പിറ്റിഎ അംഗം നാരായണൻസാർ ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ ജോൺസൺ കിഴക്കേഅരഞ്ഞാണിപുത്തൻപുര, ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര എന്നിവർ പ്രസംഗിച്ചു.

(4) ജിയോവാലി ബാപ്പൂജി സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി പിറ്റിഎ പ്രസിഡന്റ് ഡേവീസ് മാത്യു കല്ലറയ്ക്കൽ ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ റോയി തോമസ്, ഫാ.

സ്കറിയ വേകത്താനം, ഫാ. ജോർജ് അമ്പഴത്തിനാൽ, ടോമി തുരുത്തിക്കര എന്നിവർ പ്രസംഗിച്ചു.

(5) നസ്രത്ത് ഡിപോൾ ഹയർസെക്കൻഡറി സ്കൂൾ

സ്കൂളിലെ ദീപിക നമ്മുടെ ഭാഷാപദ്ധതി ജില്ലാപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സഖറിയ കുതിരവേലി പത്രത്തിന്റെ കോപ്പി സ്കൂൾ പ്രിൻസിപ്പൽ ഫാ. ജെയ്മോൻ കുറുപ്പന്തറമുകളേലിനു നല്കി ഉദ്ഘാടനം ചെയ്തു.

(6) കുറവിലങ്ങാട് സെന്റ്മേരീസ് ജി.എച്ച്.എസ്.യു.പി.സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി ഫാ. മാത്യു വെണ്ണായിപ്പള്ളിൽ ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സിസ്റ്റർ ബെൻസി റോസ്, ജോസഫ് വട്ടത്തോട്ടം, ജോർജ് തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

(7) കുറവിലങ്ങാട് സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി മോൻസ് ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. ആർച്ചുപ്രീസ്റ്റ് റവ. ഡോ. ജോസഫ് തടത്തിൽ, ഫാ. സ്കറിയ വേകത്താനം, പ്രിൻസിപ്പൽ നോബിൾ തോമസ്, പഞ്ചായത്ത് പ്രസിഡന്റ് പി.സി. കുര്യൻ, ഫാ. ജോർജ് നെല്ലിക്കൽ, പി.ടി.എ. പ്രസിഡന്റ് ബേബി തൊണ്ടാംകുഴി തുടങ്ങിയവർ പ്രസംഗിച്ചു.

(8) കുന്നോന്നി ഗവൺമെന്റ് ഹരിജൻ വെൽഫെയർ എൽ.പി. സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി വി.എം. അബ്ദുള്ള ഖാൻ ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ ജോസഫ് ജോൺ, പി.ടി.എ. പ്രസിഡന്റ് എ.കെ. ഷാജി തുടങ്ങിയവർ പ്രസംഗിച്ചു.

(9) കുര്യനാട് പറവയ്ക്കൽ ഗവൺമെന്റ് എൽ.പി. സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി ജോർജ് മറ്റം ഉദ്ഘാടനം ചെയ്തു. പി.ടി.എ. വൈസ്പ്രസിഡന്റ് കെ.എം. ബിനോയി, പഞ്ചായത്ത് മെമ്പർ റെജി കുളപ്പള്ളിൽ ഹെഡ്മിസ്ട്രസ് ഗീതാംബിക, പിറ്റിഎ പ്രസിഡന്റ് പി.കെ. ഹരിദാസ് തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

# ഇൻഫാം

**രൂപതാകമ്മിറ്റി**

ജനുവരി 10-ാം തീയതി പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ ചേർന്ന ഇൻഫാം രൂപതാ കമ്മറ്റി ജനുവരി 15 കർഷകദിനമായി ആചരിക്കുവാൻ തീരുമാനിച്ചു. സമ്മേളനത്തിൽ കാർഷിക മേഖലയുടെ രക്ഷയ്ക്കായി അവകാശ പ്രഖ്യാപന രേഖ അവതരിപ്പിക്കുന്നതിനും കാർഷികമേഖലയിൽ സമഗ്ര സംഭാവനകൾ നൽകിയ വ്യക്തികളെ ആദരിക്കുന്നതിനും തീരുമാനിച്ചു. സമ്മേളനത്തിന്റെ നടത്തിപ്പിനായി വിപുലമായ കമ്മറ്റികൾ രൂപീകരിക്കുകയും ചെയ്തു. ഇൻഫാം രൂപതാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ അദ്ധ്യക്ഷത വഹിച്ച യോഗ

ത്തിൽ രൂപതാ പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ, സെക്രട്ടറി ബേബി പന്തപ്പിള്ളിൽ, ജോയി വയലിൽ, ജോളി കുരിശുമൂട്ടിൽ, ബെന്നി തുളുവനാൽ തുടങ്ങിയവർ പ്രസംഗിച്ചു. ലൂക്കോസ് വി.ജെ. തടിയനാനിക്കൽ (വയല) സോളി മോളി കുര്യാലപ്പുഴ (മാനത്തൂർ) എന്നിവർക്ക് മികച്ച കർഷകർക്കുള്ള അവാർഡുകളും വിതരണം ചെയ്തു.

**കാർഷിക മേഖലയുടെ രക്ഷയ്ക്കായി ഇൻഫാം പത്തിന ആവശ്യങ്ങൾ മുന്നോട്ടുവച്ചു**

ഇൻഫാം പാലാ രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ മാനത്തൂരിൽ വച്ച് നടന്ന കർഷകദിന സമ്മേളനത്തിൽ കാർഷിക മേഖലയുടെ രക്ഷയ്ക്കായി പത്തിന ആവശ്യങ്ങൾ അടങ്ങുന്ന അവകാശപ്രഖ്യാപനരേഖ പുറത്തിറക്കി. പ്രത്യേക കാർഷിക ബജറ്റ്, കർഷക പെൻഷൻ 10000 രൂപയാക്കുക, കർഷകന്റെ കടം എഴുതി തള്ളുക, സൗജന്യ ഇൻഷുറൻസ് പരിരക്ഷ എല്ലാ കർഷകർക്കും ഏർപ്പെടുത്തുക, റബ്ബറിന് കേന്ദ്രഗവൺമെന്റ് 100 രൂപ സബ്സിഡി അനുവദിക്കുക, എല്ലാ വിളകൾക്കും മിനിമം താങ്ങുവില ഏർപ്പെടുത്തുക, വളം സബ്സിഡി പുനസ്ഥാപിക്കുക, ജൈവകൃഷിക്ക് പ്രോത്സാഹനം നൽകുക എന്നിവയാണ് ആവശ്യങ്ങൾ.

കൂട്ടായ സഹകരണമാണ് ഇന്നിന്റെ ആവശ്യമെന്നും കർഷകരുടെ കൂട്ടായ്മകളിലൂടെ പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് മുന്നേറാൻ കർഷകർക്ക് കഴിയണമെന്നും പാലാ രൂപത വികാരി ജനറാൾ മോൺ.എബ്രാഹം കൊല്ലിത്താനത്തുമലയിൽ അഭിപ്രായപ്പെട്ടു. പാലാ രൂപത കർഷക അവകാശപ്രഖ്യാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കാർഷിക പുരോഗതി കർഷകരിലൂടെയാണ് കടന്നുവരേണ്ടതെന്ന് മുഖ്യപ്രഭാഷണം നടത്തിയ ഡിജോ കാപ്പൻ അഭിപ്രായപ്പെട്ടു. ഇൻഫാം രൂപതാ പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ അവകാശപ്രഖ്യാപന രേഖ അവതരിപ്പിച്ചു.

രൂപതാ ഡയറക്ടർ ഫാ. ജോസ് തറപ്പേലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മാനത്തൂർ പള്ളി വികാരി ഫാ. തോമസ് പുല്ലാട്ട്, അസി. ഡയറക്ടർ ഫാ. തോമസ് തയ്യിൽ, സെക്രട്ടറി ബേബി പന്തപ്പള്ളി, ജോൺസൺ പുതിയകുന്നേൽ, സോജൻ നടുവത്തേട്ട്, ജോസി വയലിൽകളപ്പുര, ബെന്നി തുളുവനാനി തുടങ്ങിയവർ പ്രസംഗിച്ചു.

കാർഷിക വിജ്ഞാപന വ്യാപനരംഗത്തെ സംഭാവനയ്ക്കുള്ള പുരസ്കാരം ജയിംസ് സെബാസ്റ്റ്യൻ ചൊവ്വാറ്റുകുന്നേലിന് (ഭരണങ്ങാനം) സമ്മാനിച്ചു. ഫ്രാൻസിസ് ചെറിയാൻ വടക്കേളുക്കാലായിൽ (ഏറ്റുമാനൂർ), ബെന്നി പാലക്കൽ (മാനത്തൂർ), ജോസ് ജോസഫ് തറപ്പേൽ (കിഴപറയാർ), സെബാസ്റ്റ്യൻ എസ്. എടക്കര (മൂലമറ്റം), ബേബി ജോർജ് വരകുകാലായിൽ (നീലൂർ), ജോൺ തോമസ് അഴകന്തറവടക്കേൽ (കടപ്പൂർ), പി.ജെ. ജോസഫ് പൂവക്കോട്ട് (ജയ്ഗിരി), ലൂക്കോസ് വി.യു. തടിയനാനിക്കൽ (വയല), സോളി റോയി കുര്യാലപ്പുഴയെയും (മാനത്തൂർ) എന്നിവർക്ക് മികച്ച കർഷകർക്കുള്ള അവാർഡുകളും വിതരണം ചെയ്തു.

**ജനുവരി 15-ന് കർഷകദിനത്തിൽ അവതരിപ്പിച്ച അവകാശപ്രഖ്യാപനരേഖ**

ഇൻഫാം കാർഷിക മേഖലയുടെ തകർച്ചയിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനായി ഏതാനും ചില ആവശ്യങ്ങൾ കർഷകർ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മുന്നിൽ അവതരിപ്പിക്കുകയാണ്. ഇതുകൊണ്ട് കർഷകരുടെ മുഴുവൻ പ്രശ്നങ്ങളും തീരുമെന്നല്ല എങ്കിലും ഒരു പരിധിവരെയങ്കിലും പരിഹരിക്കപ്പെടും എന്ന് വിശ്വസിക്കുന്നു.

**കർഷക ബഡ്ജറ്റ്**

കർഷകർ നാളുകളായി ആവശ്യപ്പെടുന്നതാണ് ധനകാര്യ ബഡ്ജറ്റ് റെയിൽവേ ബഡ്ജറ്റ് പോലെ കർഷകർക്കായി കാർഷിക മേഖലയ്ക്കായി ഒരു ബഡ്ജറ്റ്. ഈ ബഡ്ജറ്റിൽ കാർഷിക മേഖലയുടെ വിവിധ വിഷയങ്ങൾ അപഗ്രഥിച്ച് വ്യക്തമായ പരിഹാരങ്ങൾ നിർദ്ദേശിക്കാനും അതുവഴി കർഷകന്റെ വരുമാന വർദ്ധനവിനും മേഖലയുടെ ഉന്നതിക്കും ഉതകും എന്ന് ഇൻഫാം കരുതുന്നു.

**കർഷക പെൻഷൻ കുറഞ്ഞത് Rs.10000/-**

കർഷകനും ഈ രാജ്യത്തെ പൗരനാണ്. അവനും ഉദ്യോഗസ്ഥരുടെ നിലവാരത്തിൽ ജീവിക്കുവാനുള്ള അവകാശമുണ്ട് എന്ന് മാത്രമല്ല അവരനുഭവിക്കുന്ന എല്ലാ ആനുകൂല്യങ്ങളും കർഷകനും അവകാശപ്പെട്ടതാണ്. സർക്കാർ ജീവനക്കാരന്റെ കുറഞ്ഞ വേതനം ഏതാണ്ട് 17500 രൂപയാണ്. ആനുകൂല്യങ്ങൾ പുറമെ. മണ്ണിൽ പണിയെടുക്കുന്നതുകൊണ്ടും സംഘടിതനല്ലാത്തതുകൊണ്ടും നികുതി കൃത്യമായി നല്കുന്നതുകൊണ്ടും കർഷക പെൻഷൻ നാമമാത്രമായി നൽകുന്നത് വിവേചനമാണ്. നാലുചക്ര വാഹനമുണ്ട് എന്ന കാരണത്താൽ വില്ലേജ് ഓഫീസിൽനിന്നും വരുമാന സർട്ടിഫിക്കറ്റ് നൽകില്ല. എന്നാൽ ഒരു ലക്ഷം പെൻഷൻ ലഭിക്കുന്ന ഐ.എ.എസ്. ഓഫീസർക്ക് മുപ്പത് ലക്ഷത്തിന്റെ വണ്ടിയുണ്ടെങ്കിലും രണ്ട് ലക്ഷം ശമ്പളം വാങ്ങുന്ന മക്കളുണ്ടെങ്കിലും ഐ.എ. എസ്. കാരന്റെ പെൻഷൻ യാതൊരു കുറവുമില്ല. ഇതെന്തു നീതി. രാജ്യത്ത് എത്ര തരം പൗരന്മാരുണ്ട്.

**കർഷകന്റെ രണ്ട് ലക്ഷം വരെയുള്ള കടം എഴുതിത്തള്ളണം**

കർഷകർ ബാങ്കുകളിൽനിന്നും സഹകരണ സംഘങ്ങളിൽനിന്നും എടുത്തിട്ടുള്ള രണ്ട് ലക്ഷം രൂപയുടെ കടം എഴുതിത്തള്ളണം. മറിച്ച് കാർഷിക കടമല്ല എഴുതിത്തള്ളേണ്ടത് എന്ന് ഇൻഫാം അടിവരയിട്ടു ആവശ്യപ്പെടുന്നു. കാരണം ഇന്ന് കാർഷികലോൺ എടുത്തിട്ടുള്ളത് 90% കർഷകരല്ല. ബാങ്കുകളിൽ വിവരാവകാശപ്രകാരം ആവശ്യപ്പെട്ടാൽ ലഭിക്കുന്ന വിവരങ്ങൾ ഞെട്ടിക്കുന്നതായിരിക്കും കുറഞ്ഞ പലിശയ്ക്ക് ലഭിക്കുന്ന കാർഷിക വായ്പകൾ മുഴുവനും തരപ്പെടുത്തി കൂടുതൽ പലിശയ്ക്ക് നൽകി കൊള്ള ലാഭമെടുക്കുന്നവർ സമ്പന്ന വർഗ്ഗങ്ങളും ഉദ്യോഗസ്ഥവൃന്ദങ്ങളുമാണ്. ഈ അനീതിക്ക് പരിഹാരമുണ്ടാവണം.

**സൗജന്യ ഇൻഷുറൻസ് പരിരക്ഷ എല്ലാ കർഷർക്കും**

ഇന്ന് രോഗ ചികിത്സ താങ്ങാവുന്നതിനുമപ്പുറമാണ് വികസിത രാജ്യങ്ങളിലെല്ലാം രാജ്യത്തെ ജനങ്ങളുടെ ആരോഗ്യ പരിരക്ഷ സർക്കാരിന്റെ ഉത്തര

വാദിത്വമാണ്. ഇപ്പോഴത്തെ ചികിത്സ ചിലവുകൾ അതിഭീകരമായി വർദ്ധിക്കുകയാണ്. ഇത് തുച്ഛവരുമാനക്കാരായ സാധാരണ കർഷകർക്ക് താങ്ങാൻ കഴിയുന്നതിനപ്പുറമാണ്. അതുകൊണ്ടു ആ ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കണം.

**RPIS സ്കീം**

റബർവില സ്ഥിരതാപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ നൽകുന്ന 150 രൂപയുടെ സ്കീം റബ്ബർ കർഷകർ അംഗീകരിക്കുന്നു. അത് കർഷകന്റെ ദുരിതത്തിന് ചെറിയൊരളവ് പരിഹാരവുമാണ്. പക്ഷെ റബ്ബർ ബോർഡന്റെ കണക്കുപ്രകാരം ഉത്പാദനച്ചിലവ് 180 രൂപ ആയിരിക്കുകയും അതിന്റെ 50% അതായത് 90 രൂപ കൂടി ചേർത്ത് 270 രൂപ കിട്ടിയാൽ മാത്രമേ റബ്ബർ ആദായകരമായ കൃഷി ആവുകയുള്ളൂ. അപ്പോൾ 100 രൂപ എങ്കിലും കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു കിലോ റബ്ബറിനു നൽകേണ്ടതാണ്. റബ്ബർ മേഖലയിൽനിന്നും കേന്ദ്രം പിരിച്ചെടുത്ത റബ്ബർ സെസ്, ജി.എസ്.ടി. എന്നിവയിൽ മതിയായ ഫണ്ട് ഉണ്ട് താനും. ആ ഫണ്ട് ഉപയോഗിച്ച് റബർ കർഷകർക്ക് ഒരു സാമ്പത്തിക ആശ്വാസം നൽകണമെന്ന് ഇൻഫാം ആവശ്യപ്പെടുന്നു.

**മിനിമം സപ്പോർട് പ്രൈസ്**

എല്ലാ വിളകൾക്കും ഉത്പാദനചിലവിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ വില പ്രഖ്യാപിക്കുവാൻ സർക്കാർ ബാധ്യസ്ഥരാണ്. എന്നാൽ പല വിളകൾക്കും ഇത് ചെയ്തിട്ടില്ല. എല്ലാ വിളകൾക്കും തറവില പ്രഖ്യാപിക്കുകയും അത് കർഷകർക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. ഇല്ലായെങ്കിൽ നിയമനടപടികൾ എടുക്കുകയും ചെയ്യണം.

**വളം സബ്സിഡി പുനഃസ്ഥാപിക്കണം**

രാസവളത്തിന്റെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. അമിത വിലയ്ക്ക് രാസവളം വാങ്ങി ലാഭകരമായി കൃഷി ചെയ്യുക അസാദ്ധ്യമാണ്. അതുകൊണ്ടു മുൻപുണ്ടായിരുന്നതുപോലെ രാസവളത്തിന് സബ്സിഡി അനുവദിക്കണം.

**ഓർഗാനിക് ഫാമിംഗ്**

ജൈവകൃഷിയിൽ വലിയ മുന്നേറ്റം നടക്കുന്ന ഈ കാലത്ത് ജൈവകൃഷിക്ക് മുൻതൂക്കം നൽകുന്ന ഒരു കാർഷിക മുന്നേറ്റം കൃഷി വകുപ്പിൽനിന്നും ഉണ്ടാവണം. പ്രത്യേകിച്ചും പച്ചക്കറി കൃഷിയിൽ വിഷം കലർന്ന പച്ചക്കറി അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്നത് ചെക്ക് പോസ്റ്റിൽ തന്നെ കണ്ടുപിടിക്കാനുള്ള സൗകര്യം ഒരുക്കണം. വിഷലിപ്തമായ പച്ചക്കറി മനുഷ്യന്റെ ആരോഗ്യത്തെ കാർന്നു തിന്നുന്നതാണ്. മാത്രമല്ല മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രികളുടെ ബാഹുല്യത്തിനും കാരണമാകുന്നു.

**റബർ തടിവെട്ട്**

റബർ കർഷകരെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന ഒന്നാണ് റബർ തടിവെട്ടു മേഖലയിൽ നടമാടുന്ന അരാജകത്വം. തടിവെട്ടു കൂലി കാലബന്ധിതമല്ലാതെ തൊഴിലാളി നേതാക്കളുടെ താല്പര്യപ്രകാരം വർദ്ധിപ്പിക്കുന്ന നടപടി അങ്ങേയറ്റം അപലപനീയമാണ്. കൂലി വർദ്ധിപ്പിക്കുമ്പോൾ റബർ കർഷകരുടെ താല്പര്യംകൂടി കണക്കിലെടുത്ത് അവരെക്കൂടി ഉൾപ്പെടുത്തി ചർച്ച നടത്തി

വേണം കൂലി നിശ്ചയിക്കുവാൻ. റബർ പാൽ കർഷകനും തടിവ്യാപാരിക്കും തൊഴിലാളിക്കും എന്ന രീതിയിലേയ്ക്കുമാണ് കാര്യങ്ങൾ പോകുന്നത്. കർഷകർ വലിയ പ്രതീക്ഷ അർപ്പിക്കുന്നത് ഒരുമിച്ചു കിട്ടുന്ന തടിവിലയാണ്. അവന്റെ കുടുംബത്തിന്റെ പ്രധാന ചിലവുകൾക്കായാണ് ഈ തുകയെ കാണുന്നത്.

മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം കർഷകന്റെ ദൈനംദിന ജീവിതത്തിൽ വരുത്തുന്ന മാറ്റങ്ങളുടെ വെളിച്ചത്തിൽ വേണം ഭരണകർത്താക്കൾ കാണുവാൻ. മണ്ണിൽ പണിയെടുക്കുന്ന കർഷകനും ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥരെപ്പോലെ മാന്യമായി ജീവിക്കാനുള്ള അവകാശം ഈ രാജ്യത്ത് ഉണ്ടാവണം. അതിനായി ഇൻഫാം ഈ അവകാശം പ്രഖ്യാപനം നടത്തുകയാണ്.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)

## *The Acts of Thomas*: A Theological Source for St. Thomas Christians

Author: **Fr. James Puliurumpil**
Publications: OIRSI, Kottayam
Pages: 272
Prize: 300/-

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആദ്യനൂറ്റാണ്ടുകളിലെ വിശ്വാസജീവിതവും ആരാധനാക്രമവും ദൈവശാസ്ത്രവും വ്യക്തമാക്കുന്ന ഒരു ഗ്രന്ഥം. മാർതോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വം സാക്ഷ്യപ്പെടുത്തുന്ന, മൂന്നാം നൂറ്റാണ്ടിൽ സുറിയാനിയിൽ എഴുതപ്പെട്ട 'തോമായുടെ നടപടികൾ' എന്ന ഗ്രന്ഥത്തെ ആസ്പദമാക്കിയുള്ള ഒരു പഠനമാണിത്. സീറോമലബാർ സഭയുടെ തനതായ ദൈവശാസ്ത്രം രൂപപ്പെടുത്താൻ ഈ ഗ്രന്ഥം സഹായകമാകും. സൺഡേ സ്കൂൾ അധ്യാപകരും വിവിധ സംഘടനാഭാരവാഹികളും ഈ പുസ്തകം വായിച്ച് പഠനവിധേയമാക്കുന്നത് നന്നായിരിക്കും. പാലാ സെന്റ് തോമസ് ബുക്ക് സ്റ്റാളിലും വടവാതൂർ സെമിനാരി ബുക്ക് സ്റ്റാളിലും പുസ്തകം ലഭ്യമാണ്.




# ആദരാഞ്ജലികൾ



## റവ. ഫാ. മാത്യു ശൗര്യാംകുഴി

പാലാ കത്തീഡ്രൽ ഇടവകയിൽ ശൗര്യാംകുഴി തറവാട്ടിൽ ചാക്കോ-മറിയം ദമ്പതികളുടെ മകനായി 1930 ഡിസംബർ 15-ന് ബഹുമാനപ്പെട്ട മാത്യു അച്ചൻ ഭൂജാതനായി. ഒരു സഹോദരനും രണ്ട് പെങ്ങമ്മാരുമുള്ള അച്ചന്റെ ഒരു സഹോദരി എഫ്.സി.സി. സമൂഹത്തിൽ സന്യാസിനിയാണ്. ജനിച്ച് ദിവസങ്ങൾക്കുശേഷം ഫാ. മാത്യു കദളിക്കാട്ടിൽ അച്ചനിൽനിന്നും മാമ്മോദീസ സ്വീകരിച്ച അദ്ദേഹം തൈലാഭിഷേകം സ്വീകരിച്ചത് 28.01.1940 ൽ കിഴപറയാറിൽ വച്ച് മാർ ജെയിംസ് കാളാശ്ശേരി പിതാവിൽ നിന്നാണ്.

കണ്ണാടിയുറുമ്പ് എൽ.പി. സ്കൂൾ, സെന്റ് തോമസ് ഹൈസ്കൂൾ പാലാ എന്നിവിടങ്ങളിലായി വിദ്യാഭ്യാസം നടത്തിയ അച്ചൻ ചങ്ങനാശ്ശേരി പാറേൽ സെന്റ് തോമസ് പെറ്റി സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിൽ വൈദികപഠനം പൂർത്തിയാക്കി 1957 മാർച്ച് 16-ാം തീയതി ആലുവ സെമിനാരി ചാപ്പലിൽ വച്ച് മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നും പുരോഹിതപട്ടം സ്വീകരിച്ച അച്ചൻ തീക്കോയി പള്ളിയിൽ അസി. വികാരിയായി വൈദിക ശുശ്രൂഷ ആരംഭിച്ചശേഷം കുറവിലങ്ങാട് പള്ളിയിൽ പ്രസ്തുത സേവനത്തിന് നിയമിതനായി.

1958 ഒക്ടോബർ 12-ാം തീയതി അയ്യമ്പാറ ഇടവകയിലേക്കാണ് അച്ചനെ ആദ്യം വികാരിയായി നിയമിച്ചത്. അവിടെ രണ്ട് വർഷത്തെ സേവനത്തിനു ശേഷം ചിറ്റാർ പള്ളിയിലും പിന്നീട് 1961-68 കാലയളവിൽ അമ്പാറനിരപ്പേൽ ഇടവകയിലും വികാരിക്കടുത്ത ശുശ്രൂഷ ചെയ്തു. 1968 മുതൽ 1973 വരെ അന്ത്യാളം ഇടവകയിലും 1973-1982 വരെ വടകര പള്ളിയിലും തുടർന്ന് മരങ്ങാട്ടുപിള്ളി (1982-88), മലപ്പുറം (1988-89), പ്രവിത്താനം (1989-95), തുടങ്ങനാട് (1995-2000) എന്നീ ഇടവകകളിലും സേവനമനുഷ്ഠിച്ചു. പ്രസ്തുത ഇടവകകളിലെല്ലാം അദ്ദേഹം നടത്തിയ സംഘടനാപ്രവർത്തനങ്ങളും നിർമ്മാണപ്രവർത്ത

നങ്ങളും അവിസ്മരണീയമാണ്. ഇടവക സേവനത്തിനുശേഷം 2000-2006 വരെ നെല്ലിയാനി ആരാധനാമഠത്തിൽ ചാപ്ലെയിനായി ശുശ്രൂഷ ചെയ്തു. 2006-ൽ വൈദികവൃത്തിയിൽനിന്നും വിരമിച്ച്, 2008 വരെ കുമ്മണ്ണൂർ വൈദികമന്ദിരത്തിലും, അതിനുശേഷം പാലാ മാർ അപ്രേം വൈദികമന്ദിരത്തിലും വിശ്രമജീവിതം നയിച്ച അച്ചൻ 2018 ഡിസംബർ 29-ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

ഡിസംബർ 31-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷകൾ ഭവനത്തിൽ ആരംഭച്ച് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെയും മാർ ജേക്കബ് മുരിക്കൻ പിതാവന്റെയും മാർ ജോസഫ് സ്രാമ്പിക്കൽ പിതാവിന്റെയും മുഖ്യകാർമ്മികത്വത്തിൽ പാലാക്കാട് പള്ളിയിൽ മൃതദേഹം സംസ്കരിച്ചു.

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. മാത്യു ശൗര്യാംകുഴി അച്ചന്റെ പാവനസ്മരണയ്ക്കു മുമ്പിൽ നമുക്കു ശിരസ്സു നമിക്കാം. ബഹു. അച്ചൻ തിരുസഭയ്ക്കും സമൂഹത്തിനും നല്കിയ ശുശ്രൂഷകൾക്ക് ദൈവതിരുമുമ്പാകെ നന്ദി അർപ്പിക്കുകയും പിതാവായ ദൈവം തന്റെ വലതുഭാഗത്ത് അച്ചനെ നിർത്തട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യാം. കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും ആത്മാർത്ഥമായ അനുശോചനം അറിയിക്കുന്നു.

എ.ഡി.സി.പി അംഗങ്ങൾ എല്ലാവരും ബഹുമാനപ്പെട്ട മാത്യു അച്ചനുവേണ്ടി ഒരു വി. കുർബാന അർപ്പിക്കേണ്ടതാണ്.

## റവ. ഫാ. സെബാസ്റ്റ്യൻ തുടിയംപ്ലാക്കൽ



പുരാതനമായ തുടിയംപ്ലാക്കൽ കുടുംബത്തിൽ, സ്കറിയ-മറിയം ദമ്പതികളുടെ മകനായി 1932 ഫെബ്രുവരി 28-ന് ജനിച്ച സെബാസ്റ്റ്യനച്ചന് രണ്ട് സഹോദരന്മാരാണ് ഉള്ളത്. കവീക്കുന്ന് സെന്റ് എഫ്രേംസ് എൽ.പി.എസ്., കുറുമണ്ണ് സെന്റ് ജോൺസ് യു.പി.എസ്., പാലാ സെന്റ് തോമസ് ഹൈസ്കൂൾ, മൂന്നിലവ് സെന്റ് പോൾസ് എന്നിവിടങ്ങളിൽനിന്നും പ്രാഥമിക വിദ്യാഭ്യാസം നേടിയശേഷം അദ്ദേഹം പാലാ സെന്റ് തോമസ് കോളേജിൽ ചേർന്ന് ഇന്റർമീഡിയേറ്റ് പൂർത്തിയാക്കുകയും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽനിന്നും ഫിസിക്സിൽ ബിരുദം കരസ്ഥമാക്കുകയും ചെയ്തു.

വിദ്യാഭ്യാസം നേടിയ ശേഷം തന്റെ ജീവിതദൗത്യം തിരിച്ചറിഞ്ഞ് കർത്താവിന്റെ പന്ഥാവിൽ യാത്ര ചെയ്യാൻ തീരുമാനിച്ചുറച്ച അച്ചൻ 1954ൽ പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേരുകയും മംഗലപ്പുഴ സെമിനാരിയിൽ തന്റെ വൈദിക പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 1963 മാർച്ച് 12-ന് ആലുവ സെമിനാരി ചാപ്പലിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നും ഡീക്കൻ സെബാസ്റ്റ്യൻ, പൗരോഹിത്യം സ്വീകരിച്ചു. ളാലം പഴയ പള്ളിയിൽ സഹവികാരിയായി തന്റെ പൗരോഹിത്യയാത്ര തുടങ്ങിയ അച്ചൻ 1964 മുതൽ 1966 വരെ ഭരണങ്ങാനത്ത് ശുശ്രൂഷ ചെയ്തു. 1966-68

കാലയളവിൽ കാളികാവ് പള്ളിയിലും 1969 ജനുവരി മുതൽ മെയ് വരെ മുണ്ടാങ്കൽ പള്ളിയിലും, 1969 മുതൽ 1974 വരെ എലിവാലി പള്ളിയിലും വികാരിയായി സേവനം ചെയ്ത അച്ചന് ഇതിനിടയിൽ രണ്ട് തവണ പലവിധ രോഗകാരണങ്ങളാൽ തന്റെ പൗരോഹിത്യ ശുശ്രൂഷകളിൽനിന്നും താത്കാലികമായി വിട്ടു നിൽക്കേണ്ടിവന്നു. തന്റെ ആരോഗ്യ പ്രശ്നങ്ങളെയെല്ലാം അതിജീവിച്ച് മടങ്ങിയെത്തിയ അച്ചൻ തന്റെ സേവന മേഖലകളിൽ വീണ്ടും സജീവമാവുകയും തുടർന്ന് 1975-78 കാലഘട്ടത്തിൽ തിടനാട്, പിന്നീട് കിഴപറയാർ (1978-1981), മഞ്ഞാമറ്റം (1981-1984), പാലക്കാട്ടുമല (1984-1987), ചെമ്പിളാവ് (1987-1994) എന്നീ ഇടവകകളിൽ വികാരിയായും 1994 മുതൽ 1998 വരെ പുലിയന്നൂർ കലാനിലയത്തിൽ ചാപ്ലെയിനായും ശുശ്രൂഷ ചെയ്തു. 1998 ജനുവരി 18-ന് റിട്ടയർ ചെയ്ത് 2008 വരെ കുമ്മണ്ണൂർ വൈദിക മന്ദിരത്തിലും, ശേഷം പാലാ മാർ അപ്രേം വൈദിക മന്ദിരത്തിലും വിശ്രമജീവിതം നയിച്ച അച്ചൻ 2019 ജനുവരി 20-ന് നിര്യാതനായി.

ജനുവരി 21-ാം തീയതി ഉച്ചകഴിഞ്ഞ് മേരിലാന്റ് തുടിയംപ്ലാക്കൽ ഭവനത്തിൽ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ച് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഇടവക ദേവാലയത്തിൽ സമാപിച്ചു.

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. സെബാസ്റ്റ്യൻ തുടിയംപ്ലാക്കലച്ചന്റെ പാവനസ്മരണയ്ക്കുമുമ്പിൽ നമുക്ക് ശിരസ്സു നമിക്കാം. ബഹുമാനപ്പെട്ട അച്ചൻ തിരുസഭയ്ക്കും സമൂഹത്തിനും നൽകിയ ശുശ്രൂഷകൾക്ക് ദൈവതിരുമുമ്പാകെ നന്ദി അർപ്പിക്കുകയും പിതാവായ ദൈവം തന്റെ വലതുഭാഗത്ത് അച്ചനെ നിർത്തട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യാം. കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും ആത്മാർത്ഥമായ അനുശോചനം അറിയിക്കുന്നു.

എ.ഡി.സി.പി. അംഗങ്ങൾ എല്ലാവരും ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ അച്ചനുവേണ്ടി ഒരു വി. കുർബാന അർപ്പിക്കേണ്ടതാണ്.



## റവ. സി. ലിസ്ജോ മരിയ സി.എം.സി

പാലാ രൂപതാ വലവൂർ ഇടവകയിൽ കുഴികുളം കുടുംബത്തിൽ ജോസഫ്-റോസ ദമ്പതികളുടെ എട്ടുമക്കളിൽ അഞ്ചാമത്തെ മകളായി 1960 ഫെബ്രുവരി 13-ന് സി. ലിസ്ജോ മരിയ ജനിച്ചു. മാമ്മോദീസായിൽ ലൂസി എന്ന പേരു നൽകപ്പെട്ടു. സ്കൂൾ വിദ്യാഭ്യാസം വലവൂർ എൽ.പി. സ്കൂളിലും, ഹൈസ്കൂൾ വിദ്യാഭ്യാസം പാലാ സെന്റ് മേരീസ് സ്കൂളിലുമായിരുന്നു. ഉഴവൂർ സെന്റ് സ്റ്റീഫൻ കോളേജിൽനിന്നും ഡിഗ്രിയും ബാംഗ്ലൂരിൽനിന്നും ബി.എഡും പൂർത്തിയാക്കിയ ലിസമ്മ 1985 ൽ സന്യാസത്തിൽ പ്രവേശിച്ചു. 1988 നവംബർ 17-ന് ആദ്യവ്രതവും 1994 മെയ് 12-ന് നിത്യവ്രതവും

അനുഷ്ഠിച്ചു. 2013-ൽ വ്രതാനുഷ്ഠാനത്തിന്റെ സിൽവർ ജൂബിലിയും ആഘോഷിച്ചു.

സി. ലിസ്ജോ മരിയായുടെ ഭൗമികജീവിതം ആഴമായ പ്രാർത്ഥനാജീവിതത്തിന്റെയും സഹോദരസ്നേഹത്തിന്റെയും അടിത്തറയിൽ പണിയപ്പെട്ടതായിരുന്നു. രാമപുരം, വിളക്കുമാടം, കുറവിലങ്ങാട്, കുറവിലങ്ങാട് ബാലഭവൻ, മുത്തോലി, പ്ലാശനാൽ, മുട്ടുചിറ എന്നിവയായിരുന്നു സിസ്റ്ററിന്റെ സേവന രംഗങ്ങൾ. ഈ സ്ഥലങ്ങളിലെല്ലാം ആദർശപൂർണ്ണവും ലളിതവും ത്യാഗപൂർണ്ണവുമായ ജീവിതത്തിലൂടെ നന്മയുടെ സുകൃതങ്ങൾ വിതറുവാൻ സിസ്റ്ററിന് സാധിച്ചു. 27 വർഷത്തെ അധ്യാപനജീവിതത്തിന്റെ അവസാനത്തെ 3 വർഷം മുട്ടുചിറ സെന്റ് ആഗ്നസ് ഹൈസ്കൂളിൽ പ്രഥമാധ്യാപികയായി തന്റെ സേവനം കാഴ്ചവച്ചു. ഒപ്പം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഏവരുടെയും മനസ്സിൽ എന്നും ഓർമ്മിക്കുന്ന ഒരമ്മയാകുവാൻ സിസ്റ്ററിനു സാധിച്ചു. താനിടപെടുന്ന സകലരുടേയും ഹൃദയത്തെ സ്വാധീനിക്കുവാൻ പോരുന്ന ആത്മാർത്ഥത നിറഞ്ഞ ജീവിതശൈലിക്ക് ഉടമയായ സി. ലിസ്ജോ മരിയായ്ക്ക് നിരവധി സമർപ്പിതരേയും വൈദികരേയും സഭയ്ക്ക് പ്രദാനം ചെയ്യാൻ സാധിച്ചിട്ടുണ്ട്.

പ്രാർത്ഥനയും പ്രവർത്തനവും ഒരുമിപ്പിച്ച് കൃപ നിറഞ്ഞ ജീവിതത്തിന് ഉടമയായ സി. ലിസ്ജോ മരിയ കുറവിലങ്ങാട് ഹോസ്റ്റൽ വാർഡനായും, കാർമ്മൽ ഭവനിൽ സുപ്പീരിയറായും, മുത്തോലിയിൽ ജൂണിയർ മിസ്ട്രസായും തന്റെ സേവനരംഗങ്ങൾ ശ്രേഷ്ഠമാക്കുകയുണ്ടായി. 2015 മുതൽ പ്രൊവിൻഷ്യൽ കൗൺസിലറായി ഭാരിച്ച ഉത്തരവാദിത്വം നിർവ്വഹിക്കവെ ക്യാൻസർ രോഗബാധിതയായി എന്നു തിരിച്ചറിഞ്ഞുവെങ്കിലും തളരാതെ തന്റെ കർമ്മശേഷി മുഴുവനും സഭാംഗങ്ങളുടെ ഉന്നതിക്കായി പൂർണ്ണമായി നൽകികൊണ്ട് തന്റെ ദൗത്യം 2018 ഡിസംബർ 10 വരെ ധീരതയോടെ പൂർത്തിയാക്കി.

തന്റെ കർമ്മനിരതയായ ജീവിതത്തിന്റെ അന്ത്യനാളുകൾ വിശ്വസ്തമായ ഉത്തരവാദിത്വനിർവ്വഹണത്തിന്റെയും സമചിത്തതയോടെയുള്ള സഹനത്തിന്റെയും ദൈവാശ്രയത്വത്തിലുള്ള വിട്ടുകൊടുക്കലിന്റെയും തികഞ്ഞ പ്രകാശനം തന്നെയായിരുന്നു. തന്റെ ദിവ്യമണവാളന്റെ അടുക്കലേക്ക് പോകാൻ സമയമായി എന്നറിഞ്ഞപ്പോഴും സഹപ്രവർത്തകർക്കും തന്നെ സമീപിക്കുന്നവർക്കും ആനന്ദം പകർന്നു നൽകുവാൻ ആ ധന്യജീവിതത്തിനു സാധിച്ചു. തന്റെ ഇഷ്ട ഗാനമായ 'ആത്മാവിൽ ആഴങ്ങളിൽ' എന്ന ഗാനത്തിന്റെ ആത്മചൈതന്യം ഹൃദയത്തിൽ ഏറ്റുവാങ്ങി, തന്റെ അധരങ്ങളിലൂടെ യേശുനാമത്തെ ഉറക്കെ ഉദ്ഘോഷിക്കുവാനും കർമ്മലപുത്രി എന്ന ഭാവം ഉൾകൊണ്ട് 'അമ്മേ' എന്നു വിളിച്ച് സ്വർഗ്ഗീയവസതിയെ പുൽകുവാനും അന്തിമനിമിഷങ്ങളിൽ സി. ലിസ്ജോയ്ക്ക് സാധിച്ചു. ഡിസംബർ 11-ന് വൈകുന്നേരം പാലാ കാർമ്മൽ ഹോസ്പിറ്റലിൽ അഡ്മിറ്റായ സിസ്റ്ററിന് രോഗം വർദ്ധിച്ചതിനെ തുടർന്ന് 2018 ഡിസംബർ 15-ന് റവ.ഫാ. അലക്സാണ്ടർ ഓലിക്കലച്ചനിൽനിന്നും രോഗീലേപനം സ്വീകരിച്ചു.

ഡിസംബർ 22 വെളുപ്പിന് സമൂഹാംഗങ്ങളുടെ പ്രാർത്ഥനാമദ്ധ്യേ സി. ലിസ്ജോ മരിയ തന്റെ പാവനാത്മാവിനെ ശാന്തമായി ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു. 2018 ഡിസംബർ 23 ന് ഉച്ചയ്ക്ക് 2 ന് റവ.ഫാ. ജോസഫ് വള്ളോം പുരയിടം, റവ.ഫാ. ജോൺ മറ്റമുണ്ടയിൽ, റവ.ഫാ. ബിജു മഠത്തിക്കുന്നേൽ, റവ.ഫാ. ബിനോയി പുരയിടത്തിൽ എന്നിവരുടെ സമൂഹബലിക്കുശേഷം ബഹുമാനപ്പെട്ട വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം മുട്ടുചിറ ഫൊറോനപള്ളിയിൽ സംസ്കരിച്ചു. അനേകം വൈദികരും, സിസ്റ്റേഴ്സും, വീട്ടുകാരും, സുഹൃത്തുക്കളും ഇടവകജനങ്ങളും സംസ്കാരകർമ്മത്തിൽ സംബന്ധിച്ചു.



## റവ. സി. ജെസ്സി ജോർജ്ജ് കടൂപ്പാറയിൽ DST

പാലാ രൂപത മലയിഞ്ചിപ്പാറ ഇടവകയിൽ ദൈവവിളികളാൽ സമ്പന്നമായ കടൂപ്പാറയിൽ കുടുംബത്തിൽ ജോർജ്-ബ്രിജിറ്റ് ദമ്പതികളുടെ 9 മക്കളിൽ ഏഴാമത്തെ മകളായി 1968 ജൂലൈ 23-ന് സി. ജെസ്സി ജനിച്ചു. വി. മാമ്മോദീസായിലൂടെ ബ്രിജിറ്റ് എന്ന നാമം സ്വീകരിച്ചു. ക്രിസ്തുനാഥന്റെ വിളഭൂമിയിൽ തന്റെ ജീവിതം സമർപ്പിക്കണമെന്ന് ദൈവികപ്രേരണ ഉള്ളിലുണ്ടായപ്പോൾ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം തന്റെ ജ്യേഷ്ഠ സഹോദരിമാരുടെ പാത പിന്തുടർന്ന് 1987 ജൂൺ 6-ാം തീയതി ഡി.എസ്.റ്റിയിൽ ചേർന്നു. എന്നും ദൈവത്തിന്റെ സാന്നിധ്യം ഹൃദയത്തിൽ കൊണ്ടുനടന്നിരുന്ന സിസ്റ്റർ തന്റെ പരിശീലനഘട്ടങ്ങൾ പൂർത്തിയാക്കി 1990 ഏപ്രിൽ 23-ന് ആദ്യവ്രതവാഗ്ദാനവും 1996 ഏപ്രിൽ 20-ന് നിത്യവ്രതവാഗ്ദാനവും നടത്തി.

ഡി.എസ്.റ്റി. യുടെ ഭവനങ്ങളായ ഒലിപ്പാറ, സാംഗ്ലി, പാലാ, പൈതല, ഇളംതോട്ടം, കുറിച്ചിത്താനം, അരുവിത്തുറ എന്നിവിടങ്ങളിലായിരുന്ന നാളുകൾ തന്റെ വഴികളിലുടനീളം ദൈവത്തോട് ചേർന്നുനിന്നുകൊണ്ട് സി. ജെസ്സി അദ്ധ്വാനിച്ചു. സിസ്റ്ററിന്റെ പ്രേഷിതപ്രവർത്തനം പ്രധാനമായും കേന്ദ്രീകരിച്ചിരുന്നത് അധ്യാപനത്തിലായിരുന്നു. സെന്റ് തോമസ് യു.പി സ്കൂൾ കയറാടി, ചാവറ പബ്ലിക് സ്കൂൾ, പാലാ, കോൾപിംഗ് സ്കൂൾ മക്സി, സെന്റ് എഫ്രേംസ് യു.പി. സ്കൂൾ കവീക്കുന്ന്, സെന്റ് ജോസഫ്സ് ജി.എച്ച്.എസ്. മഞ്ഞാമറ്റം, എസ്.എച്ച്.ജി.എച്ച്.എസ്. രാമപുരം, സെന്റ് മേരീസ് എച്ച്.എസ്.എസ്. അറക്കുളം, സെന്റ് മേരീസ് എച്ച്.എസ്. തീക്കോയി എന്നീ വിദ്യാലയങ്ങളിലെ ശുശ്രൂഷയിലൂടെ, വിജ്ഞാനത്തിന്റെ കൈത്തിരി തെളിയിച്ചുകൊടുത്ത് അനേകായിരം കുഞ്ഞുങ്ങളെ നന്മയുടെ പാതയിലേയ്ക്ക് നയിച്ചു. ദൈവം സമ്മാനമായി നൽകിയ തന്റെ രോഗാവസ്ഥയെ സന്തോഷപൂർവ്വം സ്വീകരിച്ചുകൊണ്ട് ചികിത്സയ്ക്കും വിശ്രമത്തിനുമായി മാറിയ 2015 വരെയുള്ള കാലഘട്ടങ്ങളത്രയും വിജ്ഞാനത്തിന്റെ കൈത്തിരി തെളിയിച്ചുകൊടുത്ത് അനേകായിരം കുഞ്ഞുങ്ങളെ നന്മയുടെ പാതയിലേക്ക് നയിക്കാൻ സി. ജെസ്സി കടൂപ്പാറയ്ക്ക് സാധിച്ചു.

വിളിച്ചനുഗ്രഹിച്ചവനോട് വിശ്വസ്തത പുലർത്തി, ശുശ്രൂഷയിലൂടെ ദൈവ സ്നേഹത്തിന്റെ പൂർണ്ണതയിലേയ്ക്ക് നടന്നടുത്ത് സമർപ്പണത്തിന്റെ 28 വർഷ ക്കാലം കർത്താവിന്റെ മുന്തിരിത്തോപ്പിൽ കൃതജ്ഞതയോടെ വേല ചെയ്ത സി. ജെസ്സി തന്റെ ജീവിതയാത്രയിലെ സൗഹൃദ വഴികളിൽ കണ്ടുമുട്ടിയവരുടെ മന സ്സറിഞ്ഞ്, മനസ്സുവായിച്ച്, അവരുടെ ജീവിതങ്ങൾക്ക് കൂടുതൽ തിളക്കം നൽകി. രോഗങ്ങൾ തന്റെ ജീവിതത്തെ ദുർബലപ്പെടുത്തിയപ്പോഴും ആത്മീയ വഴികളി ലൂടെ മുന്നേറി ദൈവത്തെ മഹത്വപ്പെടുത്തി. അനുദിനമുള്ള ദിവ്യകാരുണ്യസ്വീ കരണത്തിലൂടെ ദൈവഹിതത്തിന് വിധേയപ്പെടുവാനുള്ള ശക്തി സംഭരിച്ചു. നിരന്തരമായ ജപമാലയർപ്പണത്തിലൂടെ പരിശുദ്ധ അമ്മയോട് ചേർന്നുനിന്ന് ആശ്വാസം പ്രാപിച്ചു. സഹനങ്ങൾ ശുദ്ധീകരിച്ച ഈ ജീവിതം 2018 ഡിസംബർ 29-ാം തീയതി അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് പരിപൂർണ്ണ ഒരുക്കത്തോടെ സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിൽ ഇടം കണ്ടെത്തി.

കർത്താവാണ് എന്റെ ഇടയൻ, എനിക്കൊന്നിനും കുറവുണ്ടാവുകയില്ല. എന്ന സങ്കീർത്തകവചനം നിരന്തരം ഉരുവിട്ടുകൊണ്ടിരുന്ന സി. ജെസ്സിയുടെ ആത്മാവിനെ ദിവ്യനാഥൻ മഹത്വത്തിന്റെ കിരീടം അണിയക്കട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.



## റവ.സി. ഫെലിക്സ് എഫ്.സി.സി.

പാലാ രൂപത മേരിലാന്റ് ഇടവക, കാഞ്ഞിരത്തുങ്കൽ ഫ്രാൻസിസ് ത്രേസ്യാമ്മ ദമ്പതികളുടെ 6 മക്കളിൽ മൂത്തപു ത്രിയായി 1938 മെയ് 30ന് പെണ്ണമ്മ ഭൂജാതയായി. മാമ്മോദീ സായിൽ ഫെലിക്സ് എന്ന പേര് നൽകി. പ്രാഥമികവിദ്യാ ഭ്യാസം മേരിലാന്റ് എൽ.പി.സ്കൂളിലും, ഹൈസ്കൂൾ വിദ്യാ ഭ്യാസം പാലാ സെന്റ് മേരീസ് സ്കൂളിലും പൂർത്തിയാക്കിയ ശേഷം 1956-ൽ ചെമ്മലമറ്റം മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1958 മെയ് 24-ാം തീയതി പ്രഥമവ്രതവാഗ്ദാനവും 1961 മെയ് 29-ാം തീയതി നിത്യവ്രതവാ ഗ്ദാനവും നടത്തി. 1961-ൽ മുത്തോലി സെന്റ് ജോസഫ്സ് ട്രെയിനിംഗ് സ്കൂളിൽനിന്ന് റ്റി.റ്റി.സി. പാസ്സായ ഫെലിക്സമ്മ 1961 മുതൽ 1993 വരെ അദ്ധ്യാ പന പ്രേഷിതരംഗത്ത് വിളങ്ങി ശോഭിച്ചിരുന്നു. ളാലം, തീക്കോയി, കലാനില യം പുലിയന്നൂർ, കണ്ണാടിയുറുമ്പ്, ചെമ്മലമറ്റം, മഞ്ഞാമറ്റം എന്നീ സ്കൂളുക ളിൽ അദ്ധ്യാപികയായും, സെന്റ്.മേരീസ് എൽ.പി. സ്കൂളിൽ ഹെഡ്മിസ്ട്ര സ്സായും ശുശ്രൂഷ ചെയ്തു. കുഞ്ഞുങ്ങൾക്ക് അക്ഷരവെളിച്ചത്തോടൊപ്പം ആത്മീയ വെളിച്ചവും പകർന്നു നൽകി, അനേകം കുഞ്ഞുങ്ങളെ ഈശോയ്ക്ക് വേണ്ടി നേടിയെടുക്കുന്നതിൽ അമ്മ അതീവ ഉത്സുകയായിരുന്നു. മുണ്ടുപാലം സൺഡേ സ്കൂളിൽ ഏറെക്കാലം ഹെഡ്മിസ്ട്രസായി സേവനം ചെയ്യുകയും അനേകം കുഞ്ഞുങ്ങളെ ദിവ്യകാരുണ്യ സ്വീകരണത്തിനൊരുക്കുകയും ചെയ്തി രുന്നു. ളാലം, തീക്കോയി, പുലിയന്നൂർ, കണ്ണാടിയുറുമ്പ്, ചെമ്മലമറ്റം, മഞ്ഞാമ റ്റം, സെന്റ്. സേവ്യേഴ്സ്, സാൻജോ, ആശാനിലയം, കൊഴുവനാൽ, സെറാഫിക്

എന്നീ മഠങ്ങളിൽ താമസിച്ച് വിവിധ തരത്തിലുള്ള ശുശ്രൂഷകൾ നിർവ്വഹിച്ചു.

2018 ജൂലൈ 28നുണ്ടായ ഒരു വീഴ്ചയെതുടർന്ന് അമ്മയുടെ ആരോഗ്യനില മോശമായി തുടങ്ങി. മരിയൻ മെഡിക്കൽ സെന്ററിലും, കാരിത്താസിലുമായി വിദഗ്ദ ചികിത്സയും പരിചരണവും നൽകിയെങ്കിലും ആരോഗ്യനില വീണ്ടെടുക്കാൻ സാധിച്ചില്ല. ഇടയ്ക്കിടയ്ക്ക് ബോധം തെളിയുകയും സംസാരിക്കുകയും ചെയ്തിരുന്ന ഫെലിക്സമ്മയ്ക്ക്, 2019 ജനുവരി 13-ാം തീയതി സംസാരശേഷി നഷ്ടപ്പെടുകയും ശ്വാസതടസ്സം അനുഭവപ്പെടുകയും ചെയ്തതിനാൽ മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. 2019 ജനുവരി 16-ാം തീയതി അമ്മയുടെ ആത്മാവ് ദിവ്യനാഥന്റെ സന്നിധിയിലേയ്ക്ക് പറന്നുയർന്നു.

2019 ജനുവരി 17-ാം തീയതി ബഹു. സെബാസ്റ്റ്യൻ അടപ്പശ്ശേരി അച്ചന്റെ പ്രധാനകാർമ്മികത്വത്തിൽ സെറാഫിക് മഠം ചാപ്പലിൽ ദിവ്യബലിയോടെ സംസ്ക്കാര ശുശ്രൂഷകൾ ആരംഭിച്ചു. അരുണാപുരം പള്ളിവികാരി റവ. ഫാ. ജോസഫ് മണ്ണനാലച്ചന്റെ കാർമ്മികത്വത്തിൽ മൃതദേഹം അരുണാപുരം പള്ളിയിലേയ്ക്ക് സംവഹിക്കപ്പെടുകയും പാലാ രൂപത വികാരി ജനറാൾ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനം പള്ളിയിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുകയും അനുശോചനസന്ദേശം നല്കുകയും ചെയ്തു. തുടർന്ന് മൃതദേഹം അരുണാപുരം പള്ളി സെമിത്തേരിയിൽ സംസ്ക്കരിച്ചു. ദിവ്യനാഥൻ തന്റെ വിശ്വസ്ത ദാസിയെ മഹത്വത്തിന്റെ കിരീടം അണിയിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.



ഫെബ്രുവരി 11 രോഗീദിനം
(ലൂർദ് മാതാവിന്റെ തിരുനാൾ)

# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## JANUARY 2019

| | | |
|---|---|---|
| **Dec30** | 05.15 pm | നെല്ലിയാനി പള്ളിയിൽ മോണ്ടളം വെഞ്ചരിക്കുകയും വികാരി റവ.ഫാ. സെബാസ്റ്റ്യൻ മണ്ണൂരിന്റെ ജൂബിലി ആഘോഷം അനുഗ്രഹപ്രഭാഷണം നടത്തി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. |
| | 06.00 pm | ഒരു വിവാഹ ജൂബിലി ആഘോഷത്തിൽ പ്രാർത്ഥിച്ചു. |
| Dec 31 | 09.15 am | കൂടല്ലൂർ പള്ളിയിൽ ഡീക്കൻ ജെയിംസ് പനച്ചിക്കൽ കരോട്ടിന് പൗരോഹിത്യപട്ടം നൽകി. |
| | 02.30 pm | പാലാക്കാടുപള്ളിയിൽ റവ. ഫാ. മാത്യു ശൗര്യാംകുഴിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| **Jan 1** | 09.15 am | മണിയംകുളം പള്ളിയിൽ ഡീക്കൻ ഫ്രാൻസീസ് മാട്ടേലിന് പൗരോഹിത്യപട്ടം നൽകി. |
| 2 | 09.15 am | രാമപുരം ബ്ലസഡ് കുഞ്ഞച്ചൻ കബറിട തീർത്ഥാടന ദൈവാലയത്തിൽ വച്ച് ഡീക്കൻ സ്റ്റീഫൻ തൈരംചേരിലിന് (നോർബർട്ടൈൻ) പൗരോഹിത്യപട്ടം നൽകി. |
| | 02.30 pm | ബിഷപ്പ് ഹൗസിൽ എസ്.എം.വൈ.എം.- കെ.സി.ബി.സി. യുവജനവർഷാചരണത്തിന്റെ സമാപനസമ്മേളനത്തിൽ പങ്കെടുത്ത് പുതിയ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. |
| 3 | 09.15 am | കുറവിലങ്ങാട് പള്ളിയിൽ ഡീക്കന്മാരായ സെബാസ്റ്റ്യൻ ചാമക്കാലായിലിനും ജോൺ കൂറ്റാരപ്പള്ളിക്കും പൗരോഹിത്യപട്ടം നൽകി. |
| 4 | 09.30 am | സന്ദർശകരെ സ്വീകരിച്ചു. |
| | 05.00 pm | ചെമ്പിളാവ് പള്ളിയിൽ നവീകരിച്ച മദ്ബഹ വെഞ്ചരിച്ചു. |

| | | |
|---|---|---|
| 5 | 09.15 am | കുളമാവ് പള്ളിയിൽ ഡീക്കൻ ജോസഫ് കൈതോലിക്ക് പൗരോഹിത്യപട്ടം നൽകി. |
| 6 | 05.00 pm | പാലാ രൂപത ഭദ്രാസന ദൈവാലയത്തിൽ ദനഹ–രാക്കുളിത്തിരുനാളിനോടനുബന്ധിച്ച് തിരുനാൾ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| 7-12 | | കാക്കനാട് സീറോ–മലബാർ സഭാകാര്യാലയത്തിൽ 27–ാം സൂനഹദോസിൽ സംബന്ധിച്ചു. |
| 13 | 02.00 pm | രാമപുരം പള്ളിയുടെ പുതിയ ദൈവാലയത്തിന്റെ കൂദാശകർമ്മത്തിൽ സഹകാർമ്മികത്വം വഹിച്ചു. |
| 14-18 | | കാക്കനനാട് സീറോ–മലബാർ സഭാ കാര്യാലയത്തിൽ സുഹന്നദോസിൽ സംബന്ധിച്ചു. |
| 19 | 04.00 pm | കവീക്കുന്ന് പള്ളിയിൽ ബഹു. തോമസ് മണ്ണൂരാംപറമ്പിലച്ചന്റെ പൗരോഹിത്യസുവർണ്ണജൂബിലിയാഘോഷത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. |
| 20-25 | | ബാംഗ്ലൂർ സെന്റ് ജോൺസിൽ റോമിൽനിന്നുള്ള ദൈവശാസ്ത്രജ്ഞർ പങ്കെടുത്ത ദൈവശാസ്ത്രസമ്മേളനത്തിൽ സംബന്ധിച്ചു. |
| 25 | 04.30 pm | കരൂർ പള്ളിയിൽ റവ.ഫാ. ജോൺസ് കൊച്ചുപറമ്പിലിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോഷത്തിൽ സന്ദേശം നൽകി. |
| 26 | 09.15 am | രാമപുരം പള്ളിയിൽ ഡീക്കൻ ജോർജ് പൈമ്പിള്ളിക്ക് പൗരോഹിത്യപട്ടം നൽകി. |
| | 11.45 am | ബി.എഡ്. കോളേജ് ഓഡിറ്റോറിയത്തിൽ 'മംഗളവാർത്ത' കൂട്ടായ്മയിൽ അനുഗ്രഹപ്രഭാഷണം നടത്തി. |
| | 02.30 pm | വിശ്വാസപരിശീലന വാർഷികം ഉദ്ഘാടനം ചെയ്തു. |
| | 06.00 pm | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ അർക്കദിയാക്കോൻ ഫൊറോന പള്ളിയിൽ ആർച്ച് ബിഷപ്പിനെ സ്വീകരിക്കുകയും ജപമാല പ്രദക്ഷിണത്തിലും പ്രതിനിധി യോഗത്തിലും സംബന്ധിക്കുകയും ചെയ്തു. |

| | | |
|---|---|---|
| 27 | 10.00 am | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ അർക്കദിയാക്കോൻ ഫൊറോനാ പള്ളിയിൽ സീറോ-മലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് കാർഡിനൽ ആലഞ്ചേരിയുമൊത്ത് വി. കുർബാനയർപ്പിച്ചു. |
| | 05.00 pm | തീക്കോയി ഫൊറോനപള്ളി വികാരി വെരി റവ.ഫാ. ജോസ് കിഴക്കേക്കരയുടെ പൗരോഹിത്യപട്ട സ്വീകരണത്തിന്റെ സുവർണ്ണജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. |
| 28 | 10.30 am | ളാലം സെന്റ് മേരീസ് സ്കൂളിന്റെ വാർഷികാഘോത്തിലും പ്രഥമധ്യാപകരുടെ യാത്രയയപ്പ് സമ്മേളനത്തിലും പങ്കെടുത്തു. |
| | 03.00 pm | ബിഷപ്പ്സ് ഹൗസിൽ പാലാ കാരിത്താസ് വിദ്യാഭ്യാസ സഹായപദ്ധതി വിതരണം ചെയ്തു. |
| | 06.00 pm | ചേർപ്പുങ്കൽ പള്ളി വക കെട്ടിടം വെഞ്ചരിച്ചു. |
| 29 | | കോട്ടയം - വടവാതൂർ പൗരസ്ത്യവിദ്യാപീഠത്തിലും സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലും 'കമ്മീഷൻ വിസിറ്റ്' നടത്തി. |
| 30 | 03.30 pm | ഭരണങ്ങാനം ആശുപത്രി മഠത്തിൽ കപ്പേള വെഞ്ചരിച്ചു. |
| 31 | 07.00 am | മൂഴൂർ പള്ളിയിൽ കൊടിമരം വെഞ്ചരിച്ച് ജൂബിലി പ്രഖ്യാപനത്തോടനുബന്ധിച്ചുള്ള പരി. കുർബാനയർപ്പിച്ചു. |
| | 02.30 pm | രാമപുരം ഹയർ സെക്കണ്ടറി സ്കൂൾ ശതാബ്ദി സമ്മേളനത്തിൽ സംബന്ധിച്ചു. |

# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## JANUARY 2019

| | | |
|---|---|---|
| **Dec.30** | 09.15 am | മൈലക്കൊമ്പ് ഇടവകയിൽ ഡീ. ഷാൻ കുന്നുംപുറം സി.എം.ഐയ്ക്ക് തിരുപ്പട്ടം നൽകി. |
| | 12.30 pm | ഡി.എസ്.ടി. പ്രൊവിൻഷ്യൽ ഹൗസിൽ സി. ജെസ്സി കടുപ്പാറയിലിന്റെ മൃതസംസ്കാരശുശ്രൂഷയിൽ വി. കുർബാനയർപ്പിച്ചു. |
| | 03.00 pm | ഇലഞ്ഞി ഇടവകയിൽ ബഹു. ജെയിംസ് മംഗലത്തിലച്ചന്റെ സിൽവർ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാന മദ്ധ്യേ വചനസന്ദേശം നൽകി. |
| | 04.00 pm | മലപ്പുറം ഇടവകയിൽ ഇടവകദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു. |
| 31 | 09.15 am | തുരുത്തിപ്പള്ളി ഇടവകയിൽ ഡീ. ജോൺ കുഴിത്തൊട്ടിയിൽ എസ്.ഡി.ബി.യ്ക്ക് തിരുപ്പട്ടം നൽകി. |
| | 11.00 am | മാനത്തൂർ ഇടവകയിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| | 01.30 pm | പാലാക്കാട് ഇടവകയിൽ ബഹു. മാത്യു ശൗര്യാംകുഴിയച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് വീട്ടിൽ കാർമ്മികത്വം വഹിക്കുകയും ദേവാലയത്തിലുള്ള ശുശ്രൂഷകളിൽ പങ്കെടുക്കുകയും ചെയ്തു. |
| **Jan1** | 09.15 am | മുട്ടുചിറ ഇടവകയിൽ ഡീ. മാത്യു വാഴേപ്പറമ്പിലിന് (Norbertine) തിരുപ്പട്ടം നൽകി. |
| 2 | 09.15 am | കുരുവിനാൽ ഇടവകയിൽ ഡീ. മാത്യു വളയംപള്ളിലിന് തിരുപ്പട്ടം നൽകി. |
| 3 | 09.15 am | ചെമ്മലമറ്റം ഇടവകയിൽ ഡീ. ജോർജ് പാറയടിയിൽ സി.എസ്.ടി. യ്ക്ക് തിരുപ്പട്ടം നൽകി. |
| | 04.30 pm | ജോസ്ഗിരി ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |

| | | |
|---|---|---|
| 4 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 5 | 10.30 am | ചേർപ്പുങ്കൽ പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 12.00 noon | കൊഴുവനാൽ ഇടവകയിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| | 02.00 pm | ചേർപ്പുങ്കൽ മാർ സ്ലീവാ നേഴ്സിംഗ് കോളേജിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| 06 | 10.00 am | ദനഹാത്തിരുനാളിനോടനുബന്ധിച്ച് കത്തീഡ്രൽ ദേവാലയത്തിൽ നവവൈദികരോടൊരുമിച്ച് റാസ കുർബാനയർപ്പിച്ചു. |
| 7-18 | | കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ സീറോ-മലബാർ സിനഡിൽ പങ്കെടുത്തു. |
| 13 | 2.00 pm | രാമപുരം ഫൊറോന പള്ളിയുടെ കൂദാശകർമ്മത്തിൽ പങ്കെടുത്തു. |
| 19 | 04.00 pm | കുണിഞ്ഞി ഇടവകയിൽ ശതാബ്ദിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 20 | 12.00noon | ളാലം പഴയപള്ളിയിൽ ഒരു ആശീർവാദകർമ്മം നിർവ്വഹിച്ചു. |
| | 03.00 pm | ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 21 | 09.15 am | മാന്നാർ ഇടവകയിൽ ഡീ. ജോൺ പനയ്ക്കൽ എസ്. ജെ. യ്ക്ക് തിരുപ്പട്ടം നൽകി. |
| | 01.00 pm | മേരിലാന്റ് ഇടവകയിൽ ബഹു. സെബാസ്റ്റ്യൻ തുടിയൻപ്ലാക്കൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് വീട്ടിൽ കാർമ്മികത്വം വഹിക്കുകയും തുടർന്ന് ദേവാലയത്തിൽ വി. കുർബാനയിൽ പങ്കെടുക്കുകയും ചെയ്തു. |
| | 04.30 pm | കത്തീഡ്രൽ ദേവാലയത്തിൽ ആശീർവാദകർമ്മം നടത്തി. |
| | 05.30 pm | ഭരണങ്ങാനം ദേവാലയത്തിൽ വിവാഹജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 22 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 24 | 09.00 am | കോതനല്ലൂർ സ്കൂളിൽ ആശീർവ്വാദകർമ്മം നടത്തി. |
| | 10.15 am | കത്തീഡ്രൽ ദേവാലയത്തിൽ ടോമി പുതുമനയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| | 02.00 pm | അൽഫോൻസാ കോളേജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 25 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 04.30 pm | കരൂർ ഇടവകയിൽ ബഹു. കൊച്ചുപറമ്പിലച്ചന്റെ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 26 | 11.00 am | കുറവിലങ്ങാട് ദേവാലയത്തിൽ ഒരു ആശീർവ്വാദ കർമ്മം നടത്തി. |
| | 03.00 pm | ബി.എഡ്. കോളേജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 27 | 06.30 am | അരുവിത്തുറ എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 12.15 pm | വാഴക്കുളം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 02.30 pm | രത്നഗിരി ഇടവകയിൽ എസ്.എം.വൈ.എം.ന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.30 pm | കാഞ്ഞിരത്താനം ഇടവകയിൽ ബഹു. പാളിത്തോട്ടത്തിലച്ചന്റെ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനമദ്ധ്യേ വചനസന്ദേശം നൽകി. |
| 28 | 02.00 pm | കത്തീഡ്രൽ ഇടവകയിൽ കുളത്തറ ജൂലി ടീച്ചറിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 03.00 pm | അൽഫോൻസാ കോളേജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.00 pm | കോട്ടയത്ത് ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 29 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.30 pm | ചേർപ്പുങ്കൽ സ്കൂളിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 30 | 06.15 am | വിവാഹ ഒരുക്ക കോഴ്സിനോടനുബന്ധിച്ച് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വി. കുർബാനയർപ്പിച്ചു. |
| | 10.00 am | കാക്കനാട് വൊക്കേഷൻ കമ്മീഷന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 31 | 04.30 pm | മുണ്ടാങ്കൽ ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |



# Bishop's Engagements

## Mar Joseph Kallarangatt

### FEBRUARY 2019

| | | | |
|---|---|---|---|
| **01** | **Fri** | **10-12 noon** | **Visiting Time** |
| 02 | Sat | 10.00 am | Mundankal : Installation of Relic of St. Antony |
| | | 04.00 pm | Idamattom : Qurbana and Inauguration of 150 Years Celebration |
| 03 | Sun | 04.00 pm | Payyanithottam : Syriac Mass and Silver Jubilee Message |
| 04 | Mon | 10.30 am | Moolamattom : Holy Qurbana and Jubilee |
| | | 06.00 pm | Maryland : Blessing of Parish Hall |
| **05** | **Tue** | **10-12 noon** | **Visiting Time** |
| 5-6 | | | Bishop's Retreat at Mavelikkara |
| 7-8 | | | Engaged |
| 9 | Sat | 11.00 am | Kuravilangadu CMC Convent : Holy Qurbana and 100th Anniversary Celebration |
| | | 06.15 pm | Thirumarady : Blessing of a Chapel |
| 10 | Sun | 07.30 am | Alphonsagiri : Holy Qurbana and Blessing |
| | | 02.00 pm | Kayyoor : A Marriage Ceremony |
| | | 02.30 pm | Pastoral Institute : Anniversary of Bible Apostlate |
| | | 04.00 pm | Kothanalloor : Karshika Award Distribution |

| | | | |
|---|---|---|---|
| 11 | Mon | 05.00 pm | Thudanganad : Blessing of the Parish Hall |
| **12** | **Tue** | **10-12 noon** | **Visiting Time** |
| 13 | Wed | 4.30 pm | Kuravilangadu : (Moonnu nompu) Syriac Qurbana |
| 13,14 | | | Reception to the New Priests of the Eparchy of Palai |
| 14 | Thu | 03.00 pm | Bharananganam : Reception to the Theology Students doing pastoral service in the Eparchy of Palai |
| 15 | Fri | | Kakkanadu : Apex Board Meeting |
| 16 | Sat | 03.00 pm | Choondachery : SJIHMCT Board Meeting |
| 17 | Sun | 05.00 pm | Chemmalamattom : Bible Convention |
| 18 | Mon | 03.00 pm | Kakkanadu : Permanent Synod |
| 19 | Tue | | Thakkala Bishop's House : Inter Eparchial Meeting |
| 20 | Wed | | Engaged |
| 21 | Thu | 04.00 pm | Monipally : Jubilee Celebration |
| **22** | **Fri** | **10-12 noon** | **Visiting Time** |
| 23 | Sat | 07.00 am | Kallara : Syriac Qurbana |
| 24-March 1 | | | Engaged |
| | | **MARCH 2019** | |
| 2 | Sat | 10.30 am | Mannakanadu : Final Profession (LAR Sisters) |
| | | 03.30 pm | St. Thomas College Auditorium : Meeting of St. Vincent de Paul Society |
| 3 | Sun | 10.00 am | S.H. Generalate Manganam : Vadavathoor: Meeting |



# Auxiliary Bishop's Engagements

## Mar Jacob Muricken

### FEBRUARY 2019

| | | | |
|---|---|---|---|
| 01 | Fri | 06.00 am | Athirampuzha : Holy Qurbana |
| | | 02.00 pm | Carmel Public School :KCSL Meeting |
| | | 04.30 pm | Koothattukulam : Marygiri School Meeting |
| 02 | Sat | 10.15 am | St. Thomas College : Meeting |
| | | 04.00 pm | Palayam : Homily |
| 03 | Sun | 10.30 am | Perichamkutty : Holy Qurbana |
| | | 06.00 pm | Elanji : Parish Day Meeting |
| 04 | Mon | 11.00 am | Kadavanthara : Blessing |
| 05 | Tue | 12.00 pm | Neeloor : Blessing |
| | | 06.00 pm | Mavelikara : Regional Bishop's Retreat |
| 06 | Wed | | Mavelikara : Regional Bishop's Retreat |
| 07 | Thu | 10.00 am | St. Thomas College : Meeting |
| 08 | Fri | 10-12.30 pm | Visiting Time |
| | | 03.00 pm | Bishop's House : Meeting |
| 09 | Sat | 11.00 am | Pravithanam : Blessing |
| | | 07.00 pm | Mattathippara : Meeting |
| 11 | Mon | 11.00 am | Sibigiri : Blessing |
| | | 05.00 pm | Kuravilangadu : Holy Qurbana |
| 12 | Tue | 10-12.30 pm | Visiting Time |

| | | | |
|---|---|---|---|
| | | 05.00 pm | Koothattukulam School : Meeting |
| 13 | Wed | 04.00 pm | Chemmalamattom: Holy Qurbana |
| | | 07.00 pm | Bishop's House : New Priests Day |
| 14 | Thu | 06.00 am | Bishop's House : Holy Qurbana with New Priests. |
| | | 02.00 pm | Adichira : Meeting |
| 15 | Fri | 10-12.30 pm | Visiting Time |
| | | 02.00 pm | Lalam St. Mary's School : Meeting |
| 16 | Sat | 11.00 am | Manimala : Blessing |
| | | 03.00 pm | Bishop's House : Meeting |
| 17 | Sun | | Mallikassery : Pastoral Visit |
| 18 | Mon | 03.00 pm | Boy's Town : Holy Qurbana |
| 19 | Tue | 10.00 am | Thuckly: Inter diocesan Meeting |
| 20 | Wed | 06.15 am | Pastoral Institute : Holy Qurbana |
| | | 03.00 pm | Bishop's House : Meeting |
| | | 05.00 pm | Kummanoor : Children's Home |
| 22 | Fri | 10-12.30 pm | Visiting Time |
| 23 | Sat | 11.30 am | Muttuchira : Blessing |
| | | 12.45 pm | Arunapuram : Blessing |
| | | 02.30 pm | Moolamattom : Lamp Lighting Ceremony |
| 24 | Sun | | Engaged |
| 25 | Mon | 06.15 am | CMC Provincial House :Holy Qurbana |
| 26 | Tue | 10-12.30 pm | Visiting Time |
| 27 | Wed | | Engaged |
| 28 | Thu | 03.00 pm | Bishop's House : Meeting |




നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനം
(കാഴ്ചവയ്പ്പ് തിരുനാൾ)

## മായൽത്താ തിരുനാൾ



ഫെബ്രുവരി 8 വെള്ളി (ദനഹാക്കാലം 5-ാം വെള്ളി)

## ഗ്രീക്ക് സഭാപിതാക്കന്മാരുടെ ദുക്റാന

ഫെബ്രുവരി 15 വെള്ളി (ദനഹാക്കാലം 6-ാം വെള്ളി)

## സുറിയാനി സഭാപിതാക്കന്മാരുടെ ദുക്റാന





കെ.സി.വൈ.എം. – എസ്.എം.വൈ.എം. യുവജനവർഷാചരണ സമാപനം







പാലാ സെന്റ് തോമസ്
കോളേജ് ഗ്രൗണ്ടിൽ നടന്ന
ജീസസ് യൂത്ത് കേരളാ കോൺഫറൻസ്





2019
FEBRUARY

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN



സീറോ-മലബാർ സഭയുടെ കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന
27-ാമത് സൂനഹദോസിന്റെ ആദ്യ സെഷനിൽ പങ്കെടുത്ത
അഭിവന്ദ്യ പിതാക്കന്മാർ



ബാംഗ്ലൂർ സെന്റ് ജോൺസിൽ നടന്ന കോൺഗ്രിഗേഷൻ ഫോർ ദ ഡോക്ട്രിൻ ഓഫ് ഫെയ്ത്ത് (റോം) –
സി.ബി.സി.ഐ. ദൈവശാസ്ത്ര കമ്മീഷൻ സംയുക്ത സിമ്പോസിയം

Printed at St. Thomas Press, Palai and Published by Fr. Thomas Thayyil